2022 ഏപ്രിൽ | ലക്കം 04

# സത്യദൂതൻ

വില ₹ 30



## റമദാൻ: ആത്മാവിനെ ശുദ്ധീകരിക്കാനുള്ള അസുലഭ ദിനങ്ങൾ

## റമദാൻ: ചില വസ്തുതകൾ

## റഷ്യയുടെ ഉക്രയ്ൻ ആക്രമണം: കാരണവും പ്രത്യാഘാതവും

# Ahmadiyya Muslim Community

## Apps for mobile devises

Download free apps developed by Ahmadiyya Muslim Community for your iphone,ipode, and Android

**Quran**
Read the Holy Quran in easy Yassarnal Quran Font

**Conditions of Bai'at**
A pocket reference of Shara't-e-Bai'at in 7 languages



**Sermons**
Huzoor's Friday Sermons In 15 languages


**MTA**
Watch MTA Live, view Schedule and much more



**Ahmadiyya News**
Stay up to date with the Latest jama'at news

View these apps at alislam.org/apps or scan the QR code below







The Sathyadoothan Monthly


لا اله الا الله محمد رسول الله

# സത്യദൂതൻ


2022 ഏപ്രിൽ
ഹി.ശ.1402-ശഹാദത്ത്
1443 ശഅ്ബാൻ - റംസാൻ
പുസ്തകം 94 ലക്കം 04
വില 30 രൂപ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം


**5** എഡിറ്റോറിയൽ

**6** യുഗശബ്ദം



**7**
ഖുത്ബ സംഗ്രഹം
**റമദാൻ: ആത്മാവിനെ ശുദ്ധീകരിക്കാനുള്ള അസുലഭ ദിനങ്ങൾ**
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..)

അമീറുൽ മുഅ്മിനീൻ ഖ്‌ലീഫത്തുൽ മസീഹ് ഹദ്റത് മിർസ മസ്റൂർ അഹ്മദ് (അയ്യദഹു) 2013 ജൂലൈ 12-ാം തീയതി യുകെ ബൈത്തു ഫുത്തൂഹിൽ നിർവഹിച്ച ജുമുഅ ഖുത്ബ.
വിവ: എം.നാസിർ അഹ്മദ്, കൊടിയത്തൂർ

**13**
**റമദാൻ: ചില വസ്തുതകൾ**
ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)

**16**
**ദജ്ജാലിന്റെ വാഹനം**
ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)

**20**
ആദ്: മരുക്കാറ്റിൽ തിരോഭവിച്ച അറേബ്യൻ ജനത -3
**ആദ്: കഥയും ചരിത്രവും**
എ.എം. മുഹമ്മദ് സലീം

**26**
അഭിമുഖം
**താരാപഥങ്ങളിൽ**

**32**
ഭാഗം - 26
**ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി**
(ഖലീഫത്തുൽ മസീഹ് അവ്വൽ (റ))
ഇബ്നു വഫാ ബേപ്പൂർ

**38**
കുറിപ്പുകൾ
1. **റഷ്യയുടെ ഉക്രയ്ൻ ആക്രമണം: കാരണവും പ്രത്യാഘാതവും.**
2. **ഇസ്‌ലാമോഫോബിയക്കെതിരെ യു എൻ പ്രമേയം, ദിനാചരണം**

മുസാഫിർ



**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി-682018

ചീഫ് എഡിറ്റർ
**എച്ച്. ശംസുദ്ദീൻ**
**ഫോൺ:** 99460 21252

എഡിറ്റർ
**എ. എം. മുഹമ്മദ് സലീം**
**ഫോൺ:** 80755 86837
Email-salimqld@gmail.com

മാനേജർ
**എച്ച്. അഹ്മദ് ഷാഫി**
**ഫോൺ:** 8089574250



Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Mubarak Ahmed, KKD

## വിശുദ്ധ ഖുർആനിൽ നിന്ന്



വിശ്വസിച്ചവരെ നിങ്ങൾക്ക് മുമ്പുള്ളവർക്ക് നിർബന്ധമാക്കപ്പെട്ടത് പോലെ നിങ്ങൾക്കും വ്രതാനുഷ്ഠാനം നിർബന്ധമാക്കപ്പെട്ടിരിക്കുന്നു. (വി. ഖുർആൻ 2:184)



## നബിവചനം

ഹദ്റത്ത് അബൂഹുറൈയ്റയിൽ നിന്നും നിവേദനം ചെയ്യുന്നു: കള്ളം പറയുന്നതിൽ നിന്നും അതുപോലെയുള്ള പ്രവർത്തികളിൽ നിന്നും മുക്തമാകാത്ത ഒരാൾ തന്റെ ആഹാര പാനീയങ്ങൾ ഉപേക്ഷിക്കുന്നത് കൊണ്ട് യാതൊരു കാര്യവുമില്ല. (ബുഖാരി)

## വാഗ്ദത്ത മസീഹിന്റെ വചനം



ഈ മാസം ഹൃദയ പ്രകാശനത്തിനുള്ള ഉത്തമമായ മാസമാണെന്നും അതിൽ അധികമായി ആത്മീയ ദർശനങ്ങൾ ഉണ്ടായിരിക്കുന്നതാണെന്നും സൂഫിവര്യന്മാർ എഴുതുന്നു. നമസ്കാരം ആത്മാവിന്ന് സംസ്കരണവും വ്രതം ഹൃദയത്തിന്ന് പ്രകാശവും പ്രദാനം ചെയ്യുന്നു. ആത്മ സംസ്കരണമെന്നാൽ ദോഷപ്രവണമായ ആത്മാവിന്ന് തന്റെ ദേഹേഛകളിൽ നിന്നും ദൂരപ്പെടുക എന്നും ഹൃദയ പ്രകാശം എന്നാൽ ആത്മ ദർശനത്തിന്നുള്ള കവാടം തുറന്ന് ദൈവദർശം ലഭ്യമാകുക എന്നുമാണ്. (മൽഫൂസാത്ത്)

എഡിറ്റോറിയൽ

# വ്രതം: മനുഷ്യൻ ഭക്ഷണം കൊണ്ട് മാത്രമല്ല ജീവിക്കുന്നത് എന്ന് പഠിപ്പിക്കുന്നു

മനുഷ്യനെ ദൈവഭക്തനാക്കി മാറ്റാൻ അല്ലാഹു നിശ്ചയിച്ച പാവനവും പ്രായോഗികവും അത്ഭുതകരവുമായ ഒരു കർമാനുഷ്ഠാനമാണ് വ്രതം. മതലോകത്ത് സുവിദവും അതിപുരാതനുവമായ ഒരു ആത്മീയ മാർഗ്ഗവുമാണത്. ഖുർആൻ പറയുന്നു.

**'അല്ലയോ വിശ്വാസികളെ നിങ്ങൾക്ക് മുമ്പുള്ളവർക്കായി വിധിക്കപ്പെട്ടിട്ടുള്ളത് പോലെ നിങ്ങൾക്കായും വ്രതാനുഷ്ഠാനം വിധിക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ തന്മൂലം 'തഖ്‌വാ' (ഭയഭക്തി) ഉള്ളവരായിതീരാൻ വേണ്ടി'** (2:184)

വിശുദ്ധ ഖുർആൻ അവതരിച്ച മാസം എന്ന പ്രത്യേകതയാണ് റമദാനെ ഏറ്റവും മഹനീയവും അതുല്യവുമാക്കി തീർക്കുന്നതെന്ന് സ്രഷ്ടാവായ അല്ലാഹു പറയുന്നു. അളവറ്റ ആത്മീയാനുഗ്രഹങ്ങളുടെ നിധിനിക്ഷേപങ്ങൾ ഉള്ളടങ്ങിയ ആ പവിത്രഗ്രന്ഥം പാരായണം ചെയ്യാനും ഹൃദയത്തോടു ചേർത്ത് നിർത്താനുമുള്ള സന്ദർഭം കൂടിയാണ് വിശുദ്ധ റമദാൻ അല്ലാഹു പറയുന്നു.

**'സമസ്ത മനുഷ്യർക്കും സന്മാർഗ്ഗദായകവും മാർഗ്ഗദർശനത്തിന്റേയും സത്യാസത്യവിവേചനത്തിന്റേയും സ്പഷ്ടമായ തെളിവുകൾ ഉൾക്കൊള്ളുന്നതുമായ ഖുർആൻ അവതരിക്കപ്പെട്ട മാസമാണ് 'റമദാൻ'. അത് കൊണ്ട് നിങ്ങളിലാരെങ്കിലും ഈ മാസത്തിന് സാക്ഷ്യം വഹിച്ചാൽ അയാൾ അതിൽ വ്രതമനുഷ്ഠിക്കട്ടെ.'** (വി. ഖുർആൻ 2:186).


വിശപ്പ് മനുഷ്യൻ ഭയപ്പെടുന്ന ഒരു വികാരമാണ്. അതിനെയാണ് ഇസ്‌ലാം ആത്മീയപോഷണത്തിന്നുള്ള ഫലപ്രദമായ ഒരു ഉപാധിയാക്കി മാറ്റുന്നത്. സംവേദനേന്ദ്രിയങ്ങളേയും ശരീരത്തേയും ആസകലം വിശപ്പ് ബാധിക്കുന്നു. വ്രതം സ്വന്തം ശരീരത്തോടുള്ള സമരമാണെന്ന് വിശുദ്ധ ഖുർആൻ പറയുന്നു: **'നിങ്ങൾ സ്വന്തം ശരീരങ്ങളോട് അനീതി പ്രവർത്തിക്കുകയായിരുന്നുവെന്ന് അല്ലാഹു അറിഞ്ഞിട്ടുണ്ട്. അതിനാൽ അവൻ നിങ്ങളുടെ മേൽ കനിവ് കാട്ടുകയും നിങ്ങൾക്ക് ആശ്വാസമേകുകയും ചെയ്തിരിക്കുന്നു.'** (2:188)

ദൈവത്തിൽനിന്നു വിട്ടകന്നുപോകുന്ന മനുഷ്യന് വീണ്ടും ദൈവസ്മരണയിലും ആരാധനയിലും സൽക്കർമ്മങ്ങളിലും മുഴുകാനും ആത്മീയ പുരോഗതി കൈവരിക്കാനും സ്വർഗ്ഗീയ കവാടങ്ങൾ തുറന്നുവെച്ച് റമദാൻ മനുഷ്യനെ കാത്തിരിക്കുന്നു.

വ്രതാനുഷ്ഠാനത്തെപറ്റി റസൂൽ തിരുമേനി(സ) അരുളി:

**"തിന്മകൾ സൂക്ഷിക്കാനുള്ള പരിചയാണ് നോമ്പ് നോമ്പുകാരൻ തെറ്റായ പ്രവർത്തികൾ ചെയ്യാതിരിക്കുകയും സംസ്കാരശൂന്യമായ വാർത്തകൾ പറയാതിരിക്കുകയും ചെയ്യട്ടെ. അവരോടു ശണ്ഠ കൂടുകയോ അവൻ ശകാരിക്കപ്പെടുകയോ ചെയ്തെങ്കിൽ ഞാൻ നോമ്പുകാരനാണ് എന്ന് രണ്ട് പ്രാവശ്യം പറയട്ടെ... റമദാൻ സമാഗതമായാൽ സ്വർഗ്ഗവാതിലുകൾ തുറക്കപ്പെടും" റസൂൽ തിരുമേനി(സ) വീണ്ടും അരുളി: "വല്ല നോമ്പുകാരനും തെറ്റായ വാക്കും പ്രവർത്തിയും ഉപേക്ഷിക്കുന്നില്ലെങ്കിൽ അവൻ തന്റെ ഭക്ഷണപാനീയം ഉപേക്ഷിക്കുന്നതിൽ അല്ലാഹുവിന് യാതൊരു താല്പര്യവുമില്ല"**

വ്രതത്തെ സംബന്ധിച്ച് റസൂൽ തിരുമേനി(സ)യുടെ ആത്മീയശിഷ്യനായ വാഗ്ദത്ത മഹ്ദി മസീഹ് ഹദ്റത്ത് അഹ്മദ് (അ) ഇപ്രകാരം പറഞ്ഞു: **'ആഹാരം കുറക്കുകയും വിശപ്പ് സഹിക്കുകയും ചെയ്യുക എന്നത് ആത്മാവിന്റെ സംസ്കാരത്തിനും പുരോഗതിക്കും അത്യാവശ്യമായ ഒരു കർമ്മമാകുന്നു. അത് ആത്മദർശനത്തിനുള്ള ശക്തിയെ പോഷിപ്പിക്കുന്നതാകുന്നു. മനുഷ്യൻ ഭക്ഷണപദാർത്ഥങ്ങൾ കൊണ്ട് മാത്രമല്ല ജീവിക്കുന്നത്. ഈ ജീവിതത്തിനുശേഷവും അവന് മറ്റൊരു ജീവിതമുണ്ട്. നിത്യമായുള്ള ആ പാരത്രിക ജീവിതത്തെ അലക്ഷ്യമായി തള്ളുക എന്നത് ദൈവത്തിൽ നിന്നുള്ള വേർപാടിനെയും അതുവഴി അവന്റെ അനിഷ്ടത്തെയും സ്വയം വരിക്കുകയാണ്.' (ഇസ്‌ലാമിലെ അഞ്ചു കാര്യങ്ങൾ)**



ഹദ്റത്ത് അഹ്മദ് (അ)

# വ്രതം ഒരു ആത്മീയാഹാരം

ഇസ്‌ലാമിലെ ഒരു മൗലിക കർമ്മമാണ് വ്രതാനുഷ്ഠാനം. ഇസ്‌ലാം നിർദ്ദേശിച്ചിട്ടുള്ള ആരാധനാകർമ്മങ്ങളിൽ ഭേദഗതി വരുത്തേണ്ടതുണ്ടെന്ന് മുസ്‌ലിംകൾ എന്നു പറയപ്പെടുന്ന ചിലർ തന്നെ ഇക്കാലത്ത് അഭിപ്രായപ്പെടുന്നുണ്ടെന്നത് വ്യസനകരമാണ്. ഇവർ ആത്മീയാന്ധത ബാധിച്ചവരും ദൈവകല്പനകളിൽ അന്തർഭവിച്ചിരിക്കുന്ന തത്വരഹസ്യം ഗ്രഹിക്കാത്തവരും ആകുന്നു. ആദ്ധ്യാത്മിക രംഗത്ത് കാലുറച്ചിട്ടില്ലാത്തവർ പ്രസ്തുത കർമ്മാനുഷ്ഠാനങ്ങളെ സംബന്ധിച്ച കാര്യങ്ങളിൽ കൈകടത്താൻ ശ്രമിക്കുന്നത് യുക്തിപൂർവ്വമല്ല. തങ്ങൾ ഒരിക്കലും കടന്നുചെന്നിട്ടില്ലാത്ത പ്രസ്തുത ആത്മീയസാമ്രാജ്യത്തിൽ പരിഷ്കാരങ്ങൾ വരുത്തുന്നതിന് ഇവർ കൃത്രിമ പദ്ധതികൾ നിർദ്ദേശിക്കുന്നു. ഇവർ ജീവിതം മുഴുവനും ലൗകീക കാര്യങ്ങളിൽ മാത്രം ചെലവഴിക്കുന്നവരും ആത്മീയകാര്യങ്ങളെക്കുറിച്ച് വിവരമില്ലാത്തവരും ആകുന്നു. ആഹാരം കുറക്കുകയും വിശപ്പു സഹിക്കുകയും ചെയ്യുകയെന്നത് ആത്മാവിന്റെ സംസ്കാരത്തിന്നും പുരോഗതിക്കും അത്യാവശ്യമായ ഒരു കർമ്മമാകുന്നു. അത് ആത്മദർശനത്തിനുള്ള ശക്തിയെ പോഷിപ്പിക്കുന്നതുമാകുന്നു. മനുഷ്യൻ ഭക്ഷണപദാർത്ഥങ്ങളിൽ മാത്രമല്ല ജീവിക്കുന്നത്. ഈ ജീവിതത്തിനുശേഷം അവനു മറ്റൊരു ജീവിതമുണ്ട്. നിത്യമായ ആ പാരത്രിക ജീവിതത്തെ അലക്ഷ്യമാക്കിക്കളയുകയെന്നത് ദൈവത്തിൽ നിന്നുള്ള വേർപാടിനെയും അത് വഴി അവന്റെ അനിഷ്ടത്തെയും സ്വയം വരിക്കുകയാകുന്നു.

വ്രതാനുഷ്ഠാനം കൊണ്ടുള്ള വിവക്ഷിതം ഒരു ക്ലിപ്തകാലം വരെ പാനാശനങ്ങൾ ചെയ്യാതെ വിശപ്പു സഹിക്കുക മാത്രമല്ലെന്ന് സ്മർത്തവ്യമാണ്. എല്ലാതരം ദോഷങ്ങളിൽ നിന്നും അകന്നു നില്കുമാറു നോമ്പുകാരൻ ദൈവസ്മരണയിൽ അധികമധികം ഏർപ്പെട്ടിരിക്കുക അത്യാവശ്യമാകുന്നു. വിശുദ്ധ നബികരീം (സ) തിരുമേനി റമദാൻ മാസത്തിൽ വളരെയധികം ദൈവാരാധനയിൽ വ്യാപൃതനാവുക പതിവായിരുന്നു. ആകയാൽ നോമ്പ് കാലത്ത് ഭക്ഷ്യപാനീയാദികളെ സംബന്ധിച്ച ചിന്തകളിൽ നിന്നു വിരമിക്കുകയും പ്രസ്തുത കാര്യങ്ങളുമായുള്ള കെട്ടുപാടുകളെ ഉപേക്ഷിക്കുകയും ചെയ്തുകൊണ്ടു ശ്രദ്ധയെല്ലാം അല്ലാഹുവിങ്കൽ ആക്കിത്തീർക്കേണ്ടതാണ്. ഭൗതികമായ ഭക്ഷണസാധനങ്ങൾ ലഭിച്ചിരിക്കെ ആത്മീയാഹാരത്തെക്കുറിച്ച് ചിന്തിക്കാത്ത മനുഷ്യൻ ഭാഗ്യഹീനനാണെന്നു വേണം പറയുവാൻ. ഭക്ഷണം കഴിക്കുന്നത് മൂലം ശരീരത്തിനുബലവും ഓജസ്സും നിലനില്ക്കുന്നത് പോലെ ആത്മീയാഹാരം മൂലം ആത്മാവിന്നു രക്ഷയും ആത്മീയശക്തികയും ചൈതന്യവും സിദ്ധിക്കുന്നു. എല്ലാവിധ സഫലതകളുടെയും വാതിൽ ദൈവാനുഗ്രഹത്താൽ തുറക്കുമാറാകുന്നതിൽ വിജയലബ്ധിക്ക് അവങ്കൽ നിന്നുതന്നെ സഹായം തേടേണ്ടതാണ്. – ബദർ – 18-1-1907.

'റമദ' സൂര്യോഷ്ണത്തിനാണ് പറയുന്നത്. റമദാനിൽ മനുഷ്യൻ ഭക്ഷണപാനീയങ്ങളുടെയും ഇതര ശാരീരികാനന്ദങ്ങളുടെയും കാര്യത്തിൽ ക്ഷമ കൈക്കൊള്ളുന്നു. മറ്റൊന്നു അല്ലാഹുവിന്റെ കല്പനകൾക്കായി ഒരു വിധത്തിലുള്ള ഊഷ്മാവും ആവേശവും സംജാതമാകുന്നു. അങ്ങനെ ആത്മീയവും ഭൗതികവുമായ ഊഷ്മാവുകൾ ഒന്നായി ച്ചേർന്ന് റമദാൻ (രണ്ടുവിധത്തിലുള്ള റമദുകൾ) ഉണ്ടാകുന്നു. റമദാൻ മാസം ഉഷ്ണകാലത്ത് വന്നതുകൊണ്ടാണ് റമദാൻ എന്ന പേര് സിദ്ധിച്ചതെന്നു വൈയാകരണന്മാരുടെ അഭിപ്രായത്തോടു എനിക്ക് യോജിപ്പില്ല. കാരണം ഇത് അറബികൾക്ക് മാത്രമായുള്ള പ്രത്യേകതയല്ല. ആത്മീയമായ റമദ എന്നതുകൊണ്ട് ആത്മീയമായ അഭിരുചിയും ആനന്ദവും ഊഷ്മാവും ആണുദ്ദേശ്യം – അൽഹക്കം 24-7-1901

അമീറുൽ മുഅ്മിനീൻ ഖ്ലീഫത്തുൽ മസീഹ് ഹദ്റത് മിർസ മസ്റൂർ അഹ്മദ് (അയ്യദഹു) 2013 ജൂലൈ 12 –ാം തീയതി യുകെ ബൈത്തുഫുത്തൂഹിൽ നിർവഹിച്ച ജുമുഅ ഖുത്ബ. വിവ: എം.നാസിർ അഹ്മദ്, കൊടിയത്തൂർ

# റമദാൻ: ആത്മാവിനെ ശുദ്ധീകരിക്കാനുള്ള അസുലഭ ദിനങ്ങൾ




**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്** (അയ്യദഹു...)

വിശ്വസിച്ചവരെ! നിങ്ങൾക്ക് മുമ്പുള്ളവർക്ക് നോമ്പ് നിർബന്ധമാക്കപ്പെട്ടതു പോലെ നിങ്ങൾക്കും നോമ്പ് നിർബന്ധമാക്കിയിരിക്കുന്നു. നിങ്ങൾ തഖ്‌വയുള്ളവരായിത്തീരുന്നതിനു വേണ്ടി. (2:184)

അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇന്നലെ മുതൽ ഇവിടെ നോമ്പ് തുടങ്ങിയിരിക്കുകയാണ്. ഒരു റമദാൻ മാസം കൂടി നമ്മുടെ ജീവിതത്തിൽ വന്നതിന് അല്ലാഹുവിന് നന്ദി രേഖപ്പെടുത്തുന്നു. ഞാൻ ഓതിയ ആയത്തിൽ അല്ലാഹു ഒരു വിശ്വാസിയോട് നോമ്പിന്റെ പ്രാധാന്യത്തെയും അത് നിർബന്ധമാക്കിയതിനെ കുറിച്ചുമാണ് ഓർമ്മപ്പെടുത്തുന്നത്. അതോടൊപ്പം പറഞ്ഞത്, നിങ്ങൾക്ക് മുമ്പെ കഴിഞ്ഞു കടന്ന പ്രവാചക സമുദായങ്ങൾക്കും നോമ്പ് നിർബന്ധമായിരുന്നു. കാരണം നോമ്പ് വിശ്വാസത്തിൽ പുരോഗതി കൈവരിക്കാൻ അനിവാര്യമാണ്. നോമ്പ് ആത്മീയതയിൽ മുന്നേറാൻ ഒഴിച്ചു കൂടാൻ പറ്റാത്തതാണ്.

വിവിധ മതങ്ങളിൽ അവരുടെ പ്രവാചകന്മാരുടെ കാലത്തുള്ള അതേരീതിയിലോ അതല്ലെങ്കിൽ മാറ്റം വന്ന രീതിയിലോ നോമ്പ് നാം കാണുന്നുണ്ട്. നോമ്പ് ഏതെങ്കിലും തരത്തിൽ അവരിലെല്ലാം നിലനിൽക്കുന്നു. ഹ: മൂസാ (അ)ന്റെ നോമ്പിനെ കുറിച്ചുള്ള പരാമർശം നമുക്ക് ലഭിക്കുന്നു. ഹ: ദാവൂദ് (അ) ന്റെ നോമ്പിനെ കുറിച്ചുള്ള പരാമർശവും കാണാം. ഹിന്ദുക്കളിലും നോമ്പിന്റെ ഒരു രീതി കാണുന്നു. അവർ പാചകം ചെയ്ത ഭക്ഷണം വ്രതകലത്ത് ഉപേക്ഷിക്കുന്നു. അതേ പോലെ ക്രിസ്ത്യാനികളും നോമ്പ് അനുഷ്ഠിക്കുന്നു. ക്രിസ്ത്യാനികളിൽ ചില വിഭാഗക്കാർ നോമ്പെടുക്കുമ്പോൾ മാംസം കഴിക്കില്ല. പച്ചക്കറികൾ എത്ര വേണമെങ്കിലും അവർക്ക് കഴിക്കാം. കഴിഞ്ഞ ദിവസം എനിക്ക് അങ്ങനെയുള്ള ഒരു നോമ്പുകാരനെ കാണാൻ സാധിച്ചു. നമ്മുടെ ഒരു ക്രിസ്ത്യൻ സുഹൃത്താണദ്ദേഹം. അദ്ദേഹത്തിന്റെ പേരോ നാടിന്റെ പേരോ ഞാൻ പറയുന്നില്ല. ഈ സുഹൃത്ത് ഒരു സദ്യയിൽ

എന്നോടൊപ്പം ഉണ്ടായിരുന്നു. ഭക്ഷണത്തിന്റെ പ്ലേറ്റ് അദ്ദേഹത്തിന്റെ മുമ്പിൽ വന്നില്ല എന്ന കാര്യം ഞാൻ ശ്രദ്ധിച്ചു. കാരണം പ്ലേറ്റിൽ ഭക്ഷണം വിളമ്പിത്തുടങ്ങിയിരുന്നു. ഞാൻ അദ്ദേഹത്തോട് ചോദിച്ചു. “നിങ്ങൾ ഭക്ഷണം കഴിക്കുന്നില്ലെ?” അദ്ദേഹം പറഞ്ഞു, “ഞാൻ വ്രതത്തിലാണ്.” അദ്ദേഹത്തിന്റെ നോമ്പിനെ ആദരിച്ചു കൊണ്ട് ഞാൻ മിണ്ടാതിരുന്നു. ഞാൻ ഇതുകണ്ട് അത്ഭുതപ്പെടുകയും ചെയ്തു. ഭൗതിക പ്രവർത്തനത്തിൽ മുഴുകിയ ഒരു രാഷ്ട്രീയ പ്രവർത്തകനായിരുന്നിട്ടും മതകർമ്മങ്ങൾ അനുഷ്ടിക്കുന്നുണ്ട്. അൽപം കഴിഞ്ഞപ്പോൾ അദ്ദേഹത്തിന്റെ മുമ്പിൽ പച്ചക്കറികളും ഊണും വന്നു. ഞാൻ ചോദിച്ചു; ‘‘നിങ്ങൾക്ക് ചോറും പച്ചക്കറിയും എല്ലാം നോമ്പിന്റെ അവസ്ഥയിൽ കഴിക്കാൻ പറ്റുമല്ലോ?” അദ്ദേഹം പറഞ്ഞു, “ഞാൻ കഴിക്കാൻ തുടങ്ങുകയാണ്.’’ അങ്ങനെ അദ്ദേഹം ഭക്ഷണം കഴിക്കാൻ തുടങ്ങി. അതിനു ശേഷം ഞങ്ങളുടെ മുമ്പിൽ പാത്രത്തിൽ ചിക്കനും മറ്റും കൊണ്ടുവന്നു വെച്ചു. ഞങ്ങൾ കഴിക്കാൻ തുടങ്ങി. അദ്ദേഹത്തിന്റെ പ്ലേറ്റിലും മാംസക്ഷണം ഉണ്ടായിരുന്നു. ഞാൻ അദ്ദേഹത്തോട് ചോദിച്ചു, “നോമ്പിൽ കോഴി ഇറച്ചി കഴിക്കാനുള്ള അനുവാദമുണ്ടോ?” എന്റെ അടുത്ത സുഹൃത്തായ അദ്ദേഹം ചിരിച്ചുകൊണ്ട് പറഞ്ഞു, “ഭക്ഷണം വിളമ്പുന്നവർ പല പ്രാവശ്യം ഇവിടെവന്നു. കോഴിക്കറിയുടെ ഡിഷ് എന്റെ അടുത്ത് പലവട്ടം കൊണ്ടു വന്നു. എന്റെ മതം പറയുന്ന മറ്റൊന്നുകൂടിയുണ്ട്. അതായത് ആഥിതേയൻ വല്ലതും തരികയാണെങ്കിൽ അത് കഴിക്കാവുന്നതാണ്. അതു കൊണ്ടാണ് ഞാൻ കഴിക്കുന്നത്.’’

പൂർവ്വമതസ്ഥരുടെ നോമ്പ് ഇപ്രകാരമാണ്. എല്ലാവരും ഭക്ഷണം കഴിക്കുകയായിരുന്നു. നല്ല രുചിയുള്ള ഭക്ഷണം ചുറ്റുമുള്ളവരുടെ ഉപചാരമനുസരിച്ച് ആ വിരുന്നിൽ അദ്ദേഹം മറ്റുള്ളവരിൽ നിന്നും ഭക്ഷണം വാങ്ങി. തുടർന്ന് അത് ആഹരിക്കാനും തുടങ്ങി. ഇവിടെ സാമാന്യ മര്യാദ മത കൽപനയെ കീഴ്പ്പെടുത്തുകയാണ് ചെയ്തത്. ഇതിനു കാരണം മത കൽപനകൾ പറയുന്ന ഗ്രന്ഥങ്ങളിൽ വ്രതത്തിന്റെ വിധികൾ വ്യക്തമായി പറഞ്ഞില്ല എന്നതാണ്.

എന്നാൽ വിശുദ്ധ ഖുർആനെ സംരക്ഷിക്കും എന്നത് അല്ലാഹുവിന്റെ വാഗ്ദാനമാണ്. അത് അതിന്റെ യഥാർത്ഥ രൂപത്തിൽ ഇപ്പോഴും നിലനിൽക്കുന്നു. വിശ്വാസികളോട് നോമ്പെടുക്കാൻ ഇത് കൽപ്പിക്കുന്നു. പ്രവാചകന്മാരുടെയോ പൂർവ്വികരുടേയോ നോമ്പിനെ കുറിച്ചുള്ള വൃത്താന്തം മാത്രമല്ല ഇതിലുള്ളത്. മറിച്ച് നിങ്ങൾ വിശ്വാസികളാണെങ്കിൽ നോമ്പ് നിങ്ങൾക്ക് നിർബന്ധമാണ്. ഒരു മാസത്തേക്ക് നിർബന്ധമാണ്. എല്ലാതരം ഭക്ഷണ പാനീയങ്ങളും പൂർണ്ണമായും വർജ്ജിക്കണം. ഇതു മുഖേന വിശ്വാസികൾക്ക് കരസ്ഥമാക്കുന്നത് എന്താണെന്നും ഖുർആൻ പറയുന്നു. നിങ്ങൾ ഇത് മുഖേന തഖ്‌വ(ഭയഭക്തി) സ്വായത്തമാക്കുക. തഖ്‌വയിൽ പുരോഗതി കൈവരിക്കുക. നോമ്പ് മുഖേന അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുക.

ദൈവപ്രീതിക്കായി നോമ്പെടുക്കാൻ ഹവാരികളോട് പറഞ്ഞതായി ബൈബിളിൽ പരാമർശമുണ്ടെന്നത് ശരിതന്നെ. മറ്റുള്ളവരെ കാണിക്കാൻ നോമ്പെടുക്കാനല്ല പറഞ്ഞത്. നോമ്പു മുഖേന ആത്മീയത വർദ്ധിക്കുന്നു എന്നുമുണ്ട്. ആത്മീയത വർദ്ധിക്കുന്നതനുസരിച്ച് രോഗശാന്തി കൈവരിക്കുന്നു. എന്നാൽ പാപപരിഹാര സിദ്ധാന്തം പിന്നീട് നോമ്പിന്റെ ആത്മാവായ തഖ്‌വ കരസ്ഥമാക്കുക എന്നതിനെ അവഗണിച്ചുകളഞ്ഞു. അതിനാൽ തഖ്‌വ കരസ്ഥമാക്കുന്ന പ്രശ്നം തന്നെ ഉദിക്കുന്നില്ലെങ്കിൽ നോമ്പു മുഖേന ലഭിക്കുന്ന അനുഗ്രഹങ്ങൾ തന്നെ ഇല്ലാതാക്കുകയാണ്. അനുഗ്രഹങ്ങൾ ഒന്നും ലഭിക്കുന്നില്ലെങ്കിൽ നോമ്പിന്റെ പേരുമാത്രം അവശേഷിക്കുന്നു. ഇത് വെറും നാമമാത്രമായ നോമ്പാണ്. ഇതു കാരണം വേവിച്ച പച്ചക്കറിയിൽ നിന്നും പാകം ചെയ്ത മാംസത്തിലേക്ക് വരെ കൈകൾ നീളുന്നു. ചുരുക്കത്തിൽ ഇവിടെ ഇസ്‌ലാമിന്റെയും വിശുദ്ധഖുർആന്റെയും മനോഹാരിത പ്രകടമാക്കുകയാണ്. അത് അദ്ധ്യാപനം മാത്രമല്ല പറഞ്ഞത്, മറിച്ച് കൽപന നൽകുകയും, ലക്ഷ്യം എന്താണെന്ന് പറയുകയും അതിന്റെ ഫലമായി പ്രതിഫലങ്ങൾ ഇന്നതെല്ലാം ലഭിക്കുമെന്നും പറയുകയും ചെയ്യുന്നു. ഇസ്‌ലാമിന്റെ അദ്ധ്യാപനത്തെ നിലനിർത്തുന്നതിനായി അതിനുള്ള പ്രവർത്തന മാതൃക സ്ഥാപിക്കാനായി മുജദ്ദിദുമാരും ഔലിയാക്കളും വന്നു കൊണ്ടിരുന്നു. കൂടാതെ ഇക്കാലത്ത് വാഗ്ദത്ത മസീഹ് മഹ്ദിയെ അയച്ചുകൊണ്ട് മുസ്‌ലിംകൾക്കും അമുസ്‌ലിംകൾക്കും വ്രതാനുഷ്ഠാനത്തിന്റെ ആത്മാവ് നിലനിർത്താവുന്ന സംവിധാനം ഒരുക്കുകയും ചെയ്തു. അവർ തഖ്‌വയിൽ ചലിക്കാനായി വിശുദ്ധ ഖുർആന്റെ അടിസ്ഥാനത്തിൽ ഉപദേശിച്ചു കൊണ്ടേ ഇരുന്നു. നോമ്പിന്റെ ആത്മാവ് മനസ്സിലാക്കുന്നതിലേക്ക് നമ്മുടെ ശ്രദ്ധ ക്ഷണിച്ചു.

ഹ: മസീഹ് മൗഊദ് (അ) ഒരു സ്ഥലത്ത് പറയുന്നു: ‘‘ഇസ്‌ലാമിന്റെ മൂന്നാമത്തെ കാര്യം നോമ്പാണ്. നോമ്പിന്റെ യാഥാർത്ഥ്യത്തെക്കുറിച്ചും ലോകർ അജ്ഞരാണ്. നോമ്പെന്ന് പറഞ്ഞാൽ മനുഷ്യൻ പട്ടിണി കിടക്കുക എന്നതു മാത്രമല്ല അർത്ഥമാക്കുന്നത്. ഇതിന് ഒരു യാഥാർത്ഥ്യമുണ്ട്. അത് സ്വാധീനം ചെലുത്തുന്നതാണ്. അത് അനുഭവത്തിലൂടെ വ്യക്തമായതുമാണ്. അനുഭവത്തിൽ നിന്നും തെളിഞ്ഞ ഒരു കാര്യമുണ്ട്. മനുഷ്യൻ എത്ര കണ്ട് കുറച്ച് ഭക്ഷിക്കുന്നുവോ അത്രകണ്ട് ആത്മശുദ്ധി കൈവരിക്കുന്നു. ആത്മദർശനശക്തി വർദ്ധിക്കു

കയും ചെയ്യുന്നു. അല്ലാഹു ഇതു മുഖേന ഉദ്ദേശിക്കുന്നത് ഒരു ഭക്ഷണം കുറക്കുകയും മറ്റേ ഭക്ഷണം വർദ്ധിപ്പിക്കുകയും ചെയ്യുക എന്നതാണ്. നോമ്പ് കൊണ്ട് ഉദ്ദേശിക്കുന്നത് വിശപ്പും ദാഹവും സഹിക്കുക എന്നു മാത്രമല്ലെന്ന കാര്യം നോമ്പുകാരൻ മനസ്സിലാക്കേണ്ടതാണ്. മറിച്ച് അവർ ദൈവസ്മരണയിൽ മുഴുകേണ്ടതാണ്. അതു മുഖേന ദൈവത്തിൽ ലയനം സാധ്യമാകുന്നതും ഭൗതിക വിഛേദനം സാധിക്കുന്നതുമാണ്. ചുരുക്കത്തിൽ നോമ്പ്കൊണ്ട് ഉദ്ദേശിക്കുന്നത് ശരീരത്തെ മാത്രം പോഷിപ്പിക്കുന്ന ഭൗതിക ഭക്ഷണം ഉപേക്ഷിച്ചു കൊണ്ട് ആത്മാവിന് ശാന്തിയും ആത്മനിർവൃതിയും നൽകുന്ന രണ്ടാമത്തെ ഭക്ഷണം കരസ്ഥമാക്കുകയും ചെയ്യുക എന്നാണെന്ന് നോമ്പുകാരൻ മനസ്സിലാക്കേണ്ടതാണ്. അല്ലാഹുവിന് വേണ്ടി മാത്രം നോമ്പെടുക്കുന്ന ആൾ, ആചാരം എന്ന നിലക്കല്ലെങ്കിൽ അവർ അല്ലാഹുവിന്റെ സ്തുതിയും (ഹംദും), തസ്ബീഹും(പരിശുദ്ധിയെ വാഴ്ത്തൽ), തഹ്‌ലീലും (ലാഇലാഹ ഇല്ലല്ലാഹ് എന്ന് പറയൽ) കൂടുതൽ ചെയ്തു കൊണ്ടിരിക്കുക. ഇതു മുഖേന രണ്ടാമത്തെ ഭക്ഷണം അവർക്ക് ലഭിക്കുന്നതാണ്."

മുകളിലെ ഉദ്ധരണിയിൽ ഹ: മസീഹ് മൗഊദ് (അ) പറയുന്നു, "ഭക്ഷണം കുറച്ച് കഴിക്കുന്നതിനനുസരിച്ച് ആത്മശുദ്ധി കൈവരിക്കാൻ സാധിക്കുന്നതാണ്". ഇതിൽ നിന്നും ഒരു പക്ഷെ പട്ടിണി കിടക്കുന്നതിലൂടെ ആത്മശുദ്ധി കൈവരിക്കും എന്ന ഒരു തെറ്റിധാരണ വരാൻ സാധ്യതയുണ്ട്. അതു കൊണ്ടാണ് അടുത്ത് തന്നെ വിശദമായി കാര്യം പറഞ്ഞിരിക്കുന്നത്. ഭക്ഷണപാനീയങ്ങൾ മാത്രം ഉപേക്ഷിച്ചത് കൊണ്ട് നോമ്പിന്റെ ലക്ഷ്യം കരസ്ഥമാക്കാൻ സാധ്യമല്ല. ഇത് വിശുദ്ധ ഖുർആന്റെ അദ്ധ്യാപനങ്ങൾക്കും വിരുദ്ധമാണ്. നോമ്പുകൊണ്ടുദ്ദേശിക്കുന്നത് തഖ്‌വ സ്വായത്തമാക്കുക എന്നതാണ്. അല്ലാഹുവിന്റെ പ്രീതിക്കായാണ് നോമ്പ് നോൽക്കുന്നതെങ്കിൽ നോമ്പുള്ള അത്രയും സമയം ദൈവസ്മരണയിൽ കഴിച്ചുകൂട്ടേണ്ടതാണ്. മറ്റൊരു സ്ഥലത്ത് ആ മഹാത്മാവ് പറയുന്നു, ഭക്ഷണപാനീയങ്ങൾ ഉപയോഗിക്കുന്നതിന്റെ കാരണത്താൽ ചില സന്യാസികൾക്ക് അങ്ങനെയുള്ള അവസ്ഥ സംജാതമാകുകയും അവർക്കും ആത്മീയ ദർശനം കരഗതമാകുകയും ചെയ്യുന്നു. എന്നാൽ ഒരു വിശ്വാസിയുടെ ജീവിതലക്ഷ്യം ഇതായിരിക്കാൻ പാടില്ല. ഒരു വിശ്വാസിയുടെ ജീവിത ലക്ഷ്യം ദൈവത്തിൽ വിലയം പ്രാപിക്കലാണ്. ഭൗതികതയിൽ നിന്നുള്ള വിച്ഛേദനമാണ്. ഇത് സാധിക്കുന്നത് ദൈവാരാധാനയിലൂടെയും ദൈവസ്മരണയിലൂടെയുമാണ്. നമസ്കാരമാണ് ഇതിന്റെ ഏറ്റവും ഉത്തമമായ മാർഗം. അത് ആത്മാവിൽ സ്വാധീനം ചെലുത്തുന്നു. അല്ലാഹുവിന്റെ സാമീപ്യത്തിന് അത് കാരണമായിത്തീരുന്നു. അതിനാൽ യഥാർത്ഥത്തിലുള്ള നോമ്പ് എന്നത് ഭൗതിക ഭക്ഷണം കുറക്കുന്നതോടൊപ്പം അല്ലാഹുവിന്റെ കൽപന പ്രകാരം അനുവദനീയമായ വസ്തുക്കളിൽ നിന്നു പോലും അൽപ സമയം വിട്ടു നിൽക്കുകയും ആ സമയങ്ങളിൽ ഭൗതിക പ്രവർത്തനങ്ങളിൽ മാത്രം മുഴുകാതെ നമസ്കാരത്തിലും ദൈവസ്മരണയിലും പൂർണ്ണമായും ശ്രദ്ധതിരിക്കുകയും ചെയ്യുക എന്നതാണ്. ഇത് തഖ്‌വക്ക് അനിവാര്യമാണ്. നമസ്കാരം മുമ്പ് ജംആക്കി നമസ്കരിച്ചു കൊണ്ടിരുന്നെങ്കിൽ, ചില സന്ദർഭങ്ങൾ സമയത്ത് നമസ്കരിക്കാൻ കഴിയാതെ വന്നിട്ടുണ്ടായിരുന്നെങ്കിൽ ഈ ദിനങ്ങളിൽ ഈ കാര്യങ്ങളിൽ പ്രത്യേകം ശ്രദ്ധചെലുത്തുക. അങ്ങനെ ദൈവസ്മരണയും ആരാധനയും മറ്റെല്ലാത്തിനേക്കാളും പ്രാധാന്യം കൊടുക്കുന്ന അവസ്ഥ കൈവരിക്കണം. അദ്ദേഹം പറയുന്നു: അല്ലാഹുവിനെ സ്തുതിക്കുന്നതിലേക്ക് ശ്രദ്ധയുണ്ടായിരിക്കണം. എന്ന നാം പറയുമ്പോൾ അത് വെറും അധരവ്യായാമമായി മാറരുത്. അൽഹംദുലില്ലാഹി എന്ന് പറയുമ്പോൾ ഹംദ് (സ്തുതി) പ്രതാപവാനായ അല്ലാഹുവിന് മാത്രം അവകാശപ്പെട്ടന്നതാണെന്ന് മനസ്സിലാക്കുക. എല്ലാ തരം സ്തുതിയും അല്ലാഹുവിന്റെ അസ്തിത്വത്തിന് മാത്രം അവാകാശപ്പെട്ടതാണെന്ന് മനസ്സിലാക്കുക. എല്ലാ സ്തുതിയും അല്ലാഹുവിലേക്ക് തന്നെയാണ് മടങ്ങുന്നത്. വഴികേടിലായവരെ നേർവഴിയിലാക്കുന്ന അല്ലാഹുവിനെയാണ് നാം സ്തുതിക്കുന്നത്. വർഷം മുഴുവനും നാം അല്ലാഹുവിന്റെ മുമ്പിൽ കുമ്പിടേണ്ട രീതിയനുസരിച്ച് കുമ്പിട്ടിട്ടില്ലെങ്കിൽ ഈ മാസത്തിൽ അല്ലാഹു നമുക്ക് ഹിദായത്ത്, നേർമാർഗം കാണിച്ചു തരട്ടെ എന്ന് പ്രാർത്ഥിക്കുക. അങ്ങനെ ഭാവിയിൽ ഇതു മുഖേന ദുർമാർഗത്തിൽ നിന്നും നാം രക്ഷപ്പെടട്ടെ. അങ്ങനെ സ്തുതിയുടെ അനുഗ്രഹത്തിൽ നിന്നും അനുഗ്രഹം കരസ്ഥമാക്കിക്കൊണ്ട് അല്ലാഹുവിന്റെ തഖ്‌വ സ്വീകരിക്കുന്നവരായി നാം മാറട്ടെ.

ആ മഹാത്മാവ് പറയുന്നു, സ്തുതിക്കുമ്പോൾ നമ്മുടെ മനസ്സിൽ ഉണ്ടായിരിക്കേണ്ട മറ്റൊരു ചിന്ത എല്ലാ ആദരവും ദൈവകരങ്ങളിൽ നിക്ഷിപ്തമാണെന്നാണ്. അതുകൊണ്ട് ഈ റമാദാനിൽ ഇപ്രകാരം കൂടി പ്രാർത്ഥിക്കുക. അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കുവാൻ കഴിയുന്ന സത്പ്രവർത്തികൾ ചെയ്യാൻ അല്ലാഹു നമുക്ക് തൗഫീഖ് നൽകട്ടെ. ഭൗതിക പൊങ്ങച്ചത്തിനും ആദരവിനും വേണ്ടി നെട്ടോട്ട മോടുന്നവരായി നാം മാറാതിരിക്കട്ടെ.

അല്ലാഹുവിന്ന് ഹംദ് (സ്തുതി) ചെയ്യുമ്പോൾ നാം മനസ്സിലാക്കേണ്ട മറ്റൊരു കാര്യം നാം എപ്പോഴും ആശ്രയിക്കുന്നത് അല്ലാഹുവിന്റെ അസ്തിത്വത്തെയായിരിക്കണം. ഭൗതികമായ ഒന്നിനെയും നാം ആശ്രയിക്കുന്നതല്ല. പറയുന്നു, അല്ലാഹുവിന്റെ

തസ്ബീഹിൽ, പരിശുദ്ധിയെ വാഴ്ത്തുന്നതിലും റമദാനിൽ ശ്രദ്ധയുണ്ടായിരിക്കണം.

സുബ്ഹാനല്ലാഹ് എന്ന് ഉരുവിട്ടതുകൊണ്ട് മാത്രം കാര്യമായില്ല. അല്ലാഹുവിന്റെ പരിശുദ്ധി വാഴ്ത്തുന്നതോടൊപ്പം ഇപ്രകാരം വേദനയോടെ പ്രാർത്ഥിക്കുക. അല്ലാഹു തആല നമ്മേ ഇഹലോകത്തുള്ള എല്ലാ അശുദ്ധിയിൽ നിന്നും വിശുദ്ധീകരിക്കട്ടെ. ഈ റമദാൻ നമ്മിൽ യഥാർത്ഥ വിശുദ്ധി ഉണ്ടാകുന്നതായിത്തീരട്ടെ. തുടർന്ന് പറയുന്നു, നിങ്ങൾ ലാഇലാഹ ഇല്ലല്ലാഹ് എന്ന് ചൊല്ലുക. ആരാധനക്കർഹൻ അല്ലാഹു മാത്രമാണെന്ന വിശ്വാസത്തോടെ ആരാധിക്കുക. നമ്മേ വല്ല നഷ്ടത്തിൽ നിന്നും രക്ഷപ്പെടുത്താൻ കഴിയുമെങ്കിൽ അത് അല്ലാഹുവിന് മാത്രമെ കഴിയുകയുള്ളൂ. എപ്പോഴെങ്കിലും നമുക്ക് പിന്തുണയുടെ ആവശ്യമുണ്ടെങ്കിൽ അല്ലാഹുവിന്റെ പിന്തുണ മാത്രം നാം പ്രതീക്ഷിക്കുക. മനുഷ്യന് എപ്പോഴും അല്ലാഹുവിന്റെ താങ്ങാണ് ആവശ്യം. അതുകൊണ്ട് ഈ യഥാർത്ഥ ആരാധ്യന്റെ മുമ്പിൽ എപ്പോഴും കുമ്പിട്ടുകൊണ്ടിരിക്കാൻ ശ്രമിക്കുക.

റമദാനിന് നോമ്പിനോടൊപ്പം ഇപ്രകാരം ദുആ ചെയ്യുക. അല്ലാഹുവേ! നീ എപ്പോഴും നിന്റെ സംരക്ഷണത്തിലാക്കേണമേ നോമ്പ് മുഖേന നോമ്പുകാർക്ക് വിധിക്കപ്പെട്ടിരിക്കുന്ന പരിവർത്തനം അല്ലാഹുവെ ഞങ്ങളിലും ഉണ്ടാക്കേണമേ. ഈ പരിവർത്തനം ജീവിതം മുഴുവൻ ഞങ്ങൾക്ക് അനുഗ്രഹം കരസ്ഥമാക്കുന്നതാക്കി മാറ്റേണമേ.

പറയുന്നു, നിങ്ങളുടെ ഈ സ്തുതിയും, പരിശുദ്ധിയെ വാഴ്ത്തലും ഏകത്വ പ്രഖ്യാപനവും എല്ലാം പൂർണ്ണമായും ദൈവത്തിൽ വിലയം പ്രാപിക്കുന്ന അവസ്ഥ സംജാതമാക്കുന്നതാണ്. തബത്തുൽ കരഗതമാകുന്നു. തബത്തുൽ ഇലല്ലാഹ് എന്ന് പറഞ്ഞാൽ അല്ലാഹുവിന്റെ പ്രീതിക്കായി എല്ലാവിധ ഭൗതികാഗ്രഹങ്ങളിൽനിന്നും വിച്ഛേദനം കരസ്ഥമാക്കുക എന്നതാണ്. അല്ലാഹുവിനോട് പൂർണ്ണ കൂറു പുലർത്തികൊണ്ട് ബന്ധം നിലനിർത്തുക. തുടർന്ന് പറയുന്നു, ഭൗതിക വിച്ഛേദനം ഇതു മുഖേന കരഗതമാകുന്നു. ഭൗതികമായ എല്ലാ വിനോദങ്ങളിൽ നിന്നു തന്നെ അകറ്റി നിർത്തുക. അല്ലാഹുവിന്റെ ആരാധനയിൽ പൂർണ്ണമായും ശ്രദ്ധ ചെലുത്തുക. അങ്ങനെയാകുമ്പോഴാണ് അല്ലാഹു പറഞ്ഞ ലക്ഷ്യം കരസ്ഥമാക്കുന്നവരായി നാമും മാറുന്നത്. നോമ്പുകാരൻ തഖ്‌വ കരസ്ഥമാക്കുന്നവനായി മാറുന്നതാണ്.

ഞാൻ ഒരു സുഹൃത്തിന്റെ സംഭവം പറഞ്ഞിരുന്നുവല്ലോ, മുമ്പുള്ള മതക്കാർ അവരുടെ മതകർമ്മങ്ങൾ ഉപേക്ഷിച്ചിരിക്കുന്നു. അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്നതിനായി അവർ പറഞ്ഞ നിബന്ധനകളെ അവർ ഉപേക്ഷിച്ച് കൊണ്ട് ഭൗതിക മര്യാദകൾക്ക് പ്രാധാന്യം നൽകി. ഏതു രീതിയിൽ നോമ്പെടുക്കണം എന്ന് അവരോട് നിർദ്ദേശിക്കപ്പെട്ടോ അതല്ലെങ്കിൽ അവർക്ക് മനസ്സിലായ നോമ്പെടുക്കേണ്ട രീതിയുടെ ആത്മാവിനെ പോലും അവർ ഉപേക്ഷിച്ച് കളയുകയുണ്ടായി. ഒരു ആരാധനയായ നോമ്പ്, അതിന്റെ ലക്ഷ്യം തഖ്‌വയും ദൈവപ്രീതിയും കരസ്ഥമാക്കലാണ്, അതെല്ലാം അവർ ഉപേക്ഷിച്ചു.

ഭൗതികമായ മര്യാദയുടെ പേരിൽ ആതിഥേയന്റെ പേരും പറഞ്ഞ് അല്ലാഹുവിന്റെ കൽപനയെ ലംഘിക്കുക എന്നതും ശിർക്കാണെന്ന് സൂക്ഷ്മമായി വിലയിരുത്തുമ്പോൾ മനസ്സിലാക്കുന്നതാണ്. അല്ലാഹുവിനെ വിട്ട് ആർക്കു നാം പ്രാധാന്യം നൽകുന്നുവോ അതു മുഖേന അല്ലാഹുവിന്റെ അസ്തിത്വം പിന്തള്ളപ്പെടുന്നു. ശിർക്ക് അതിനെ കീഴ്പ്പെടുത്തുന്നു.

പറയുന്നു, നിങ്ങൾക്ക് മുമ്പ് കഴിഞ്ഞു കടന്നവർക്കും നോമ്പ് നിർബന്ധമാക്കിയിരുന്നു. ഇത് നിങ്ങൾക്ക് മാത്രമുള്ള കൽപനയല്ല. എന്നാൽ മതപരമായി മുമ്പുള്ള സമൂഹത്തിന്റെ അവസ്ഥ മോശമായികൊണ്ടിരുന്നു. അവർ അല്ലാഹുവിന്റെ കൽപനയുടെ ആത്മാവിനെ മറന്നു പോയി. പ്രദർശനാത്മകതയിൽ മാത്രം ആരാധനകൾ ഒതുങ്ങിപ്പോയി.

ഈ ഉദാഹരണത്തിലൂടെ മുസ്‌ലിംകൾക്ക് നൽകുന്ന ഒരു പാഠം, നോമ്പിന്റെ ആത്മാവിനെ മനസ്സിലാക്കാത്ത അല്ലാഹുവിൽ വിലയം പ്രാപിക്കുന്ന കാര്യത്തിലേക്ക് മുന്നേറാത്ത, നോമ്പിൽ സ്തുതിയും ദൈവസ്മരണയിലും ശ്രദ്ധിക്കാത്ത, തങ്ങളുടെ നമസ്കാരങ്ങൾ ശ്രദ്ധിക്കാത്ത, തങ്ങളുടെ നോമ്പിൽ മാത്രം അഭിമാനം കൊള്ളുന്ന മുസ്‌ലിംകളോട് പറയുന്നത് അവരുടെ നോമ്പ് മുമ്പുള്ള മതക്കാർ ഇപ്പോൾ അനുഷ്ഠിക്കുന്ന നോമ്പു പോലെ വെറും നോമ്പ് മാത്രമായിത്തീരുന്നതാണ്. തഖ്‌വയെ കുറിച്ച് ശ്രദ്ധയില്ലെങ്കിൽ മുമ്പുള്ള മതങ്ങളെ വിശ്വസിച്ചവരുടെ അതേ അവസ്ഥ തന്നെയായിരിക്കും നിങ്ങളുടെയും അവസ്ഥ. ചില നാമധാരികളായ പണ്ഡിതർ നിർബന്ധ നോമ്പുകൾ കൂടാതെ നഫലായ ഐച്ഛിക നോമ്പും എടുക്കാറുണ്ട്. അതു പോലും അവർ പുറത്ത് പ്രകടിപ്പിക്കുന്നു. നഫൽ എന്നത് മറഞ്ഞു കൊണ്ട് ചെയ്യുന്ന ആരാധനയാണ്. അങ്ങനെയുള്ളവരെ കുറിച്ച് ഹ: മസീഹ് മൗഊദ് (അ) ഉം പറഞ്ഞിട്ടുണ്ട്. അതിഥികൾ വന്നാൽ ഭക്ഷണം വരുത്തിച്ചതിനു ശേഷം അവർ പറയും; 'നിങ്ങൾ ഭക്ഷണം കഴിക്കുക. എനിക്കിപ്പോൾ പറ്റില്ല.' ഇങ്ങനെ വ്യങ്ങ്യമായി തന്റെ നോമ്പിനെ പ്രദർശിപ്പിക്കാനാണ് അവർ ആഗ്രഹിക്കുന്നത്. ചിലർ റമദാനിൽ നോമ്പിന്റെ ദൈർഘ്യം എടുത്ത് പറഞ്ഞ് നടക്കാറുണ്ട്. ചിലർ തങ്ങളുടെ ഭക്തി പ്രദർശിപ്പിക്കാനായി താൻ അത്താഴം കഴിച്ചതും നോമ്പ് തുറന്നതും ഇത്ര കുറച്ച് ഭക്ഷണം കഴിച്ചിട്ടാണെന്ന് വെളിപ്പെടുത്തുന്നു. 'അത്താഴം കുറച്ചാണ്

കഴിച്ചത്, നോമ്പു തുറക്കുമ്പോഴും വളരെ കുറച്ചാണ് കഴിക്കാറുള്ളൂ.' ഇങ്ങനെ പറഞ്ഞ് നോമ്പിനെ പ്രകടിപ്പിക്കും. ചില സന്ദർഭങ്ങളിൽ ഇത് നാം അറിയാതെ പറഞ്ഞു പോകാറുണ്ട്. അതിൽ ഇതെല്ലാം പ്രദർശിപ്പിക്കണം എന്ന ഉദ്ദേശ്യ മൊന്നും ഉണ്ടാവില്ല. എന്നാൽ ചിലർ ഈ വക കാര്യങ്ങൾ പ്രത്യേകം എടുത്ത് പറയും. നാമധാരികളായ പണ്ഡിതന്മർ പ്രസംഗത്തിൽ അൽപ്പ ഭക്ഷണത്തിന്റെ കാര്യം പറയും. എന്നാൽ അമിതഭക്ഷണ പ്രിയരായി രിക്കും അവർ.

അല്ലാഹു പറയുന്നു. നിങ്ങളു ടെ ഓരോ ആരാധനയുടെയും ഉദ്ദേശ്യം തഖ്‌വ കരസ്ഥമാക്കുക എന്നതിനായിരിക്കണം. നിങ്ങളുടെ ആരാധനകൾ വെറും ബാഹ്യമായ പ്രകടനത്തിനാണെങ്കിൽ മുമ്പുള്ള വർക്ക് ഇങ്ങനെയുള്ള പ്രകടനം കൊണ്ട് ഒരു നേട്ടവും ലഭിക്കാത്ത തുപോലെ നിങ്ങൾക്കും ഒന്നും ലഭിക്കുന്നതല്ല. നോമ്പ് കൊണ്ട് നിങ്ങൾ ഉദ്ദേശിക്കുന്നത് ജനങ്ങളിൽ സ്വാധീനം ചെലുത്തുകയാണ് എങ്കിൽ അത് കാരണം അവർ സ്വാധീനിക്കപ്പെട്ടേക്കാം. അതാണ് നിങ്ങൾക്കുള്ള പ്രതിഫലം. അത് നിങ്ങൾക്ക് ലഭിക്കുകയും ചെയ്തു. അല്ലാഹുവിന്റെ പക്കൽ ഇതിന് ഒരു പ്രതിഫലവും ഉണ്ടാകില്ല. അല്ലാഹു വിന്റെ പക്കൽ വല്ല നന്മയുടെ പ്രതിഫലവും നിങ്ങൾ ആഗ്രഹി ക്കുന്നുണ്ടെങ്കിൽ ഇത് തഖ്‌വ ലഭിക്കാതെ കരഗതമാകുകയുമില്ല. തഖ്‌വയെക്കുറിച്ച് അല്ലാഹുവിന് മാത്രമേ ശരിക്കും വിധി പറയാൻ കഴിയുകയുള്ളൂ. തഖ്‌വയിൽ ചരിക്കുന്നവർ ആരാണെന്നും മറ്റും അവനാണ് തീരുമാനിക്കുന്നത്. അതുകൊണ്ട് ഒരു വിശ്വാസി ഈ രീതിയിൽ ചിന്തിച്ചു കൊണ്ട് തന്റെ റമദാൻ കഴിച്ചുകൂട്ടുമ്പോൾ ഈ നോമ്പ് ദൈവ പ്രീതി കരസ്ഥമാ ക്കുന്നതായി മാറും. ഭാവിയിൽ നന്മ ചെയ്യുന്നതിന് ഇത് കാരണമായി മാറും. അങ്ങനെയുള്ള വ്യക്തികൾ തിരുനബി(സ) പറഞ്ഞ ഒരു പ്രത്യേക ഗണത്തിൽ ഉൾപ്പെടുന്നു. ആ ഗണത്തെക്കുറിച്ച് തിരുനബി(സ) പറയുകയുണ്ടായി, വിശ്വാസത്തോ ടും ആത്മപരിശോധന ചെയ്തു കൊണ്ടും ആരാണോ റമദാനിലെ നോമ്പ് അനുഷ്ഠിക്കുന്നത് അവരു ടെ കഴിഞ്ഞുപോയ പാപങ്ങൾ പൊറുക്കപ്പെടുന്നതാണ്.

അല്ലാഹു പറയുന്നു: നോമ്പ് എനിക്ക് വേണ്ടിയാണ് എടുക്കു ന്നത്. ഞാൻ അങ്ങനെയുള്ള നോമ്പുകാരന്റെ പ്രതിഫലമായി മാറുന്നു. ദൈവപ്രീതി കരസ്ഥമാ ക്കുന്നതിനായി നോമ്പെടുക്കുന്ന വ്യക്തിയുടെ പ്രതിഫലം എന്ത് നൽകണം എന്ന് അല്ലാഹുവിന് മാത്രമേ അറിയുകയുള്ളൂ. അല്ലാഹു ദയാലുവാണ്. അവൻ നൽകുമ്പോ ൾ വളരെ കൂടുതലായി നൽകുന്നു.

ചുരുക്കത്തിൽ ഈ വിധത്തി ലുള്ള നോമ്പാണ് നാമോരുത്തരും പിടിക്കേണ്ടത്. ഈ നാളുകളിൽ എല്ലാവരും അത്താഴത്തിൽ എഴു ന്നേൽക്കുകയും വൈകുന്നേരം നോമ്പു തുറക്കാൻ ഒത്തൊരുമി ക്കുകയും ചെയ്യുന്നു. രാവിലെ മുതൽ വൈകുന്നേരം വരെ പട്ടിണി കിടക്കുക എന്നത് മാത്രം നോ മ്പിന്റെ ലക്ഷ്യമാകാതിരിക്കട്ടെ. മറിച്ച് തഖ്‌വയെ അന്വേഷിക്കുക. അല്ലാ ഹുവിന്റെ പ്രീതി കരസ്ഥമാക്കാൻ ശ്രമിക്കുക. പരിചയായിത്തീരുന്ന നോമ്പാക്കിത്തീർക്കുക. എല്ലാ തിന്മ യിൽ നിന്നും രക്ഷിക്കുന്നതും എല്ലാ നന്മകളും സ്വായത്തമാക്കാൻ കഴിയുന്നതുമായ നോമ്പാക്കിമാറ്റു ക. പകൽ പട്ടിണിയിൽ മാത്രം കഴിച്ചുകൂട്ടാതെ ദൈവസ്മരണ യിൽ മുഴുകുന്നതും രാത്രികളെ നഫലുകളാൽ നിറക്കുന്നതുമായ നോമ്പാക്കിമാറ്റുക.

തിരുനബി(സ) റമദാനിലെ നഫലുകൾക്ക് വലിയ പ്രാധാന്യം നൽകിയിട്ടുണ്ട്. പറയുന്നു; ആരാ ണോ റമദാനിലെ രാത്രിയിൽ എഴുന്നേറ്റ് നഫൽ നമസ്കരിക്കു ന്നത് അവരുടെ പാപങ്ങൾ പൊറു ക്കപ്പെടുന്നതാണ്. നോമ്പ് മതപര മായ തിന്മകളിൽ നിന്നും രക്ഷപ്പെട്ട് ആത്മീയവളർച്ചക്ക് മാത്രം ഉപകരി ക്കുന്നതല്ല, മറിച്ച് ഭൗതിക ദോഷ ങ്ങളിൽ നിന്നും രക്ഷപ്പെടുത്തുന്ന തും ഭൗതികഗുണങ്ങൾ നൽകുന്ന തും കൂടിയാണ്. ഉദാഹരണത്തിന്ന് ഡോക്ടർമാരും ശാസ്ത്രജ്ഞമാരി ൽ ഒരു വിഭാഗവും സമ്മതിച്ചു തുടങ്ങിയിട്ടുണ്ട്. അതായത് വർഷ ത്തിൽ ഒരു മാസം ഭക്ഷണത്തി ലുള്ള നിയന്ത്രണം മനുഷ്യശരീര ത്തിന് വളരെ ഗുണകരമാണ്. അല്ലാഹുവിന്റെ പ്രീതിയാണ് ലക്ഷ്യം വെക്കുന്നതെങ്കിൽ ഭൗതിക നേട്ടങ്ങളും അതോടൊപ്പം ലഭിക്കു ന്നു. ഇതല്ലാതെയും പല നേട്ടങ്ങളും ലഭിക്കുന്നതാണ്. നോമ്പ് തഖ്‌വ കരസ്ഥമാക്കുന്നതിനായി അനുഷ്ഠി ക്കുമ്പോൾ, തഖ്‌വ സ്വായത്തമാ ക്കുന്നതിൽ കഴിച്ചുകൂട്ടുന്ന റമദാൻ, സമൂഹത്തിന്റെ സൗന്ദര്യത്തിനും കാരണമായിത്തീരുന്നു. മറ്റുള്ളവർ ക്കായി ത്യാഗം ചെയ്യാനുള്ള ആത്മാവ് ഉണ്ടായിത്തീരുന്നു. ദരി ദ്രരുടെ ആവശ്യങ്ങൾ നിറവേറ്റുന്ന തിലേക്ക് ഇത് ശ്രദ്ധ തിരിക്കുന്നു. തിരുനബി(സ) യുടെ മാതൃക നമ്മു ടെ മുമ്പിലുണ്ട്. അതിൽ നിന്നും മനസ്സിലാകുന്നത് റമദാൻ മാസത്തി ൽ തിരുനബി(സ) ദാനധർമ്മങ്ങൾ ശക്തമായ കാറ്റു വീശുന്നത് പോലെ ചെയ്തിരുന്നു എന്നാണ്. തീർച്ച യായും ഇത് സമൂഹത്തിലുണ്ടാ കുന്ന അസ്വസ്ഥകളെ ദൂരീകരിക്കാ ൻ കാരണമാകുന്നതാണ്. ഒരു വിശ്വാസിയുടെ ഹൃദയത്തിൽ മറ്റൊരു വിശ്വാസിക്ക് വേണ്ടി തന്റെ ആവശ്യക്കാരനായ സഹോദരന് വേണ്ടി സ്നേഹവികാരം അലതല്ലേ ണ്ടതാണ്. അല്ലാഹുവിന്റെ പ്രീതി ക്കായി നോമ്പെടുക്കുന്ന ധനികനാ യ ഒരു സുഹൃത്തിനോട് സ്നേഹ വും നന്ദിയും ഒരു ദരിദ്രനായ വിശ്വാസിയിൽ ഉണ്ടാകുന്നതിന് ഇത് കാരണമായിത്തീരുന്നതാണ്. തഖ്‌വ സ്വായത്തമാക്കാനുള്ള നോമ്പാണെ ങ്കിൽ അതിൽ കഠിനാധ്വാനത്തിനു ള്ള ശീലം ഉണ്ടായിത്തീരുന്നു. അത്താഴത്തിലും ഇഫ്ത്താരിയിലും ഭക്ഷണം കുറച്ച് കഴിക്കുന്നത്

മറ്റുള്ളവരെ കാണിക്കാനായിരിക്കില്ല. മറിച്ച് ഭൗതിക ഭക്ഷണം കുറച്ച്, ആത്മ വിശുദ്ധീകരണത്തിലേക്ക് ശ്രദ്ധിക്കാൻ വേണ്ടിയായിരിക്കും. ഭക്ഷണം കുറച്ച് കഴിച്ച് ഞങ്ങൾ ക്ഷീണിച്ച് പോകുമോ എന്ന് ചിന്തിക്കുന്നവരും അത്താഴത്തിലും നോമ്പ് തുറക്കുമ്പോഴും വളരെ കൂടുതൽ കഴിക്കുന്നവരും ഇതിൽ നിന്നും പാഠം പഠിക്കേണ്ടതാണ്. തങ്ങളുടെ ഭക്ഷണം അവർ നിയന്ത്രിക്കണം.

ഫിത്നയും കുഴപ്പവും ഉണ്ടാകാൻ സാധ്യതയുള്ള സ്ഥലങ്ങളിൽ നിന്നും, പിണക്കവും ബന്ധങ്ങളിൽ വിള്ളലുകൾ ഉണ്ടാകാനും സാധ്യതയുള്ള സ്ഥലങ്ങളിലും **ഇന്നീ സാഇമൂൻ** (ഞാൻ നോമ്പുകാരനാണ്) എന്ന് പറഞ്ഞുകൊണ്ട് ഒഴിയാനാണ്. റസൂൽ തിരുമേനി(സ) കൽപ്പിച്ചത്. ഇതിലെല്ലാം തഖ്‌വയുടെ മാർഗങ്ങൾ കാണിച്ചുതരികയാണ് ചെയ്യുന്നത്. നോമ്പിന്റെ കടമകൾ നിറവേറ്റാനും തഖ്‌വ സ്വായത്തമാക്കാനും തങ്ങളുടെ വികാരങ്ങളെ നിയന്ത്രിക്കേണ്ടതും അനിവാര്യമാണ്. പ്രശ്നങ്ങളിൽ നിന്നും നാം നമ്മെ രക്ഷപ്പെടുത്തണം. അപ്പോഴാണ് നോമ്പുകൊണ്ടുള്ള ഫലം കരസ്ഥമാകുന്നത്. പരദൂഷണത്തിൽ നിന്നും സ്വയം രക്ഷിക്കണം. കളവ് പറയുന്നതിൽ നിന്നും തെറ്റായ വിവരണങ്ങളിൽ നിന്നും സ്വയം രക്ഷിക്കണം. നോമ്പുകാരൻ തന്റെ നാവിനെ തെറ്റായ വിവരങ്ങൾ നൽകുന്നതിൽ നിന്നും തടയേണ്ടതാണ്. തന്റെ നാവിനെ ഒരു മാസം വരെ നിയന്ത്രിക്കുകയും തെറ്റായ വിവരങ്ങൾ നൽകുന്നതിൽ നിന്ന് തടയുന്നതും ഭാവിയിൽ വിവിധ തെറ്റുകളിൽ നിന്നും അപകടങ്ങളിൽ നിന്നും മനുഷ്യനെ രക്ഷിക്കുന്നതായിരിക്കും. ഒരു മാസം തിന്മയിൽ നിന്നും രക്ഷപ്പെടാൻ ശ്രമിച്ചാൽ തഖ്‌വയിൽ സ്ഥിരമായി ചരിക്കാനുള്ള ശീലം ഉണ്ടായിത്തീരുന്നതാണ്. തഖ്‌വ അന്വേഷിക്കുന്ന ശീലം ഉണ്ടായിത്തീരുന്നതാണ്. ഈ ശീലം ഉണ്ടാക്കിയെടുക്കുക എന്നതാണ് നോമ്പുകൊണ്ടും റമദാൻ കൊണ്ടും ഉദ്ദേശിക്കുന്നത്. അതല്ലാതെ വർഷത്തിൽ ഒരു മാസം മാത്രം നന്മ ചെയ്യുകയും ദൈവപ്രീതി കരസ്ഥമാക്കാനുള്ള പരിശ്രമം നടത്തുകയും പതിനൊന്ന് മാസവും തന്നിഷ്ടം പ്രവർത്തിക്കുകയും തിന്മയിൽ മുഴുകുകയും ചെയ്യുക എന്നതല്ല ഇത് കൊണ്ട് ഉദ്ദേശിക്കുന്നത്.

അതുകൊണ്ട് ഓരോരുത്തരും ഈ മാസം ഒരാത്മപരിശോധന നടത്തിക്കൊണ്ട് റമദാനിന്റെ ആത്മാവിനെ അന്വേഷിക്കേണ്ടിയിരിക്കുന്നു. തഖ്‌വയുടെ മാർഗം അന്വേഷിക്കേണ്ടിയിരിക്കുന്നു. അനുവദനീയമായതും നല്ലതുമായ വസ്തുക്കൾ തന്നെയും അല്ലാഹുവിന്റെ കൽപനപ്രകാരം ഉപേക്ഷിക്കുവാനുള്ള പരിശീലനം നമ്മിൽ സ്വഭാവസംസ്ക്കരണത്തിന് ശ്രമിക്കുന്നതിനുള്ള കാരണമായിത്തീരണം. സൃഷ്ടികളുടെ കടമകൾ നിറവേറ്റുന്നതിലേക്ക് ശ്രദ്ധയുണ്ടാകുമ്പോൾ, ദരിദ്രസഹോദരങ്ങളെ സഹായിക്കുന്നതിലേക്ക് ശ്രദ്ധയുണ്ടാകുമ്പോൾ അതിനെ ജീവിതമുടനീളം ശ്രദ്ധിക്കുന്നതാക്കി മാറ്റാനായി പരിശ്രമിക്കുകയും ചെയ്യേണ്ടതാണ്. റമദാനിൽ ഇബാദത്തുകളുടേയും ത്യാഗങ്ങളുടേയും ഒരു പ്രത്യേക അന്തരീക്ഷം സൃഷ്ടിക്കപ്പെടുന്നു. അതിനെ സ്ഥിരമായി നില നിർത്താൻ ശ്രമിക്കണം. അങ്ങിനെ മുത്തഖീങ്ങളുടെ ഗണത്തിൽ ഉൾപ്പെടുന്നവരിലേക്ക് ഗമനം ചെയ്യുന്നവരായി നാം മാറട്ടെ. ഈ റമദാനിൽ നമ്മുടെ സർവ്വകഴിവും ഉപയോഗിച്ച് കൊണ്ട് അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കൻ ശ്രമി ക്കേണ്ടതാണ്.

റമദാനിൽ സ്വർഗകവാടങ്ങൾ അല്ലാഹു തുറന്നിടുന്നു എന്നത് അല്ലാഹു നമ്മോട് ചെയ്യുന്ന ഔദാര്യമാണ്. നരക കവാടങ്ങൾ അടക്കുകയും ചെയ്യുന്നു. ഈ മാസത്തിൽ ഇബാദത്തുകളും ആത്മപരിശുദ്ധിയും സൃഷ്ടികളോടുള്ള കടമകളും നിറവേറ്റിക്കൊണ്ട് സ്വർഗത്തിന്റെ ഈ കവാടങ്ങളിലൂടെ സ്വർഗത്തിൽ പ്രവേശിക്കാൻ ശ്രമിക്കേണ്ടതാണ്. അത് പിന്നീട് എപ്പോഴും തുറന്ന് തന്നെ കിടക്കുന്നതായിത്തീരട്ടെ. അല്ലാഹുവിന്റെ മുമ്പിൽ തൗബയും ഇസ്തിഗ്ഫാറും ചെയ്തു കൊണ്ട് കുമ്പിടുക. തൗബ സ്വീകരിച്ചു കൊണ്ട് അല്ലാഹു സന്തുഷ്ഠനാകുന്ന ദാസരിൽ ഉൾപ്പെടുന്നവരായി നാം മാറട്ടെ. തൗബ ചെയ്തു മടങ്ങുന്ന വ്യക്തിയെ കാണുമ്പോൾ കളഞ്ഞുപോയ തന്റെ പിഞ്ചോമനയെ ലഭിക്കുന്ന മാതാവിനേക്കാളും അല്ലാഹു സന്തോഷവാനാകുന്നു. അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്നവരും കളഞ്ഞുപോയ പിഞ്ചോമനയെ ലഭിക്കുമ്പോൾ മാതാവിനുണ്ടാകുന്ന സന്തോഷത്തേക്കാളും കൂടുതൽ സന്തോഷം ഈ റമദാനിൽ അല്ലാഹുവിന് നൽകുന്നവരുമായി നാം മാറട്ടെ.

അല്ലാഹുവിന് സന്തോഷം നൽകാൻ നേരത്തെ പറഞ്ഞതുപോലെ നമുക്ക് തഖ്‌വയിൽ ചരിച്ചു കൊണ്ട് ഫർളുകളും നഫലുകളുമാകുന്ന ആരാധനകളുടെ നിലവാരം കൂടി നമുക്ക് ഉയർത്തേണ്ടിയിരിക്കുന്നു. നമ്മുടെ നോമ്പിന്റെ കടമകൾ നിറവേറ്റാൻ ശ്രമിക്കേണ്ടിയിരിക്കുന്നു. സൃഷ്ടികളുടെ കടമ നിറവേറ്റുന്നതിലേക്ക് ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. അല്ലാഹു തന്റെ ഫദ്ൽ ഒന്നു കൊണ്ട് മാത്രം ഇതെല്ലാം ഈ റമദാനിൽ കരസ്ഥമാക്കാനുള്ള തൗഫീഖ് നമുക്ക് നൽകുമാറാകട്ടെ.



# റമദാൻ: ചില വസ്തുതകൾ

ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)

"വ്രതാനുഷ്ഠാനം കൊണ്ടുള്ള വിവക്ഷിതം ഒരു ക്ലിപ്തകാലംവരെ ആഹാരപാനീയങ്ങൾ ഉപേക്ഷിച്ച് വിശപ്പു സഹിക്കുക മാത്രമല്ല എന്നത് സ്മർത്തവ്യമാണ്. എല്ലാതരം ദോഷങ്ങളിൽനിന്നും അകന്നു നിൽക്കുമാറ് നോമ്പുകാരൻ ദൈവസ്മരണയിൽ അധികമധികം ഏർപ്പെട്ടിരിക്കേണ്ടത് അത്യാവശ്യമാകുന്നു. തിരുനബി(സ)റമദാൻ മാസത്തിൽ വളരെയധികം ദൈവാരാധനയിൽ വ്യാപൃതനാകുക പതിവായിരുന്നു. അതുകൊണ്ട് നോമ്പുകാലത്ത് ഭക്ഷണപാനിയാദികളെ സംബന്ധിച്ച ചിന്തകളിൽനിന്ന് വിരമിക്കുകയും ആ വക കാര്യങ്ങളുമായുള്ള കെട്ടുപാടുകളെ ഉപേക്ഷിക്കുകയും ചെയ്തുകൊണ്ട് ശ്രദ്ധ മുഴുവൻ ദൈവത്തിൽ ആക്കിത്തീർക്കേണ്ടതാണ്. ഭൗതികമായ ഭക്ഷണ സാധനങ്ങൾ ലഭിച്ചിരിക്കെ ആത്മീയാഹാരത്തെക്കുറിച്ചു ചിന്തിക്കാത്ത മനുഷ്യൻ ഭാഗ്യഹീനനാണെന്നുവേണം പറയാൻ. ഭക്ഷണം കഴിക്കുന്നതു മൂലം ശരീരത്തിന് ബലവും ഓജസം നിലനില്ക്കുന്നതുപോലെ ആത്മീയാഹാരം മൂലം ആത്മാവിന് രക്ഷയും ആത്മശക്തികൾക്കു ചൈതന്യവും സിദ്ധിക്കുന്നു. എല്ലാവിധ സഫലതകളുടേയും കവാടം ദൈവാനുഗ്രഹത്താൽ തുറക്കുമാറാകുന്നതിനാൽ വിജയലബ്ധിക്കു അവനിൽനിന്നുതന്നെ സഹായം തേടേണ്ടതാണ്.'' (ഇസ്ലാമിലെ അഞ്ചു കാര്യങ്ങൾ പേജ് 15,16).

### നോമ്പിന്റെ ഉദ്ദേശ്യവും നോമ്പുകാരന്റെ കടമയും

"ഇസ്ലാമിന്റെ അനുഷ്ഠാന കർമങ്ങളിൽ മൂന്നാമത്തേത് നോമ്പാകുന്നു. നോമ്പിന്റെ യാഥർഥ്യത്തെക്കുറിച്ചും ജനങ്ങൾ അജ്ഞരാണ്. വാസ്തവം എന്താണെന്നു വെച്ചാൽ, പോയി കണ്ടിട്ടില്ലാത്ത രാജ്യത്തെക്കുറിച്ചും അറിവില്ലാത്ത ലോകത്തെക്കുറിച്ചും മനുഷ്യന് എന്താണ് പറയാൻ കഴിയുക? മനുഷ്യൻ വിശന്നും ദാഹിച്ചും ഇരിക്കുകയെന്നതു മാത്രമല്ല നോമ്പ്. അതിനൊരു തത്ത്വമുണ്ട്. അതിനൊരു പ്രഭാവമുണ്ട്. അത് അനുഭവത്തിലൂടെയാണ് അറിയാൻ കഴിയുക. ഭക്ഷണം കുറയ്ക്കുന്നതനുസരിച്ച് ആത്മാവ് പരിശുദ്ധമാകുന്നുവെന്നത് മനുഷ്യ പ്രകൃതിയിലുള്ളതാണ്. ദർശനശക്തി വർധിക്കുന്നു. ഭൗതികഭക്ഷണം കുറച്ച് ആത്മീയഭക്ഷണം അധികമാക്കുക എന്നതാണ് അല്ലാഹു ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. വിശപ്പ് മാത്രമല്ല അവനിൽനിന്ന് പ്രതീക്ഷിക്കുന്നതെന്ന കാര്യം നോമ്പുകാരന്റെ ദൃഷ്ടിയിലുണ്ടായിരിക്കണം. എന്നല്ല, ഏകാന്തവാസവും ഭൗതികതയിൽനിന്നുള്ള അകൽച്ചയും ലഭിക്കാനായി ദൈവസ്മരണയിൽ അധിമധികം ലയിക്കുകയും വേണം. കേവല ശരീരത്തിന് പോഷണം നൽകുന്ന ഭക്ഷണം ഉപേക്ഷിച്ച് ആത്മാവിന്റെ തൃപ്തിയ്ക്കും സമ്പുഷ്ടിക്കും ഉതകുന്ന ഭക്ഷണം സ്വീകരിക്കുക എന്നതാണ് നോമ്പുകൊണ്ടുള്ള ഉദ്ദേശ്യം. ഒരു ചടങ്ങുതീർക്കുന്നുവെന്ന നിലയിലല്ലാതെ ആരാണോ അല്ലാഹുവിനുവേണ്ടി നോമ്പുനോല്ക്കുന്നത് അയാൾ ആധ്യാത്മിക ഭക്ഷണം ലഭിക്കുന്നതിന്നായി അല്ലാഹുവിനെ സ്തുതിക്കുന്നതിലും അവനെ പ്രകീർത്തിക്കുന്നതിലും അവന്റെ ഏകത്വ കീർത്തനത്തിലും മുഴുകേണ്ടതാണ്.'' (മൽഫൂദാത്ത് വാള്യം 9 പേജ് 123, 1984)

### റമദാൻ എന്ന നാമം

''സൂര്യന്റെ ചൂടിനാണ് **റമദ** എന്നു പറയുന്നത്. റമദാനിൽ മനുഷ്യൻ ഭക്ഷണപാനീയങ്ങളിലും ശാരീരിക സുഖങ്ങളിലും ക്ഷമ കൈക്കൊള്ളുന്നു. രണ്ടാമതായി അല്ലാഹുവിന്റെ കല്പനകൾ പാലിക്കുന്നതിൽ ഒരു ചൂടും ആവേശവും ഉണ്ടാക്കുന്നു. ആത്മീയവും ശാരീരികവുമായ ചൂടും താപവും ചേർന്ന് **റമദാൻ** (രണ്ടുചൂട്) ഉണ്ടായി. ചൂടു മാസത്തിൽ വന്നു, അതുകൊണ്ട് റമദാൻ എന്നുപറയപ്പെട്ടു എന്ന് നിഘണ്ടുകർത്താക്കൾ പറയുന്നത് എന്റെ അഭിപ്രായത്തിൽ ശരിയല്ല. എന്തുകൊണ്ടെന്നാൽ, അറബികൾക്കു മാത്രം ഈ പ്രത്യേകത ഉണ്ടാകാവതല്ല. ആത്മീയമായ ചൂടുകൊണ്ടുള്ള ഉദ്ദേശ്യം ആത്മീയമായ താൽപര്യവും ആസക്തിയും മതപരമായ കാര്യങ്ങൾ നിർവഹിക്കുന്നതിലുള്ള ചൂടുമാണ്. കല്ലുകൾ തുടങ്ങിയവ ചൂടാകുന്ന വെയിലിനും **റമദ** എന്നു പറയും." (തഫ്സീർ ഹദ്റത്ത് മസീഹ് മൗഊദ്(അ) വാള്യം 1, പേജ് 264)

### റമദാൻ മാസത്തിന്റെ മഹത്വം

''**ശഹ്റു റമദാനല്ലദീ ഉൻസില ഫീഹിൽ ഖുർആൻ** ഈ വാക്യത്തിൽനിന്ന് റമദാൻ മാസത്തിന്റെ മഹത്വം മനസ്സിലാകുന്നുണ്ട്. മനസ്സിനെ പ്രകാശിപ്പിക്കുന്നതിന് ഉത്തമമായ മാസമാണിതെന്ന് സൂഫീവര്യന്മാർ എഴുതിയിരിക്കുന്നു. ഇതിൽ ധാരാളമായി കശ്ഫുകൾ(ജാഗ്രദർശ

നങ്ങൾ)ഉണ്ടാകുന്നു. നമസ്ക്കാരം ആത്മാവിനെ ശുദ്ധീകരിക്കുന്നു. നോമ്പ് മനസ്സിനെ പ്രകാശിപ്പിക്കുന്നു. ദോഷപ്രവണമായ ആത്മാവിന്റെ ഭോഗേച്ഛകളിൽ നിന്ന് അകൽച്ച ലഭിക്കുക എന്നതാണ് ആത്മാവിന്റെ ശുദ്ധീകരണം കൊണ്ടുദ്ദേശിക്കുന്നത്. മനസ്സിന്റെ പ്രകാശനം കൊണ്ടുദ്ദേശിക്കുന്നത് അല്ലാഹുവിനെ കാണുംവിധം അവനിൽ കശ്ഫിന്റെ കവാടം തുറക്കുക എന്നതാണ്. ഈ സൂചനയാണ് **ഉൻസില ഫീഹിൽഖുർആൻ** എന്നതിലുളളത്. ഇതിൽ സംശയമോ സന്ദേഹമോ ഒന്നുമില്ല. നോമ്പിന്റെ പ്രതിഫലം വളരെ വലുതാണ്. പക്ഷേ, രോഗങ്ങളും ഉദ്ദേശ്യങ്ങളും ഈ അനുഗ്രഹത്തിൽനിന്ന് മനുഷ്യനെ തടയുന്നു.'' (തഫ്സീർ, ഹദ്റത്ത് മസീഹ് മൗഊദ്(അ) വാള്യം 1, പേജ് 264-265)

## ധർമശാസ്ത്രങ്ങൾ കൊണ്ടുളള ഫലം

"ഈ നിയന്ത്രണങ്ങളുടെ ഫലമായി അവൻ സമസൃഷ്ടികളുടെ അവകാശങ്ങൾ യഥാക്രമം തിരിച്ചറിയുകയും അവരോടുളള പെരുമാറ്റത്തിൽ നീതി, പരോപകാരത, സഹതാപം എന്നീ ധർമങ്ങളെ യഥാർഹം അനുവർത്തിക്കുകയും ചെയ്യുന്നു. തനിക്കു അല്ലാഹു നൽകിയ ജ്ഞാനവിജ്ഞാനങ്ങളിലും സുഖൈശ്വര്യങ്ങളിലും മറ്റനുഗ്രഹങ്ങളിലും അന്യരേയും യഥായോഗ്യം പങ്കാളികളാക്കിത്തീർക്കുന്നു. സൂര്യനെപ്പോലെ അവൻ തന്റെ പ്രകാശസമ്പത്ത് എല്ലാവർക്കും പകർന്നുകൊടുക്കുകയും ചന്ദ്രനെപ്പോലെ അവൻ സർവ പ്രകാശകേന്ദ്രമായ അല്ലാഹുവിൽനിന്ന് സ്വീകരിക്കുന്ന പ്രഭാപൂരം അന്യർക്ക് ചൊരിഞ്ഞുകൊടുക്കുകയും ചെയ്യുന്നു. പകലിനെപ്പോലെ അവൻ പ്രകാശവാനായി സത്യത്തിന്റേയും സൽഗതിയുടേയും മാർഗങ്ങൾ ലോകർക്ക് കാണിച്ചുകൊടുക്കുന്നു. രാവിനെപ്പോലെ ബലഹീനരുടെ ദൗർബല്യങ്ങളേയും ചാപല്യങ്ങളേയും മറച്ചുവെക്കുകയും ക്ഷീണിതർക്കും ദുഃഖിതർക്കും വിശ്രമം നൽകുകയും ചെയ്യുന്നു. അവൻ ആകാശത്തെപ്പോലെ പരവശർക്കും അഭയാർഥികൾക്കും ശരണമേകുകയും അവസരോചിതം തന്റെ കൃപാവർഷം അവരിൽ ചൊരിയുമാറാകുകയും ചെയ്യുന്നു. ഭൂമിയെപ്പോലെ അത്യന്തം വിനയത്തോടുകൂടി മറ്റുളളവർക്ക് സൗഖ്യവും ക്ഷേമവും നൽകുന്നതിന് സ്വയം കഷ്ടതകൾ വരിക്കുകയും സകലരേയും തന്റെ ദാക്ഷിണ്യാങ്കണത്തിൽ അണച്ചുകൂട്ടുകയും അവർക്ക് വിവിധ തരത്തിലുളള ആത്മീയ ഫലങ്ങൾ വെച്ചു കൊടുക്കുകയും ചെയ്യുന്നു." (ഇസ്‌ലാംമത തത്ത്വജ്ഞാനം പേജ് 191, 192)

## ചില സംശയനിവാരണങ്ങൾ

**?** യാത്രക്കാരനും രോഗിയും ഫിദ്‌യഃ കൊടുക്കേണ്ടതുണ്ടോ?

അല്ലാഹു ശരീഅത്തിന്റെ അടിത്തറ ബലാൽക്കാരത്തിൽ വെച്ചിട്ടില്ല. കഴിവുളള യാത്രക്കാരനും രോഗിയും നോമ്പിനു പകരം ഫിദ്‌യഃ കൊടുക്കേണ്ടതാണ്. ഒരു അഗതിയ്ക്കു ഭക്ഷണം നൽകുക എന്നതാണ് ഫിദ്‌യഃ. (മൽഫൂദാത്ത് വാള്യം 9, പേജ്431, 1984) *ഇവിടെ രോഗി എന്നതുകൊണ്ടുള്ള ഉദ്ദേശ്യം നടപ്പു വർഷം ആരോഗ്യം തിരിച്ചു കിട്ടുമെന്ന് പ്രതീക്ഷയില്ലാത്തവരാണ്.*

**?** ഫിദ്‌യഃ കൊടുക്കേണ്ട രോഗികൾ ആരൊക്കെയാണ്?

വാർധക്യം പ്രാപിച്ചവരോ നോമ്പു പിടിക്കാൻ ഒരിക്കലും സാധിക്കാത്തവരോ ആണ് ഫിദ്‌യഃ കൊടുക്കേണ്ടത്. ആരോഗ്യം വീണ്ടു കിട്ടി നോമ്പുപിടിക്കാൻ സാധിക്കുന്നവർ ഫിദ്‌യഃ കൊടുത്ത് പരിഹാരം കാണാം എന്നു ചിന്തിക്കുന്നത് ആലസ്യത്തിന്റെ വാതിൽ തുറക്കലാണ്. അധ്വാനമില്ലാത്ത മതം നമ്മുടെ പക്കൽ മതമല്ല. ഇതേപോലെ അല്ലാഹു നൽകിയിട്ടുളള ഉത്തരവദിത്വങ്ങൾ ഒഴികഴിവ് പറഞ്ഞ് സ്വന്തം തലയിൽനിന്നകറ്റുന്നതും കടുംപാപമാണ്. അല്ലാഹു പറഞ്ഞിരിക്കുന്നു: 'നമ്മുടെ മാർഗത്തിൽ അത്യധ്വാനം ചെയ്യുന്നവർക്ക് സന്മാർഗം നൽകപ്പെടും.' (മൽഫൂദാത്ത് വാള്യം 9, പേജ് 433, 1984)

**?** ഞാൻ ഇന്നേവരെ നോമ്പുനോറ്റിട്ടില്ല. അതിനെല്ലാം ഫിദ്‌യഃ കൊടുക്കേണ്ടതുണ്ടോ

അല്ലാഹു ഓരോരുത്തർക്കും അവർക്കു വഹിക്കാവുന്നതിനെക്കാൾ കൂടുതൽ വിഷമം കൊടുക്കുകയില്ല. കഴിവിനനുസരിച്ച് കഴിഞ്ഞുപോയതിന്റെ ഫിദ്‌യഃ കൊടുക്കുക. ഇനി എല്ലാ നോമ്പും നോല്ക്കുമെന്ന് പ്രതിജ്ഞ ചെയ്യുക. (മൽഫൂദാത്ത് വാള്യം 4, പേജ് 380, 1984)

**?** ഖാദിയാനിലെ യത്തീം ഫണ്ടിലേക്ക് ഫിദ്‌യഃ അയക്കാമോ?

കാര്യം ഒന്നുതന്നെയാണ്. തദ്ദേശവാസികളായ ഏതെങ്കിലും അഗതിയ്ക്കു കൊടുക്കുകയോ യതീം-മിസ്കീൻ ഫണ്ടിലേക്ക് അയക്കുകയോ ചെയ്യാവുന്നതാണ്

**?**നോമ്പുകാരന് താടിയിലും മീശയിലും തലയിലും എണ്ണ പുരട്ടാമോ?

പുരട്ടാവുന്നതാണ്.

**?** നോമ്പുകാരന്റെ രോഗമുളള കണ്ണിൽ മരുന്നിറ്റിക്കുന്നത് അനുവദനീയമാണോ?

ഈ ചോദ്യംതന്നെ അപ്രസക്തമാണ്. രോഗിക്ക് നോമ്പ് പിടിക്കാൻ കല്പനയില്ല.

**?** നോമ്പുകാരന് കണ്ണിൽ സുറുമ എഴുതാമോ?

അത് വെറുക്കപ്പെട്ടതാണ്. പകൽ സുറുമ എഴുതേണ്ട ആവശ്യമെന്ത്? രാത്രിയിൽ അത് ആകാമല്ലോ?

**?** നോമ്പുകാരന് സുഗന്ധം ഉപയോഗിക്കാമോ?

ഉപയോഗിക്കാവുന്നതാണ്.

(മൽഫൂദാത്ത് വാള്യം 9, പേജ് 171 –172, 1984)

? മുറിയിലിരുന്ന ഞാൻ ഇടയത്താഴം കഴിക്കുകയായിരുന്നു. സമയം പോയതറിഞ്ഞില്ല. പുറത്തിറങ്ങിയപ്പോൾ വെള്ളവീശിയിരിക്കുന്നതായിക്കണ്ടു. ആ നോമ്പ് പിടിച്ചു വീട്ടണോ?

മനഃപൂർവമല്ലാത്തതുകൊണ്ട് ആവശ്യമില്ല.

? നോമ്പുകാരന് കണ്ണാടി നോക്കാമോ?

നോക്കാവുന്നതാണ്.

## ഫിദ്‌യഃ കൊടുക്കുന്നതിന്റെ ഉദ്ദേശ്യം

'എന്തിനാണ് ഫിദ്‌യഃ നിശ്ചയിച്ചിട്ടുളളതെന്ന് ഒരിക്കൽ ഞാൻ ചിന്തിച്ചു. ഭാഗ്യം തെളിയാൻവേണ്ടിയാണതെന്ന് മനസ്സിലായി; അതുമുഖേന നോമ്പു പിടിക്കാനുള്ള ഭാഗ്യം ലഭിക്കുക. ഭാഗ്യം നൽകാൻ അല്ലാഹുവിനു മാത്രമേ കഴിയൂ. സകല കാര്യങ്ങളും അവനോടുതന്നെ ചോദിക്കണം. അവനുദ്ദേശിച്ചാൽ ഒരു ശ്വാസരോഗിക്കുപോലും നോമ്പ് പിടിക്കാൻ കഴിവു നൽകാവുന്നതാണ്.'

## നോമ്പിന്റെ പ്രാധാന്യം

"മരണത്തോടടുത്തെത്തിയെങ്കിൽ മാത്രമേ നോമ്പ് ഉപേക്ഷിക്കുകയുള്ളു എന്നതാണ് എന്റെ അവസ്ഥ. നോമ്പ് ഉപേക്ഷിക്കാൻ മനസ്സാഗ്രഹിക്കുന്നില്ല. ഇത് അനുഗൃഹീതമായ ദിനങ്ങളാണ്. അല്ലാഹുവിന്റെ അനുഗ്രഹങ്ങളും കാരുണ്യങ്ങളും ഇറങ്ങുന്ന നാളുകളാണ്." (മൽഫൂദാത്ത് വാള്യം 2, പേജ് 203, 1984)

## മനസ്സിനുണ്ടാകുന്ന ആർദ്രത

"നോമ്പും നമസ്ക്കാരവും രണ്ടു ആരാധനകളാണ്. നോമ്പിന്റെ സ്വാധീനശക്തി ശരീരത്തിലും നമസ്ക്കാരത്തിന്റെ സ്വാധീനശക്തി ആത്മാവിലുമാണ്. നമസ്ക്കാരം കൊണ്ട് (ആത്മാവിന്)ഒരു ചുട്ടുനീറ്റലും അലിവും അനുഭവപ്പെടുന്നു. എന്നാൽ, ഈ അവസ്ഥ ചിലപ്പോൾ യോഗികളിലും ഉണ്ടാകാവുന്നതാണ്. പക്ഷേ, ദുആ മുഖേനയുണ്ടാകുന്ന ആത്മീയമായ ആർദ്രതയിൽ ആരും പെടുകയില്ല." (മൽഫൂദാത്ത് വാള്യം 7, പേജ് 374, 1984)

## യാത്രയിൽ നോമ്പ്

? യാത്രയിൽ നോമ്പ് പിടിക്കാൻ പാടുണ്ടോ?

വിശുദ്ധഖുർആനിൽ നിന്ന് മനസ്സിലാകുന്നത് *ഫമൻകാന മിൻകും മരീദൻ ഔ അലാ സഫരിൻ ഫ ഇദ്ദത്തുൻ മിൻ അയ്യാമിൻ ഉഖറ* രോഗിയും യാത്രക്കാരനും നോമ്പ് പിടിക്കരുതെന്നാണ്. ഇതിൽ കൽപ്പനയാണുള്ളത്. കഴിയുമെങ്കിൽ പിടിക്കുക കഴിയില്ലെങ്കിൽ പിടിക്കരുത് എന്ന് അല്ലാഹു പറഞ്ഞിട്ടില്ല. എന്റെ അഭിപ്രായത്തിൽ യാത്രക്കാരൻ നോമ്പ് പിടിക്കാതിരിക്കേണ്ടതാണ്. എന്നാൽ പൊതുവേ അധികമാളുകളും പിടിക്കാറുണ്ട്. എല്ലാവരും പിടിക്കുന്നു എന്ന് മനസ്സിലാക്കി ആരെങ്കിലും പിടിക്കുകയാണെങ്കിൽ പ്രശ്നമൊന്നുമില്ല. പക്ഷേ മറ്റ് ദിനങ്ങളിൽ പിടിച്ചുവീട്ടുക എന്നതിനെ പരിഗണിക്കേണ്ടതാണ്. യാത്രയിൽ ബുദ്ധിമുട്ട് സഹിച്ച് നോമ്പ് പിടിക്കുന്നവൻ തന്റെ കരബലം കൊണ്ട് അല്ലാഹുവിനെ തൃപ്തിപ്പെടുത്താൻ ആഗ്രഹിക്കുകയാണ് ചെയ്യുന്നത്. കൽപ്പന പാലിച്ച് അവനെ തൃപ്തിപ്പെടുത്താൻ ആഗ്രഹിക്കുന്നില്ല. ഇത് തെറ്റാണ്. വിധിവിലക്കുകളെ അനുസരിക്കുന്നതിലാണ് സത്യസന്ധമായ വിശ്വാസം കുടികൊള്ളുന്നത്. (മൽഫൂദാത്ത് വാള്യം 1, പേജ് 292,293 – 1984)

## തറാവീഹ് നമസ്ക്കാരം

? റമദാനിൽ തറവീഹ് എട്ട് റക്അത്ത് ഉറങ്ങുന്നതിനു മുമ്പേ ജമാഅത്തായിട്ട് പള്ളിയിൽ പോയി നമസ്ക്കരിക്കണോ അതോ രാത്രിയുടെ അവസാന യാമത്തിൽ തനിച്ച് വീട്ടിൽ നമസ്ക്കരിച്ചാൽ മതിയോ?

"തറാവീഹ് നമസ്ക്കാരം വേറിട്ടൊരു നമസ്ക്കാരമല്ല. യഥാർഥത്തിൽ തഹജ്ജുദ് നമസ്ക്കാരത്തിന്റെ എട്ട് റക്അത്ത് രാത്രിയുടെ ആദ്യയാമത്തിൽ നമസ്ക്കരിക്കുന്നതിന്റെ പേരാണ് തറാവീഹ്. ചോദിച്ചതുപോലെ രണ്ടു രീതിയിലും ഇത് അനുവദനീയമാണ്. നബി(സ)തിരുമേനി രണ്ടുരീതിയിലും ഇതനുഷ്ഠിച്ചിട്ടുണ്ട്. എന്നാൽ, ആ മഹാത്മാവ് അധികവും രാത്രിയുടെ അവസാന യാമത്തിൽ വീട്ടിൽ തനിച്ചാണ് നമസ്ക്കരിച്ചിരുന്നത്." വേറൊരു ചോദ്യത്തിനു മറുപടിയായി പറഞ്ഞു: "തറാവീഹും സുന്നത്താണ്. അതനുഷ്ഠിച്ചുകൊള്ളുവിൻ. ഇടയ്ക്കിടെ വീട്ടിൽ തനിച്ചും നമസ്ക്കരിക്കുക. കാരണം തറാവീഹ് യഥാർഥത്തിൽ തഹജ്ജുദ് നമസ്ക്കാരമാണ്. പുതിയൊരു നമസ്ക്കാരമല്ല. വിത്ർ താങ്കൾ നമസ്ക്കരിക്കുന്നതുപോലെ തന്നെ നമസ്ക്കരിച്ചു കൊള്ളുക.

?തറാവീഹ്, തഹജ്ജുദ് നമസ്ക്കാരമാണെങ്കിൽ 20 റക്അത്ത് നമസ്ക്കരിക്കുന്നതിനെ സംബന്ധിച്ച് എന്താണ് നിർദ്ദേശം. കാരണം തഹജ്ജുദ്, വിത്ർ ഉൾപ്പെടെ 11 റക്അത്താണല്ലോ?

"നബി(സ)തിരുമേനിയുടെ സ്ഥിരമായിട്ടുള്ള സുന്നത്ത് 8 റക്അത്താണ്. ആ മഹാത്മാവ് തഹജ്ജുദിന്റെ സമയത്തു തന്നെയാണ് നമസ്ക്കരിതച്ചിരുന്നത്. ശ്രേഷ്ഠകരവും ഇതുതന്നെ. എന്നാൽ, ആദ്യനേരത്തും നമസ്ക്കരിക്കുന്നത് അനുവദനീയമാണ്. നബി(സ) രാത്രിയുടെ ആദ്യ ഭാഗത്തു നമസ്ക്കരിച്ചിരുന്നതായി ഒരു രിവായത്തുണ്ട്. 20 റക്അത്ത് പിന്നീട് നമസ്ക്കരിക്കപ്പെട്ടതാണ്. എന്നാൽ നബി(സ)തിരുമേനിയുടെ സുന്നത്ത് ആദ്യം നിനരിച്ചതുതന്നെയാകുന്നു." (മൽഫൂദാത്ത് വാള്യം 10 പേജ് 113)

## ഇഅ്തികാഫ്

"ഇഅ്തികാഫിൽ എങ്ങോട്ടും നടക്കാതെ ഉളളിൽതന്നെ ഇരിക്കണമെന്ന് നിർബന്ധമില്ല. പള്ളിയുടെ മുകളിൽ വെയിലുണ്ടാകും അവിടെപ്പോയി ഇരിക്കാവുന്നതാണ്. ഇവിടെ

ശേഷം പേജ് 19 ൽ

# ദജ്ജാലിന്റെ വാഹനം

റസൂൽ തിരുമേനി (സ)പ്രവചിച്ച ദജ്ജാൽ പുരാവൃത്തങ്ങളിലുള്ളത് പോലെയുള്ള ഒരു മിത്തല്ല. നാം അനുഭവിച്ചു കൊണ്ടിരിക്കുന്ന യാഥാർത്ഥ്യമാണ്. ലോകം കീഴടക്കുന്ന പാശ്ചാത്യ ഭൗതിക നാഗരികതയാണ് ദജ്ജാൽ. അവർ സ്വീകരിച്ച മതം ക്രിസ്തു മതമാണ്. റസൂൽ തിരുമേനി (സ) പ്രവചിച്ച പ്രതീകാത്മകമായ പ്രവചനങ്ങളിൽ നിന്നും ആ ആഗോള അധിനിവേശ ശക്തിയേയും അവരുടെ വ്യാപനത്തിന്ന് സഹായകമായ വാഹനങ്ങളേയും വ്യക്തമായും തിരിച്ചറിയാം. ഖലീഫത്തുൽ മസീഹ് നാലാമൻ ഹദീസുകൾ വിശകലനം ചെയ്ത് വിവരിക്കുന്നു.

ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)

ഖുർആനിലെ നിരവധി വചനങ്ങളിലെ സന്ദേശങ്ങളുടെ അടിസ്ഥാനത്തിൽ അവസാന കാലത്ത് സംഭവിക്കുന്ന ഒരു ആഗോള യുദ്ധത്തെക്കുറിച്ച് റസൂൽ തിരുമേനി (സ) പ്രവചിക്കുകയുണ്ടായി. ദജ്ജാൽ (അന്തിക്രിസ്തു) വിന്റെ ആവിർഭാവത്തോടനുബന്ധിച്ചാണ് ഇത് സംഭവിക്കുക എന്നാണ് റസൂൽ തിരുമേനി(സ) പ്രവചിച്ചത്. റസൂൽ തിരുമേനി(സ)യുടെ തിരുമൊഴികളിൽ നിന്ന് രൂപം കൊള്ളുന്ന അന്തിക്രിസ്തുവിന്റെ രൂപം അതിന്റെ ബാഹ്യ വർണ്ണനകളിൽ കാണുന്നത് പോലെ വിചിത്രകരമായതല്ല എന്ന് തുടക്കത്തിൽ തന്നെ വിശദീകരിക്കപ്പെടേണ്ടതുണ്ട്. വമ്പിച്ച ശക്തിയുള്ള രാജ്യങ്ങളുടെ ശക്തിയും പ്രതാപവും അന്തി ക്രിസ്തുവിൽ സമ്മേളിച്ചിരിക്കുന്ന രീതിയിലാണ് അന്തിക്രിസ്തുവിനെ പറ്റി പ്രതിപാദിച്ചിരിക്കുന്നത്. വാസ്തവത്തിൽ അവസാന കാലത്തെ സംബന്ധിച്ച് റസൂൽ തിരുമേനി(സ) പറഞ്ഞതെല്ലാം അന്തിക്രിസ്തുവിന്റെ കാലഘട്ടത്തെ സംബന്ധിച്ചാണ്. ഈ കാലഘട്ടത്തിന്റെ എല്ലാ അടയാളങ്ങളും അന്തിക്രിസ്തുവുമായി ബന്ധപ്പെട്ടതാണ്. അന്തിക്രിസ്തുവിനെ തിരിച്ചറിയാൻ സഹായിക്കുന്ന അടയാളങ്ങളിൽ ചിലത് അവൻ യാത്ര ചെയ്യുന്ന വാഹനത്തെ സംബന്ധിച്ചാണ്. അതാകട്ടെ മനുഷ്യർക്ക് അതിന് മുമ്പേ പരിചയമില്ലാത്തതുമാണ്. എന്താണ് അന്തിക്രിസ്തുവെന്നും, എങ്ങനെയാണ് അവൻ ലോകം മുഴുവൻ മേധാവിത്വം പുലർത്തുന്നത് എന്നതിനെ സംബന്ധിച്ചുമുള്ള വിശദമായ വിവരണങ്ങൾ ഒരു നിഷ്പക്ഷകനായ വായനക്കാരന് യാതൊരു സംശയത്തിനും ഇടം നൽകാത്തവിധം കാര്യങ്ങൾ മനസ്സിലാക്കാൻ സഹായിക്കും. അതായത് അന്തിക്രിസ്തു(ദജ്ജാൽ) വിനെ പറ്റിയുള്ള ഈ പ്രവചനങ്ങൾ ഒരാളെ സംബന്ധിച്ചുള്ളതല്ല എന്ന വസ്തുതയാണത്. റസൂൽ തിരുമേനി(സ) ദജ്ജാൽ (അന്തിക്രിസ്തു ) എന്ന ഈ സാങ്കേതിക പദം ഉപയോഗിച്ചത് പ്രതീകാത്മകമായാണ്. അവൻ (ദജ്ജാൽ) അവന്റെ കാലഘട്ടത്തിലെ ശക്തിപ്രതാപങ്ങളുടെ പ്രതീകമായിരിക്കും. അവന്റെ ചൂഷണങ്ങൾ വാസ്തവത്തിൽ അത്യധികം പുരോഗമിച്ച ലോകത്തിലെ ചില ക്രിസ്തീയ രാജ്യങ്ങളുടെ ചൂഷണം തന്നെയാണ്. പക്ഷേ, അവരുടെ മേധാവിത്വം ശാശ്വതമായിരിക്കില്ല. ഈ ക്രിസ്തീയ രാജ്യങ്ങളെ പ്രതിനിധാനം ചെയ്യുന്ന അന്തിക്രിസ്തുവിന്റെ (ദജ്ജാൽ) അന്തിമപതനവും അസന്ദിഗ്ദ്ധമായി പ്രവചിക്കപ്പെട്ടിരിക്കുന്നു. ഭൗതികതയുടെ ഈ ചാരകൂമ്പാരത്തിൽ നിന്ന് ഇസ്‌ലാമിക സൂര്യൻ ഉദിച്ചുയരുന്നതാണ്. ഇരുൾ മുറ്റിയ നൂറ്റാണ്ടുകളിൽ ഇസ്‌ലാമിക സൂര്യനെ മറച്ചിരുന്ന സന്ദേഹത്തിന്റെയും സംശയത്തിന്റെയും തിരശ്ശീലകൾ അഴിച്ചുമാറ്റി അതിന്റെ പ്രോജ്ജ്വല സൗന്ദര്യം അനാവരണം ചെയ്യപ്പെടും.

നാമിപ്പോൾ വിപ്ലവകരമായ വാഹന ഗതാഗതത്തെ പറ്റിയാണ് ഒരിക്കൽക്കൂടി ചർച്ച ചെയ്യുന്നത്. പക്ഷേ, ഇവിടെ റസൂൽ തിരുമേനി (സ)യുടെ വചനങ്ങളാണ് പ്രതിപാദിക്കുന്നത്. മതപരമായി പ്രാധാന്യമുള്ള അന്തിക്രിസ്തുവിന്റെ അവശേഷിക്കുന്ന അടയാളങ്ങളെപറ്റി സുദീർഘമായി നാം അടുത്ത അദ്ധ്യായത്തിൽ ചർച്ച ചെയ്യുന്നതാണ്.



കര, കടൽ, വായു എന്നിവയിലൂടെ സഞ്ചരിക്കുന്ന വാഹനങ്ങളെക്കുറിച്ച് ഖുർആനിക വചനങ്ങളുടെ വ്യാഖ്യാനങ്ങൾക്ക് പൂർണ്ണമായും അനുയോജ്യമായ രീതിയിലുള്ള വിവരണങ്ങൾ നാം ഇതിന് മുമ്പേ ചർച്ച ചെയ്ത് കഴിഞ്ഞതാണ്. പർവ്വതങ്ങളുടെ ചലനത്തെക്കുറിച്ചു പോലും വിശദീകരിച്ചിട്ടുണ്ട്. കാരണം പ്രസക്തമായ ചില വചനങ്ങൾ എളുപ്പത്തിൽ ഓർമ്മയിലേക്ക് കടന്നു വരും. അതുകൊണ്ടാണ് അവയെപറ്റിപോലും വിവരിച്ചത്. അന്തിക്രിസ്തുവിനെ സംബന്ധിച്ച റസൂൽ തിരുമേനി(സ)യുടെ വിവരണവും അവൻ സഞ്ചരിക്കുന്ന അസാധാരണമായ കഴുതയും റസൂൽ തിരുമേനി(സ)യുടെ കാലഘട്ടത്തിലെ ജനതക്ക് അത്യന്തം വിചിത്രമായ ഒരു കാര്യമായി അനുഭവപ്പെട്ടിരിക്കും. അന്തിക്രിസ്തുവിന്റെ ഈ കഴുതയെപറ്റിയുള്ള പരാമർശം വിചിത്രമാണ്. കാരണം റസൂൽ തിരുമേനി(സ) അവന്റെ വാഹനത്തെ ഒരു കഴുതയായിട്ടാണ് ഉടനീളം വിവരിച്ചിട്ടുള്ളത്. കഴുതയുടെ അറിയപ്പെടുന്ന യാതൊരു വിധ ഗുണങ്ങളും ഹദീസുകളിൽ വിവരിക്കപ്പെട്ട വൈചിത്രങ്ങളുമായി പൊരുത്തപ്പെടുന്നില്ല. എന്നിരുന്നാലും ആധുനികമായ വാഹനങ്ങളുടെ എല്ലാ ഗുണങ്ങളും ഈ വിവരണങ്ങളോട് പൂർണ്ണമായും യോജിക്കുന്നു.

അവക്ക് പൊതുവായുള്ള സാധർമ്മ്യമെന്താണെന്ന് വെച്ചാൽ അവ രണ്ടും പ്രവർത്തിക്കുന്നത് അഗ്നിദഹനയന്ത്ര (Combustion Engine) ത്തിന്റെ ഊർജ്ജം കൊണ്ടാണ്. അതിൽ നിന്നുള്ള അഗ്നിയിൽ നിന്നാണ് അവ ഊർജ്ജം സ്വീകരിക്കുന്നത്. ആവിയന്ത്രങ്ങൾ ബാഹ്യദഹന ഭാഗങ്ങളുള്ള വാഹനങ്ങൾപ്പോലും അഗ്നിയെ ആശ്രയിച്ചാണ് ചലിക്കുന്നത് . ഈയൊരു പ്രത്യേകതയാണ് പഴയകാല ഇക്കാലത്തെ ദജ്ജാലിന്റെ വിപ്ലവകരമായ വാഹനവും തമ്മിലുള്ള വ്യത്യാസം. അക്കാര്യങ്ങൾ റസൂൽ തിരുമേനി(സ)ക്ക് ഒരു മൃഗരൂപത്തിലല്ല വെളിപാടിൽ പ്രത്യക്ഷപ്പെട്ടത്. ജീവനില്ലാത്ത വസ്തുവിന്റെ രൂപത്തിലാണ്. നാം ദജ്ജാലിനെ അവൻ എന്നാണ് പരാമർശിക്കുന്നത്. കാരണം പ്രവചനങ്ങളിൽ ദജ്ജാലിനെ ഒരു മൃഗമായിക്കൊണ്ടാണ് ബാഹ്യരൂപത്തിൽ പറഞ്ഞിട്ടുള്ളത്. വാസ്തവത്തിൽ അവന്റെ ഇത്തര ത്തിലുള്ള പ്രത്യേകതകളിലൂടെയാണ് തിരിച്ചറിയപ്പെടേണ്ടത്. ദജ്ജാലിന്റെ കഴുതയെ നിങ്ങൾ തിരിച്ചറിയുമ്പോൾ അവന്റെ ആധുനിക വാഹനത്തിലൂടെയാണ് നിങ്ങൾ അവ നെ തിരിച്ചറിയുന്നത്. അങ്ങനെ നിങ്ങൾ ഒരു തിരിച്ചറിയൽ നടത്തുന്നതിൽ പരാജയപ്പെടുകയാണെങ്കിൽ കഴുത യുഗത്തിലേക്ക് പിറകോട്ട് യാത്ര ചെയ്യേണ്ടി വരും.

പല ഹദീസ് ഗ്രന്ഥങ്ങളിലും ഈ പ്രതീകാത്മക കഴുതയുടെ പ്രത്യേകതകളെ സംബന്ധിച്ച് സൂക്ഷ്മമായി വിവരിക്കപ്പെട്ടിട്ടുണ്ട്. താഴെ കൊടുത്തിരിക്കുന്നത് ഹദീസുകളിൽ നിന്ന് ലഭിച്ച അത്തരം വിവരങ്ങളുടെ മൊത്തത്തിലുള്ള വിവരണമാണ്.

1. അന്തിക്രിസ്തു(ദജ്ജാൽ) അവന്റെ കഴുതയെ പോലെ തന്നെ ഭീകര രൂപിയായിരിക്കും. വിചിത്രമായ യക്ഷികഥകളിൽ പോലും കേട്ടുകേൾവിയില്ലാത്ത വിധം ഒരു ഭീകരസത്വമായിരിക്കും ദജ്ജാൽ.അവന്റെ നീളം അപാരമായിരിക്കും. എത്രത്തോളമെന്നാൽ അവന്റെ തല മേഘങ്ങൾക്കപ്പുറം മറഞ്ഞിരിക്കും. അവന്റെ ശക്തി അളവറ്റതായിരിക്കും. അവൻ ലോകം മുഴുവനും ഒറ്റക്കൈകൊണ്ട് കീഴ്പ്പെടുത്തും.1

2. ദജ്ജാലിന് ശാരീരികമായ ഈ ശക്തിയുണ്ടെങ്കിലും അവന് ഒരു ദോഷമുണ്ട്. അത് അവന്റെ ഒരു കണ്ണിന്റെ കാഴ്ചയില്ലായ്മയാണ്. വലത് കണ്ണിനാണ് കാഴ്ചയില്ലാത്തത്.2

3. ഈ കഴുത, ദജ്ജാലിന്റെ ഒരു സ്വകാര്യ വാഹനമല്ല. പൊതു വാഹനം എന്ന നിലക്ക് അത് എല്ലാവർക്കും ഉപയോഗിക്കാവുന്നതാണ്. ജനങ്ങൾക്ക് അതിന്റെ വശങ്ങളിൽ നിന്ന് അകത്തേക്ക് കടക്കാൻ പ്രത്യേകമായി നിർമ്മിച്ച വാതിലുകളുണ്ടായിരിക്കും. ഈ വാതിലിലൂടെയായിരിക്കും ആളുകൾ അതിന്റെ വയറിലേക്ക് പ്രവേശിക്കുക.3

4. അതിന്റെ വയറ് പ്രകാശ പൂർണ്ണമായിരിക്കും. സൗകര്യപ്രദമായ രീതിയിലുള്ള ഇരിപ്പിടങ്ങൾ അതിനകത്തുണ്ടാകും.

5. ദിവസങ്ങളോ മണിക്കൂറുകളോ എടുത്ത് സഞ്ചരിക്കേണ്ട വഴിദൂരങ്ങൾ ഞൊടിയിടക്കുള്ളിൽ ആ കഴുത സഞ്ചരിക്കും. സാധാരണ മൃഗങ്ങൾ മാസങ്ങളെടുത്തായിരിക്കും അത്രയും



ദൂരം സഞ്ചരിക്കുക.4

6. അതിന്റെ സഞ്ചാര വഴിയിൽ ക്രമമായി നിറുത്തലുകൾ ഉണ്ടായിരിക്കും. നിറുത്തുന്ന എല്ലാ സ്ഥലങ്ങളിൽവെച്ചും ജനങ്ങളെ അതിനകത്തേക്ക് കയറുവാൻ ക്ഷണിക്കും. എന്നിട്ട് യാത്ര തുടരുന്നതിന്മുമ്പേ അതിൽ കയറ്റി ഇരുത്തും. യാത്ര വീണ്ടും ആരംഭിക്കുന്നതിന് മുമ്പേ അത് വിളിച്ചു പറയും. അങ്ങനെ ഈ ആലങ്കാരിക കഴുത ഒരു സ്ഥലത്ത് നിന്ന് മറ്റൊരു സ്ഥലത്തേക്ക് നിരന്തരം സഞ്ചരിക്കുകയും ജനങ്ങൾക്ക് വേഗമയാർന്നതും സുഖകരവുമായ യാത്ര പ്രദാനം നൽകുകയും ചെയ്യും.5

7. ഈ കഴുത തീയാണ് ഭക്ഷിക്കുന്നതെങ്കിലും അതിന്റെ വയറിനുള്ളിൽ സഞ്ചരിക്കുന്നയാളുകൾക്ക് ചൂടേൽ ക്കുന്നില്ല. ഇരിപ്പിട സംവിധാനമുള്ള വയറിനുള്ളിലെ മുറി, തീ കത്തുന്ന മുറിയിൽ നിന്ന് ചൂടേൽക്കാതിരിക്കത്തക്ക വിധമുള്ള സംവിധാനം ചെയ്തിട്ടുണ്ടാകുമെന്ന് ഇത് സൂചിപ്പിക്കുന്നു. 5

8. ഈ കഴുതക്ക് കടലിലൂടെയും സഞ്ചരിക്കാൻ കഴിയും. സമുദ്രത്തിലെ തിരമാലകളിലൂടെ ഭൂഖണ്ഡങ്ങളിൽ നിന്ന് ഭൂഖണ്ഡങ്ങളിലേക്ക് അതിന് സഞ്ചരിക്കാനാവും.6

9. സമുദ്രത്തിലൂടെയുള്ള അവന്റെ യാത്രക്കിടയിൽ അത് കുറേക്കൂടെ വലിയ രൂപം പ്രാപിക്കും. അങ്ങനെ അവന്റെ പിറകിൽ മലയോളം വലുപ്പത്തിൽ ഭക്ഷ്യ വസ്തുക്കൾ വഹിച്ചുകൊണ്ട് പോകാൻ സാധിക്കുന്നു. ഈ വമ്പിച്ച ഭക്ഷ്യകൂമ്പാരങ്ങൾ ദജ്ജാലിന്റെ ആഗ്രഹങ്ങൾക്ക് നികൃഷ്ടമായ രീതിയിൽ വഴങ്ങുന്ന ദരിദ്രരാജ്യങ്ങൾക്കിടയിൽ വിതരണം ചെയ്യപ്പെടുന്നു. ഭക്ഷ്യവസ്തുക്കളുടെ ഈ പർവ്വത കൂമ്പാരങ്ങളുടെ നീക്കങ്ങൾ ഇതിന് മുമ്പേയുള്ള ഒരു വചനത്തിൽ പ്രതിപാദിച്ചത്പോലെ പർവ്വതങ്ങളുടെ നീക്കത്തെപറ്റിയുള്ള പ്രവചനങ്ങളെ അനുസ്മരിപ്പിക്കുന്നതാണ്.

10. ഈ അത്ഭുതകരമായ കഴുതക്ക് പറക്കാനും അറിയാം. കാരണം അതിന്റെ ചില കുതിപ്പുകൾ കിഴക്ക് നിന്ന് പടിഞ്ഞാറ് വരെയുള്ള ദൂരം മറികടക്കുന്നതാണ്. ആ മൃഗത്തിന്റെ ഒരു പാദം കിഴക്കാണെങ്കിൽ മറ്റൊരു പാദം പടിഞ്ഞാറായിരിക്കും. ഇത് സൂചിപ്പിക്കുന്നത് അത് ഒരു ഭൂഖണ്ഡത്തിൽ നിന്ന് പറന്നുയർന്നാൽ മറ്റൊരു ഭൂഖണ്ഡത്തിലായിരിക്കും പറന്നിറങ്ങുക എന്നാണ്. 7

11. വായുവിൽ അത് മേഘത്തിനു മുകളിലായിട്ടായിരിക്കും സഞ്ചരിക്കുക.8

12. അവന്റെ നെറ്റിയിൽ ഒരു ചന്ദ്രനെ വഹിച്ചിട്ടുണ്ടായിരിക്കും. ഇത് വ്യക്തമായും ആധുനിക വാഹനങ്ങളുടെ ഹെഡ് ലൈറ്റിനെ സൂചിപ്പിക്കുന്നു.9

ലോകം മുഴുവൻ കീഴടക്കാൻ ഇറങ്ങി പുറപ്പെടുന്ന ദജ്ജാലിന്റെ സഹായത്തിനായി10 അവൻ ഉപയോഗിക്കുന്ന കഴുത ഇത്തരത്തിൽ നാനാവിധത്തിലും വർണ്ണിക്കപ്പെട്ടിരിക്കുന്നു. വായനക്കാരന് അവനെ തിരിച്ചറിയാൻ ഇതിൽപരം മറ്റൊരു സഹായം ആവശ്യമുണ്ടോ എന്ന് നാം അത്ഭുതപ്പെടുകയാണ്.

*ദജ്ജാൽ* എന്ന പേരിൽ വ്യക്തമായും പ്രതിപാദിക്കപ്പെട്ട ശക്തരായ ക്രിസ്തീയ ശക്തികൾ ഒരു നാൾ ലോകം മുഴുവൻ തങ്ങളുടെ അധീശശക്തികൊണ്ട് ഭരിക്കും എന്നാണ് ഇതിൽ വ്യക്തമായും പ്രതിപാദിച്ചിരിക്കുന്നത്. തീ കൊണ്ട് ചലിക്കുന്ന കഴുത എന്നത്



വിമാനം, കപ്പൽ തീവണ്ടി മുതലായവ മാറിക്കൊണ്ടിരിക്കുന്ന വാഹനങ്ങളെ സൂചിപ്പിക്കുന്നു. ക്രിസ്തീയ ശക്തികൾ ലോകം കീഴടക്കുന്നതിൽ ഇത്തരം അസാമാന്യ വേഗം കൂടിയ വാഹനങ്ങൾ നിർണ്ണായകമായ പങ്കാണ് വഹിച്ചത്. ഈ അതിവേഗത്തിന്റെ ഗുണങ്ങളെ ഊന്നിപ്പറയുന്നത് കൂടാതെ ആഗോള ശാക്തിക കിടമത്സരത്തിൽ ഭാരിച്ച സ്ഥാനങ്ങളുടെ മേന്മകൾ കൂടി പ്രത്യേകം പരാമർശിക്കപ്പെടുന്നുണ്ട്.

***അപ്പോൾ ആരുടെ തട്ട് ഭാരം തൂങ്ങുന്നുവോ അവർ സംതൃപ്തമായ ജീവിതത്തിലായിരിക്കും. (വി.ശുദ്ധ ഖുർആൻ, 101: 7,8)11***

ലോക മേധാവിത്വത്തിന് ഭാരക്കൂടുതലുള്ള സ്ഥാനങ്ങളും അതിവേഗതയും ഒഴിച്ചു കൂടാനാവാത്ത രണ്ട് ഘടകങ്ങളാണ്. വമ്പിച്ച ഭാരക്കൂടുതലുള്ള ദ്രവ്യങ്ങളും സഞ്ചാര വേഗവും വിജയ പാതയിലെ നിർണ്ണായക ഘടകങ്ങളാണ്. ഈ പ്രവചനങ്ങളത്രയും അതുല്യമാണ്. ഇത്തരത്തിലുള്ള പ്രവചനങ്ങൾ മറ്റു ദിവ്യ പ്രവചനങ്ങളിലെവിടെയും കാണുവാൻ സാധ്യമല്ല. ഇതിലെ വിവരങ്ങൾ വൈവിധ്യമാർന്നതും വളരെ ഹ്രസ്വവുമാണ്. ഒരു ചിത്രകാരൻ തന്റെ കണ്ണിൽപ്പെടുന്ന രംഗങ്ങൾ ചിത്രങ്ങളിൽ ആവിഷ്ക്കരിക്കുന്നത് പോലെയുള്ള പ്രതീതിയാണ് അത് ജനിപ്പിക്കുന്നത്. റസൂൽ തിരുമേനി(സ)ക്ക് തന്റെ കൺമുന്നിൽ പ്രദർശിപ്പിക്കപ്പെട്ടത് ചിത്രമയമായ വാക്കുകളിൽ വർണ്ണിക്കുകയാണ് ചെയ്തത്.

ഇവിടെ സൂറഃ *തക്‌വീറിൽ* ഉള്ളടങ്ങിയ പ്രവചനങ്ങളെ സംബന്ധിച്ചുള്ള ഒരു വിശദമായ ചർച്ചയാണ് നാം നടത്തിയത്. ഈ കാലഘട്ടത്തിന്റെ തന്നെ പ്രത്യേകതകളുമായി ബന്ധപ്പെട്ട മറ്റു ചില സുപ്രധാന പ്രവചനങ്ങളെപ്പറ്റി വിവരിക്കാനാണ് നാം ഇനി ഉദ്ദേശിക്കുന്നത്. ഓരോ പ്രവചനവും ഓരോ പ്രത്യേക വിഷയങ്ങളെ സംബന്ധിച്ചുള്ളതാണ്. അത് വളരെ സമർത്ഥമായ രീതിയിൽ മറ്റു ഖുർആനിക വചനങ്ങളിലും നിഗൂഢാത്മകമായി പ്രതിപാദിച്ചിരിക്കുന്നു. ***(വെളിപാട് യുക്തി ജ്ഞാനം സത്യം, ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്)***

## Reference


1. ‘ALLAMAH ‘ALA-UD-DIN ‘ALI AL-MUTTAQI. Kanz-ul-’ummal vol:14 p.604 & 613 (1979), Beirut.
2. IMAM MUSLIM BIN AL-HAJJAJ BIN MUSLIM AL-QUSHAIRI AL-NAISAPURI. Sahih Muslim, Kitab-ul-Fitan, Babo Zikrid-Dajjal wa Sifatehi Wa Ma Ma’ahu.
3. ‘ALLAMAH MUHAMMAD BAQ IR AL-MAJLISI. Biharul-Anwar, Babo ‘Alamate Zohurihi Alaihis-salam min Al-sufyani wad-Dajjal.
4. ‘ABDUR-REHMAN AL-SAFURI. Nuzhat-ul-Majalis,vol:1 p.109. Maimaniyyah Press, Egypt.
5. ‘ALLAMAH MUHAMMAD BAQI R AL-MAJLISI. Biharul-Anwar, Babo ‘Alamate Zohurihi Alaihis-salam min Al-sufyani wad-Dajjal.
6. ‘ABDUR-REHMAN AL-SAFURI. Nuzhat-ul-Majalis,vol:1 p.109. Maimaniyyah Press, Egypt.
7. Sahih Al-Bukhari. Kitab-ul-Fitan, Babo Zikrid-Dajjal.
8. ‘ABDUR-REHMAN AL-SAFURI. Nuzhat-ul-Majalis,vol:1 p.109. Maimaniyyah Press, Egypt.
9. ‘ALLAMAH ‘ALA-UD-DIN ‘ALI AL-MUTTAQI. Kanz-ul-’ummal vol:14 p.613 (1979), Beirut.
10. Sahih Muslim, Kitab-ul-Fitan, Babo Zikrid-Dajjal wa Sifato Wa Ma Ma’ahu.
11. Translation of The Holy Quran,verse 101:7–8


**പേജ് 15 ൽ നിന്ന് തുടർച്ച**

താഴെ തണുപ്പ് കൂടുതലാണ്. ഒഴിച്ചു കൂടാനാവാത്ത കാര്യങ്ങൾ സംസാരിക്കുകയും ചെയ്യാം. പാലിക്കേണ്ടുന്ന കാര്യങ്ങൾ എപ്പോഴും ശ്രദ്ധയിലുണ്ടാവണം. സത്യവിശ്വാസിയുടെ എല്ലാ കാര്യങ്ങളും ഇബാദത്തു തന്നെയാണ്.”(മൽഫൂദാത്ത് വാല്യം 4 പേജ് 288)

**?** ഇഅ്തികാഫിൽ ഭൗതിക ഇടപാടുകളെക്കുറിച്ചു സംസാരിക്കാമോ?

ഒഴിച്ചു കൂടാനാവാത്തതാണെങ്കിൽ സംസരിക്കാവുന്നതാണ്. രോഗിയെ കാണുന്നതിനും നിർബന്ധ കാര്യത്തിനുംവേണ്ടി വെളിയിലിറങ്ങാവുന്നതാണ്. (മൽഫൂദാത്ത് വാല്യം 9 പേജ് 196)

### തീവ്രയത്നം അനിവാര്യം

“അല്ലാഹുത്തആല ഇസ്‌ലാം ദീനിൽ 5 മുജാഹദാത്ത് (തീവ്രയത്നങ്ങൾ) നിശ്ചയിച്ചിരിക്കുന്നു.

1. നമസ്ക്കാരം 2. നോമ്പ് 3. സക്കാത്ത്, സ്വദഖാത്ത് 4. ഹജ്ജ് 5. ഇസ്‌ലാമിന്റെ ശത്രുക്കളെ പ്രതിരോധിക്കൽ, വാളുകൊണ്ടാണെങ്കിലും വേണ്ടില്ല തൂലികകൊണ്ടാണെങ്കിലും വേണ്ടില്ല. ഈ അഞ്ചു തീവ്രയത്നങ്ങളും വിശുദ്ധ ഖുർആനിൽനിന്ന് സ്ഥാപിതമാകുന്നുണ്ട്. മുസ്‌ലീംകൾ അവയിൽ പരിശ്രമിക്കുകയും അവ പാലിക്കുകയും ചെയ്യേണ്ടതാണ്. ഈ നോമ്പ്, വർഷത്തിൽ ഒരു മാസമാണ്. ചില അഹ്‌ലുല്ലാഹ് (ദവ്യാത്മാക്കൾ) ഐച്ഛികമായി അധികവും നോമ്പ് പിടിക്കാറുണ്ട്. അതിൽ അവർ കഠിനപ്രയത്നം നടത്തുന്നു. തുടർച്ചയായി നോമ്പെടുക്കുന്നതിന് വിരോധമൊന്നുമില്ല. അതായത് എന്നെന്നും നോമ്പെടുത്തുകൊണ്ടിരിക്കാൻ പാടില്ല. നഫ്‌ലിയായ നോമ്പുകൾ ഇടയ്ക്കിടെ പിടിക്കുക.”(തഫ്സീർ, ഹദ്റത്ത് മസീഹ് മൗഊദ്(അ) വാല്യം 1, പേജ് 263)

വിവ: മൗലവി മുഹമ്മദു ഇസ്മായീൽ, ആലപ്പുഴ

ആദ്: മരുക്കാറ്റിൽ തിരോഭവിച്ച അറേബ്യൻ ജനത -3

# ആദ്: കഥയും ചരിത്രവും

അറബിക്കഥകളിലും പുരാവൃത്തങ്ങളിലും ബദൂവിയൻ നടോടിക്കഥകളിലും നിറഞ്ഞു നിന്നിരുന്ന ആദിന്റെ സ്വർഗ്ഗസമാനമായ വിസ്മയ നിർമിതികൾ പുരാതന ഗ്രീസും റോമും അറിഞ്ഞിരുന്നു. പൗരാണിക കാലത്തെ ഭാഗ്യാന്വേഷികളുടെ സ്വപ്ന ഭൂമിയായിരുന്ന ആദിന്റെ നഗരങ്ങൾ. ആധുനിക പുരാവസ്തു ശാസ്ത്രകാരന്മാരുടെ ആവേശമായി മാറിയിരിക്കയാണ്. വിസ്മൃതമായ ആദ് നാഗരികയെക്കുറിച്ചുള്ള ഖുർആന്റെ പരാമർശങ്ങളെ പുച്ഛിച്ചു തള്ളിയവർ നിധിവേട്ടക്കാരുടെ ആവേശത്തോടെ ആദിന്റെ നഗരങ്ങൾ മണൽകൂനകളിൽ തിരയുകയാണ്.

എ. എം. മുഹമ്മദ് സലീം

### കഥകളിലെ ആദ്

ഇന്ന് വിജനശൂന്യമായി കാണപ്പെടുന്ന റുബൂ ഉൽ ഖാലി മരുഭൂമിക്ക് അരികു ചേർന്നു നിൽക്കുന്ന യമനും ഒമാനുമടങ്ങുന്ന ആദ് സമൂഹത്തിന്റെ അധിവാസ മേഖലകൾ പുരാതന കാലത്തെ നാഗരിക സമ്പന്നതയുടെ വിസ്മയലോകമായിരുന്നു. യമനും ഒമാനും ഉൾപ്പെടുന്ന തെക്കൻ അറേബ്യയുടെ ഈ അതിസമ്പന്നതയെപറ്റി അറിഞ്ഞിരുന്ന റോമക്കാർ ഈ പ്രദേശത്തെ അറേബ്യൻ ഫെലിക്സ് (Arabia Felix) എന്നും, ഗ്രീക്കുകാർ ഇയൂഡൈമൻ അറേബ്യ (Eudaimon Arabia) എന്നും, അറബികൾ അൽ യമൻ അസ്സയിദ: (Al-Yaman as-Saida) എന്നുമായിരുന്നു വിളിച്ചിരുന്നത്. ഈ വിശേഷണങ്ങളുടെയെല്ലാം അർത്ഥം സമ്പന്നമായ അറേബ്യ, ആഹ്ലാദവതിയായ അറേബ്യ എന്നൊക്കെയായിരുന്നു. സമ്പന്ന സമൃദ്ധവും ഫലഭൂയിഷ്ഠവുമായിരുന്ന അറേബ്യൻ ഫെലിക്സിനെ ബാക്കിയുള്ള മരുപ്രദേശത്ത് നിന്നും വേർതിരിച്ചറിയാൻ പണ്ട് കാലം മുതൽ ഉപയോഗിച്ചിരുന്ന പദങ്ങളായിരുന്നു ഇത്. ആദിന്റെ അധിവാസ മേഖലയുടെ തെക്ക് ഭാഗത്തെ അറേബ്യൻ ഫെലിക്സ് എന്ന് വിളിച്ച റോമക്കാർ പുരാതന റോമിന്ന് അഭിമുഖമായി നിൽക്കുന്ന അറേബ്യൻ ഉപഭൂഖണ്ഡത്തിന്റെ വടക്ക് ഭാഗത്തെ അറേബ്യയെ അറേബ്യൻ പെട്ര (Arabia Petraea) എന്നും മണൽ പരപ്പിനെ അറേബ്യൻ മരുഭൂമി (Arabia Deserta) എന്നും വിളിച്ചു. അറേബ്യൻ ഫെലിക്സ് സമ്പന്നവും അനുഗ്രഹീതവുമായ ഒരു സ്വപ്ന രാജ്യമായിട്ടാണ് അവർ കണക്കാക്കിയിരുന്നത്.

റോമൻ ഗ്രീക്ക് സാമ്രാജ്യങ്ങൾ ഉയർന്ന് വരുന്നതിന്ന് നൂറ്റാണ്ടുകൾക്ക് മുമ്പ് തന്നെ അവർ ദക്ഷിണ അറേബ്യയെ ഇങ്ങനെയാണ് വിളിച്ചിരുന്നത്. ആദ് സമൂഹം അധിവസിച്ചിരുന്ന ആ പ്രദേശം വളരെ തന്ത്ര പ്രധാനമായ ഒരു സ്ഥലത്താണ് നില കൊള്ളുന്നത്. പുരാതന സമൂഹങ്ങൾക്ക് ഏറെ പ്രിയംങ്കരമായിരുന്ന കുന്തിരക്കവും മൂറും ഉൽപ്പാദിപ്പിച്ചിരുന്ന സമ്പന്ന ദേശമായിരുന്നു തെക്കൻ അറേബ്യ. അതുകൊണ്ട് തന്നെ വളരെ പ്രധാനപ്പെട്ട ഒരു വാണിജ്യ പാതക്കരികിലായിന്നു അവർ താമസിച്ചിരുന്നത്.

മരുഭൂമിയിൽ നഷ്ടപ്പെട്ടു പോയ ഈ നഗരത്തെ ആധുനിക കാലത്ത് ആദ്യമായി പ്രചാരപ്പെടുത്തിയത് ലോറൻസ് ഓഫ് അറേബ്യ എന്ന് വിളിക്കപ്പെടുന്ന പ്രശസ്തനായ ടി. എസ് ലോറൻസാണ്. അറബികളുമായി അഗാത ബന്ധമുണ്ടായിരുന്ന ലോറൻസ് ഒന്നാം ലോക മഹായുദ്ധത്തിൽ അറബികളെ തുർക്കികൾക്കെതിരായി അണിനിരത്തിയ ബ്രിട്ടീഷ് ചാരനും സൈനിക ഓഫീസറുമായിരുന്നു. ചരിത്ര കുതുകിയും എഴുത്തുകാരനുമായ അദ്ദേഹമാണ് മരുഭൂമിയിൽ അപ്രത്യക്ഷമായ ആദിന്റെ പുരാതനവും അദൃശ്യവുമായ ഉബാർ നഗരത്തെ **'അത്‌ലാന്റിസ് ഓഫ് ദ സാന്റ്സ്'** (Atlantis of the Sands) എന്ന് വിളിച്ചത്. യവന പുരാണങ്ങളിൽ പ്രതിപാദിക്കപ്പെട്ട സമ്പന്നവും മനോഹരവുമായ ഒരു സാങ്കൽപ്പിക ദ്വീപാണ് 'അത്‌ലാന്തിസ്'. പ്ളാറ്റോ തന്റെ രചനകളിൽ ഈ ദ്വീപിനെ പറ്റി പറയുന്നുണ്ട്. അക്രമകാരികളായ ജനങ്ങൾ നിവസിച്ച ഈ ദ്വീപിനെ ദൈവം കോപമിറക്കി കടലിൽ മുക്കികളഞ്ഞു എന്നാണ് പ്ളേറ്റോ വിവരിക്കുന്നത്. നഷ്ടപ്പെട്ട് വിസ്മൃതിയിലായ ജനപഥങ്ങളെ സൂചിപ്പിക്കാൻ 'അത്‌ലാന്റിസ്' എന്ന് വിശേഷിപ്പിക്കുന്നത് പാശ്ചാ

ത്യരുടെ ഒരു ശൈലിയായിതീർന്നു. അതുകൊണ്ടാണ് ടി.എസ് ലോറൻസ്, നശിച്ച് ചരിത്രത്തിൽ നിന്നും വിസ്മൃതമായ ആദിന്റെ സാങ്കൽപ്പിക നഗരമായ ഉബാറിനെ **'അത്ലാന്റിസ് ഓഫ് ദ സാന്റ്സ്'** എന്ന് വിളിച്ചത്. പിന്നീട് ആ നാമം വളരെ പ്രശസ്തമാവുകയായിരുന്നു. മരുഭൂമിയിൽ നഷ്ടപ്പെട്ടുപോയ അറബ് ഇതിഹാസ നഗരത്തെപറ്റി 1992ൽ Ranulph Fiennes. എഴുതിയ Atlantis of the Sands – The Search for the Lost City of Ubar എന്ന പുസ്തകം ഈ നാമത്തിന്ന് സ്ഥിരപ്രതിഷ്ഠ നേടിക്കൊടുക്കുകയും ചെയ്തിരിക്കുന്നു.

ആദ് ആയിരുന്നു ആദ് ജനതയുടെ പൂർവ്വികൻ. ആദിന്റെ മകനായ ശദ്ദാദ്ബ്നു ആദ് ആയിരുന്നു അവരുടെ രാജാവ്. മഹാ പരാക്രമശാലിയായ ശദ്ദാദിനെ പറ്റി പൊടിപ്പും തൊങ്ങലും വെച്ച നിരവധി കഥകൾ ഇസ്ലാമിക പൂർവ്വ പുരാതന കാലങ്ങളിലും ഇസ്ലാമിക പാരമ്പര്യത്തിലും വിവരിക്കപെട്ടിട്ടുണ്ട്. വിഖ്യാത ചരിത്രകാരനും മദ്ധ്യനൂറ്റാണ്ടിലെ പണ്ഡിത പ്രതിഭയുമായ ഇബ്നു ഖൽദൂൺ ആദിന്റെ ചരിത്രവും അതിശയോക്തികളും സംഗ്രഹിച്ച് തന്റെ **'മുഖദ്ദിമ'**യിൽ ആ കഥകളെയെല്ലാം നിരാകരിച്ചു കൊണ്ട് വിലയിരുത്തിയത് ഇപ്രകാരമാണ്.

**'ഖുർആൻ ശരീഫിൽ അൽ ഫജർ (പൂർവ്വാഹ്നം) എന്ന അധ്യായത്തിലെ ഒരു പദത്തിന്റെ വ്യഖ്യാനത്തിൽ വ്യാഖ്യാതാക്കൾ എടുത്തെടുത്ത് ഉദ്ദരിക്കുന്ന അഭിപ്രായം ഇതിനേക്കാളേറെ സാദ്ധ്യത കുറഞ്ഞും അനുമാനങ്ങളെ ആശ്രയിച്ച് നിൽക്കുന്നതായും കാണാം. ദൈവവാക്യം ഇതാണ്: 'ആദ് ജനതയോട് തന്റെ രക്ഷിതാവ് എങ്ങിനെ പ്രവർത്തിച്ചുവെന്ന് നീ കണ്ടില്ലേ? സ്തൂപങ്ങളുടെ ഉടമ ഇറമിനോട് ഇറം ഒരു പട്ടണത്തിന്റെ പേരായി വ്യാഖ്യാതാക്കൾ കരുതി. തൂണുകൾ അതായത് സ്തൂപങ്ങൾ ഉള്ളവരായിരുന്നു അവരെന്ന് ചിത്രീകരിക്കുന്നു. അവരുടെ അഭിപ്രായം ഇറമിന്റെ മകൻ ഊസിന്റെ മകൻ ആദിന് രണ്ടു പുത്രന്മാരുണ്ടായിരുന്നു. ശദീദും, ശദ്ദാദും. ആദിന്ന് ശേഷം അവർ നാടു വാണു. ശദീദ് മരിച്ചപ്പോൾ ശദ്ദാദ് രാജാവായി. അവിടുത്തെ മറ്റു രാജാക്കന്മാരെല്ലാം ശദ്ദാദിന്ന് കീഴ്പ്പെട്ടു. ശദ്ദാദ് സ്വർഗ്ഗത്തെക്കുറിച്ചുള്ള ഒരു വർണ്ണന കേട്ടിട്ട് പറഞ്ഞു. ഞാൻ ഇതു പോലെയൊന്ന് പണിയുക തന്നെ ചെയ്യും'**

**ഏദൻ മരുഭൂമിയിൽ ഇറം എന്ന് പേരുള്ള പട്ടണം. 300 വർഷക്കാലം കൊണ്ട് അദ്ദേഹം നിർമ്മിച്ചു. അദ്ദേഹം 900 വർഷ ജീവിച്ചിരുന്നു. ആ പട്ടണം വളരെ വലുത്. അതിലെ കൊട്ടാരങ്ങൾ കനക നിർമിതം അതിലെ തൂണുകൾ രത്നങ്ങളും വൈഡ്യൂര്യങ്ങളുമുള്ളവ അതിലെല്ലാതരം വൃക്ഷങ്ങളും!. അരുവികൾ ഇരച്ച് ഒഴുകികൊണ്ടിരിക്കുന്നുണ്ടായിരുന്നു അതിന്റെ പണി പൂർത്തിയാക്കിയപ്പോൾ തന്റെ രാജ്യത്തിലെ പ്രജകളോടൊപ്പം അവിടേക്ക് യാത്രയായി. യാത്ര ഒരു പകലും രാത്രിയും ബാക്കിയുള്ളപ്പോൾ ആകാശത്തിൽ ഒരു ഗർജ്ജനം ദൈവം ഇറക്കി. അങ്ങനെ അവരെല്ലാം നശിച്ചു. ഇത് തബരി, സമശ്ക്കരി, തുടങ്ങിയ ഖുർആൻ വ്യാഖ്യാതാക്കൾ പ്രസ്താവിച്ചിട്ടുണ്ട്. നബി (സ) യുടെ അനുചര വൃന്ദത്തിൽ പെട്ട അബ്ദുല്ലാഹിബ്നു ഖലാബത്തിൽ നിന്നും നിവേദനം ചെയ്യുന്നു: 'തന്റെ ഒരു ഒട്ടകത്തെതേടി അദ്ദേഹം പോയപ്പോൾ ആ പട്ടണത്തിൽ അവർ യാദൃശ്ചികമായി എത്തിപ്പെട്ടു. അദ്ദേഹത്തിന്ന് എടുപ്പത് ധനം അദ്ദേഹം ചുമന്ന് കൊണ്ട് വരുകയും ചെയ്തു.' ഈ കഥ മുആവിയായുടെ ശ്രദ്ധയിൽ വന്നപ്പോൾ മുആവിയ അദ്ദേഹത്തെ വരുത്തി. കഥ കേട്ടപ്പോൾ മുആവിയ കഅബുബ്നു അഹ്ബാറിന്ന് ആളയച്ചു ഇതേ കുറിച്ച് തിരക്കി. കഅബു പറഞ്ഞു: 'ഇത് സ്തൂപങ്ങളുടെ പട്ടണമാണ്. മുസ്ലിംകളിൽ പ്പെട്ട ചുമന്നു നിറം മങ്ങിയ കുറിയ ഒരാൾ അതിൽ പ്രവേശിക്കും. അയാളുടെ പുരികത്തിൽ ഒരു അടയാളം ഉണ്ടായിരിക്കും. മറ്റൊന്ന് അയാളുടെ കഴുത്തിലും. അയാളുടെ ഒട്ടകത്തെ തേടി അയാൾ പോകുകയായിരിക്കും.' എന്നിട്ട് കഅബ് തിരിഞ്ഞ് ബ്നു കലാബയെ കണ്ടിട്ട് പറഞ്ഞു: 'അതെ സത്യമായും ഇതാണ് ആൾ.'**

**...... മറ്റു ചിലർ ആകട്ടെ അവരുടെ വികല ബുദ്ധി എത്തിച്ചിരിക്കുന്നത് ആ പട്ടണം മറഞ്ഞ് കിടക്കുന്നുവെന്നും ആത്മീയ സിദ്ധിയാലോ മന്ത്രവാദം കൊണ്ടോ മാത്രമേ അത് കാണാൻ കഴിയുകയുള്ളൂ എന്നുമാണ്. ഇതെല്ലാം തന്നെ ഭാവനാ സൃഷ്ടങ്ങളാണ്. നിരർത്ഥക കഥകൾക്ക് പറ്റും. (മുഖദ്ദിമ ഇബ്നു ഖൽദൂൺ. വിവ: മുട്ടാണിശ്ശേരിൽ എം. കോയകുട്ടി. പേ.1820)**

പുരാതനകാലത്തെ ആദിന്റെ ചരിത്രം അതിശയോക്തികളും അതിവർണ്ണനകളും കലർത്തി പരമ്പരഗതമായി കൈമാറിയത് അറബികളുടെ പുരാവൃത്തങ്ങളിലും കഥകളിലും കവിതകളിലും ഇതിഹാസ വർണ്ണനകളിലും ബദൂണിയൻ നാടോടിക്കഥകളിലും കാണാം. അതിൽ ഉബാർ എന്ന പേരുള്ള അത്ഭുത പട്ടണം നാടോടികളായ ബദവി അറബികളുടെ നാടോടി കഥകളിൽ മാത്രമുള്ള ഒരു സ്വപ്ന നഗരിയാണ്. ലോക പ്രശസ്തമായ ആയിരത്തൊന്ന് രാവുകൾ എന്ന അറബി കഥയിൽ ഉബാറിന്ന് സമാനമായ മരുഭൂമിയിലെ വിജനശൂന്യമായ അത്ഭുത നഗരിയുടെ ഒരു വിവരണമുണ്ട്. അത് ഉബാറിനെ പറ്റിയാണെന്നാണ് വിശ്വസിക്കപ്പെടുന്നത്. ഈ പട്ടണം ആദിന്റെ തലസ്ഥാനമോ അവരുടെ മറ്റേതെങ്കിലും ഒരു പട്ടണത്തെ സംബന്ധിച്ചോ ഉള്ള നഗര വർണ്ണനയുടെ കഥാവിഷ്ക്കാരമാണ് എന്നാണ് ചില ചരിത്ര ഗവേഷകന്മാരുടെ അഭിപ്രായം. ആയിരത്തൊ

ന്ന് രാവുകളിലെ അതിശയങ്ങൾ നിറഞ്ഞ ഉബാറിനെ പറ്റിയുള്ള വിവരണത്തിന്റെ സംഗ്രഹം ഇപ്രകാരമാണ്.

**'മരുഭൂമിയിൽ നഷ്ടപ്പെട്ടു പോയ നഗരവും അതിലെ സമ്പത്തും വീണ്ടെടുക്കാൻ സാഹസികരായ ഒരു അന്വേഷണ സംഘത്തെ ഒരു സുൽത്താൻ നിയോഗിച്ചു. പിത്തളയിൽ തീർത്ത കുതിരക്കാരനാണ് അവർക്ക് വഴി കാണിച്ചു കൊടുക്കുന്നത്. ഏതോ കാലത്ത് ചെയ്ത കുറ്റത്തിന്ന് കഴുത്തോളം മണ്ണിൽ കുഴിച്ചിട്ട നിലയിൽ അവർ ഒരു ജിന്നിനെ അവിടെ കണ്ടു. അവിടെ നിന്നും മണൽകുന്നുകൾ കയറി കയറി അവർ അവസാനം ഐതിഹാസികവും അതിശയങ്ങൾ നിറഞ്ഞതുമായ ആ പട്ടണം കണ്ടെത്തി. പട്ടണത്തിന്റെ മതിലുകൾക്ക് തിളങ്ങുന്ന വെള്ള നിറമായിരുന്നു. എവിടെയും മനോഹരമായ കൊട്ടാരങ്ങൾ. നടക്കുമ്പോൾ ആളുകൾ വഴുതി വീണു പോവുന്ന ജലം പോലെ മിനുസമേറിയ ഇഷ്ടികകൾ പാകിയ വീഥികൾ. പക്ഷേ ആ നഗരത്തിൽ ആരും താമസക്കാരുണ്ടായിരുന്നില്ല. നഗരം മൂകശാന്തമായി നിൽക്കുകയാണ്. നഗരത്തിന്റെ മദ്ധ്യഭാഗത്തുള്ള അതിഗംഭീരമായ കൊട്ടാരത്തിൽ ഒരു രാജ്ഞി ചേതനയറ്റു കിടക്കുകയാണ്. രാജ്ഞിയുടെ ചുറ്റും അറ്റമില്ലാത്ത സമ്പത്തുമായി കാലം മരവിച്ചു നിൽക്കുന്നു. രാജ്ഞി നോക്കി കിടക്കുകയാണെന്നേ തോന്നൂ. പക്ഷേ രാജ്ഞി മരണം പൂകിയിട്ട് നൂറ്റാണ്ടുകളായി. അവരുടെ അടുത്ത് ഒരു ലിഖിതമുണ്ട്. അതിൽ എഴുതിയിരിക്കുന്ന താക്കീതിൽ ദുരാഗ്രഹത്തിന്റെയും സമ്പത്തിന്റെയും അപകട മേഖലയിൽ പ്രവേശിക്കുന്നവർ രാജ്ഞിയും അവരുടെ ആളുകളും വീണു പോയതു പോലെ വീണു പോവും എന്ന് കാണാം. ആ നഗരം അവസാനം മണൽ കാറ്റിൽ നശിപ്പിക്കപ്പെട്ടു.'**

റുബൂഉൽ ഖാലിക്ക് ചുറ്റുമുള അറബ് ജനത പൗരാണിക കാലം മുതൽ ആദിന്റെ പേടിപ്പെടുത്തുന്നതും അതിശയോക്തി കലർന്നതുമായ കഥകൾ കേൾക്കുമ്പോൾ ഞെട്ടിവിറക്കുമായിരുന്നു. ദൈവ ശാപമേറ്റ ഈ പ്രദേശത്ത് ഭയാനകമായ രൂപങ്ങളും വിചിത്ര ജീവികളും ജിന്നുകളും ഇഫ്‌രീത്തുകളും ശൈത്വാന്മാരും ഉണ്ടാകുമെന്ന് അവർ വിശ്വസിച്ചു. ആദ് ജനത ശാപമേറ്റ് നശിച്ചുവെന്ന് അവർ കരുതുന്ന മണൽ കൂനകൾ നിറഞ്ഞ ഭാഗത്തേക്ക് നോക്കാൻ പോലും അവർ ധൈര്യപ്പെട്ടിരുന്നില്ല. അത്രക്ക് ശക്തമായിരുന്നു ഈ നശിപ്പിക്കപ്പെട്ട ആദ് ജനതയെ സംബന്ധിച്ചുള്ള അവരുടെ ഭയം.

ആദിനെ പറ്റിയുള്ള മറ്റൊരു വിചിത്ര കഥ Unknown Oman എന്ന പുസ്തകത്തിൽ വിവരിക്കുന്നത് ഇപ്രകാരമാണ്. **'ഉബാർ (അത്‌ലാന്റിസ് ഓഫ് ദ സാന്റ്സ്) വളരെ അധികം കെട്ടിടങ്ങളുള്ള സമ്പന്നമായ ഒരു വെണ്ണക്കൽ നഗരമാണ്. രത്നങ്ങൾ പതിച്ച ചുകന്ന് വെള്ളികൊണ്ടുള്ള ഒരു കോട്ട അവിടെയുണ്ട്. റുബുഉൽ ഖാലിയുടെ പ്രവിശാലമായിക്കിടക്കുന്ന മണൽ പരപ്പിലെ മദ്ധ്യത്തിലുള്ള മരുപ്പച്ചയിലാണ് ഉബാർ സ്ഥിതിചെയ്യുന്നത്. അതിലെ നിവാസികൾ ആദ് സമൂഹത്തിൽ പെട്ടവരായിരുന്നു. അവർ നൂറ്റാണ്ടുകളോളം സമ്പന്നതയിലും അധാർമ്മികതയിലും മുഴുകി ജീവിച്ചു. അവരുടെ അത്ഭുതകരമായ ഉദ്യാനങ്ങൾ 'ജന്നത്തെ ആദ്' അഥവാ ആദിന്റെ സ്വർഗ്ഗം എന്നായിരുന്നു അറിയപ്പെട്ടിരുന്നത്. അവരുടെ പാപത്തിന്ന് അവർ ശിക്ഷിക്കപ്പെട്ടപ്പോൾ അവർ നിസ്നാസ് (പുരാതന അറബി ഇതിഹാസങ്ങളിലും നാടോടിക്കഥകളിലും വിവരിക്കപ്പെട്ട ഒറ്റക്കണ്ണും ഒറ്റ കൈയ്യുമുള്ള കുരങ്ങിനെ പോലെയുള്ള വിചിത്ര ജീവികൾ) ആയി മാറി.**

**നിസ്നാസിന്റെ കഥ ഏകദേശം ഇപ്രകാരമാണ്. പതിമൂന്നാം നൂറ്റാണ്ടിലെ യാഖൂത്തിന്റെ ഭൂമിശാസ്ത്ര നിഘണ്ഡുവിൽ ഒരു അറബി സഞ്ചാരി ശിഹിർ എന്ന സ്ഥലത്ത് എത്തുകയും അവിടെ മഹ്റ ഗോത്രത്തിൽപെട്ട ഒരാളുടെ അതിഥിതിയായി താമസിക്കുകയും ചെയ്തതായി കാണാം. താമസ വേളയിൽ അദ്ദേഹം നിസ്നാസിന്റെ വിഷയം ആതിഥേയരുമായി ചർച്ചക്കായി എടുത്തിട്ടു. അവർ അദ്ദേഹത്തോട് പറഞ്ഞു: 'ഞങ്ങൾ അതിനെ വേട്ടയാടുകയും ഭക്ഷിക്കുകയും ചെയ്യുമായിരുന്നു. അത് ഒറ്റക്കണ്ണും ഒറ്റക്കാലുമുള്ള ഒരു ജീവിയായിരുന്നു. അതിഥിയായ അറബി മറുപടി പറഞ്ഞു. 'ദൈവമേ, എനിക്ക് അതിനെയൊന്ന് കാണണം.' അതിഥിയുടെ അഭ്യർത്ഥന മാനിച്ച് ചില യുവാക്കൾ ആ ജീവികളിലൊന്നിനെ വേട്ടയാടി കൊണ്ട്വന്നു. ആ ജീവിക്ക് മനുഷ്യന്റെ പകുതി മുഖമായിരുന്നു ഉണ്ടായിരുന്നത്. നെഞ്ചോട് ചേർത്ത് ഒറ്റ കൈയ്യും ഒറ്റ കാലും! അറബിയെ കണ്ടപ്പോൾ നിസ്നാസ് പറഞ്ഞു: 'അല്ലാഹുവാണെ താങ്കളാണെ' ഇത് കേട്ട അതിഥിയായ അറബി അതിനെ മോചിപ്പിക്കാൻ യുവാക്കളോട് പറഞ്ഞു. അപ്പോൾ യുവാക്കൾ പറഞ്ഞു: അതിന്റെ വാക്കുകൾ കേട്ട് വഞ്ചിതരാവരുത്. അത് ഞങ്ങളുടെ ഭക്ഷണമാണ്. അവനെ വിടുന്നത് വരെ അതിഥിയായ അറബി അവരെ നിർബന്ധിച്ചു കൊണ്ടിരുന്നു. അവസാനം നിസ്നാസിനെ മോചിപ്പിച്ച് വിട്ടപ്പോൾ അത് കാറ്റിന്റെ വേഗത്തിൽ മരുഭൂയിലേക്ക് പോയ് മറഞ്ഞു. സംസാരിക്കുന്ന ഒരു ജീവിയെ കൊന്നു തിന്നുന്നത് മഹ്റ ഗോത്രം ചെയ്യുന്ന തെറ്റാണെന്ന് അതിഥിയായ അറബിക്ക് ഉറപ്പായിരുന്നു.'** ('UNKNOWN OMAN' By WANDELL PHILIP Library Du Liban Beiruth.1971. p. 219)

### ആദ്: പുരാവസ്തു ഗവേഷണങ്ങൾ

മറ്റു യാതൊരു ചരിത്ര സ്റോതസ്സിൽ നിന്നും വെളിപ്പെടാത്ത അതിശക്തരായ ആദ് ജനതയെ

ക്കുറിച്ച് വിവരണം നൽകിയ ദൈവിക ഗ്രന്ഥമാണ് വിശുദ്ധ ഖുർആൻ. അത് ആ വിശുദ്ധ ഗ്രന്ഥത്തിന്റെ ദിവ്യാത്ഭുതം കൂടിയാണ്. ഖുർആൻ പറയുന്നു:

**'ഇത് പരോക്ഷ വൃത്താന്തങ്ങളിൽ പെട്ടതാണ്. അവ നാം നിനക്ക് വൃത്താന്തമായി നൽകുന്നു. ഇതിന്ന് മുമ്പ് നീയോ നിന്റെ ജനതയോ അത് അറിയുമായിരുന്നില്ല. അതിനാൽ നീ സഹനം കൈകൊള്ളുക തീർച്ചയായും ശുഭപര്യവസാനം ദൈവഭയമുള്ള വർക്കാണ്. ആദ് ജനതയിലേക്ക് അവരുടെ സഹോദരൻ ഹൂദിനെ നാം പ്രവാചകനായി** ***അയച്ചു. അദ്ദേഹം പറഞ്ഞു: എന്റെ ജനമേ, അല്ലാഹുവിനെ നിങ്ങൾ ആരാധിക്കുക. അവനല്ലാതെ നിങ്ങൾക്ക് ഒരു ആരാധ്യനും ഇല്ലതന്നെ. നിങ്ങൾ കള്ളം കെട്ടി ചമക്കുന്നവർ തന്നെയാണ്.'(11:50)***

പുരാവസ്തു ഗവേഷണങ്ങൾക്ക് ആദ് സമൂദ് സമൂഹത്തെ സംബന്ധിച്ച തെളിവുകൾ ലഭിക്കുമെന്ന സൂചന വിശുദ്ധ ഖുർആൻ നൽകുന്നു. അത്കൊണ്ട് തന്നെ മറ്റൊരു ചരിത്ര ഗ്രന്ഥങ്ങളിലും കാണാതിരിരിക്കുകയും ഖുർആൻ മാത്രം പ്രതിപാദിക്കുകയും ചെയ്ത ആദിന്റെ അടയാളങ്ങളെ സംബന്ധിച്ച് **'അവരുടെ താമസ സ്ഥലത്ത് വെച്ച് നിങ്ങൾക്ക് വ്യക്തമാവുന്നതാണ്'** എന്നും **'എങ്ങനെ പ്രവർത്തിച്ചുവെന്ന് നീ കണ്ടില്ലേ.' 'അവയിൽ ചിലത് ഇപ്പോഴും നിലനിൽക്കുന്നുണ്ട് '** എന്നുമുള്ള **പരാമർശങ്ങളിൽ നിന്നും പുരാവസ്തു ശാസ്ത്രം ഒരു നാൾ ആദിന്റെ യാഥാർത്ഥ്യം അനിഷേധ്യമാം വിധം പുറത്തു കൊണ്ട് വരുമെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. മാത്രമല്ല ആ ജനം ദ്രവിച്ച ഈന്തപനയുടെ താഴ്ത്തടികൾ പോലെ നിലംപതിച്ചത് നിനക്ക് കാണാം'** എന്ന പരാമർശം അവടെ പുരാവസ്തു സ്മാരകങ്ങളുടെ തെളിവുകളോടൊപ്പം ആ ജനതയുടെ ഫോസിൽ തെളിവുകളും ലഭിക്കുമെന്നും അവരുടെ ജനിതക പരമായ പ്രത്യേകതകൾ നമുക്ക് അറിയാൻ കഴിയുമെന്നും ഖുർആൻ വചനങ്ങളിൽ സൂചനയുണ്ട്. വിശുദ്ധ ഖുർആന്റെ വചനങ്ങൾ തന്നെ നമുക്ക് നോക്കാം

**'ആദിനെയും സമൂദിനെയും (നാം നശിപ്പിച്ചു) അവരുടെ താമസസ്ഥലങ്ങളിൽ നിന്ന് നിങ്ങൾക്ക് (ഈ സംഗതി) വ്യക്തമായിട്ടുണ്ട്' (29:39)**

**മറ്റൊരു ഖുർആൻ വചനം ഇപ്രകാരമാണ്.**

**'അത് (നാശമടഞ്ഞ) പട്ടണങ്ങളുടെ വൃത്താന്തങ്ങളിൽ പെട്ടതാണ്. നിനക്ക് നാം അത് വിവരിച്ചു തരുന്നു. അവയിൽ ചിലത് ഇപ്പോഴും നിലനിൽക്കുന്നുണ്ട്. മറ്റു ചിലത് നശിച്ച് നാമാവശേഷമായിരിക്കുന്നു.' (11:101)**

**'ആദിനോട് കൂറ്റൻ കെട്ടിടങ്ങളുടെ ഉടമസ്ഥരായ ഇറമ് ഗോത്രത്തോട് നിന്റെ നാഥൻ എങ്ങനെ പ്രവർത്തിച്ചുവെന്ന് നീ കണ്ടില്ലേ. അവരുടെ നിർമ്മിതികൾക്ക് തുല്യമായി അതിന്ന് മുമ്പ് നാടുകളിലൊന്നും സൃഷ്ടിക്കപ്പെട്ടിട്ടില്ല' (89: 7,8,9)**

**'അവരെ ഉന്മൂലനം ചെയ്യാനായി ആ കാറ്റിനെ അവൻ ഏഴുരാവും എട്ടു പകലും (തുടർച്ചയായി) അവരുടെമേൽ പ്രാവർത്തികമാക്കി. അപ്പോൾ ആ ജനം ദ്രവിച്ച ഈന്തപനയുടെ താഴ്ത്തടികൾ പോലെ നിപതിച്ചിരിക്കുന്നത് നിനക്ക് കാണാം' (69:8)**

പതിനാലു നൂറ്റാണ്ടുകൾക്ക് മുമ്പ് വിശുദ്ധ ഖുർആനിൽ പ്രതിപാദിച്ച ആദ് സമൂഹത്തെക്കുറിച്ചുള്ള പരാമർശങ്ങൾ അറബി നാടോടി കെട്ടുകഥയാണ് എന്ന് പറഞ്ഞ് പുഛിച്ചു തള്ളിയ പാശ്ചാത്യ ചരിത്ര ഗവേഷകന്മാർ ഇപ്പോൾ നിധിവേട്ടക്കിറങ്ങിയ കവർച്ചക്കാരുടെ ഉത്സാഹത്തോടെ ആദ് ജനതയുടെ സൗഭഗ്യങ്ങൾ അന്വേഷിച്ചിറങ്ങിയിരിക്കുകയാണ്.

നശിപ്പിക്കപ്പെട്ട ആദിന്റെ അധിവാസ സ്ഥലങ്ങൾ മക്കക്കും മദീനക്കും ചുറ്റുമുള്ള രാജ്യങ്ങളാണെന്ന് ഖുർആൻ സൂചന നൽകുന്നു. **'നിങ്ങൾക്ക് ചുറ്റുമുള്ള രാജ്യങ്ങൾ നാം തീർച്ചയായും നശിപ്പിച്ചിട്ടുണ്ട്. അവർ മടങ്ങുന്നതിന്ന് വേണ്ടി ദൃഷ്ടാന്തങ്ങൾ വിവിധ രൂപത്തിൽ നാം വിവരിച്ചു കൊടുക്കുകയും ചെയ്തിരുന്നു.' (46:28)**

1973 ൽ ലാണ് സിറിയലെ പുരാതനമായ എൽബാ (Elba-F_vfm) നഗരത്തിൽ നിന്നും 4300 വർഷം പഴക്കമുള്ള 1800 ലധികം കളിമൺ പലകകൾ കുഴിച്ചെടുക്കുകയുണ്ടായി. അത് സിറിയയിലെ ആലിപ്പോയിലെ മ്യൂസിയത്തിൽ പ്രദർശനത്തിന്ന് വെച്ചിട്ടുണ്ട്. 1978 ഡിസംബറിൽ നാഷനൽ ജിയോഗ്രഫി മാഗസിനിൽ എൽബ എന്ന സിറിയൻ നഗരത്തിൽ നടന്ന ഖനനങ്ങളുടെ റിപ്പോർട്ടുണ്ട്. ആ നഗരത്തിന്ന് 4300 വർഷത്തെ പഴക്കമുള്ളതായി കണക്കാക്കുന്നു. ഗവേഷകന്മാർ അവിടെ നിന്നും കണ്ടെടുത്ത കളിമൺ പലകകളുടെ ലൈബ്രറിയിൽ എൽബാ നിവാസികൾ വ്യാപാരം നടത്തിയിരുന്ന **'ഇറം'** ('Iram) എന്ന പട്ടണത്തെ പറ്റിയുള്ള പരാമർശമുണ്ട്. 1973 ൽ സിറിയയില നിന്നും കണ്ടെടുത്ത ഇറം പട്ടണത്തെക്കുറിച്ചുള്ള ഈ പരാമർശം 1400 വർഷങ്ങൾക്ക് മുമ്പുള്ള വിശുദ്ധ ഖുർആന്റെ സത്യസാക്ഷ്യമായി ഗണിക്കപ്പെടുന്നു. നേരത്തെ ഇബ്നു ഖൽദൂൺ ഇറം എന്നത് പട്ടണത്തിന്റെ പേരല്ല ഒരു ഗോത്ര നാമമാണ് എന്ന് പറഞ്ഞത് ഉദ്ദരിച്ചിരുന്നുവല്ലോ. ആദ് ഗോത്രത്തിലെ ഇറം വിഭാഗക്കാർ ജീവിച്ച നഗരം എന്ന അർത്ഥത്തിൽ ഗോത്ര നാമത്തോട് ബന്ധപ്പെടുത്തിയായിരിക്കാം ഈ പട്ടണത്തിന്ന് ഇറം എന്ന നാമം വന്നത്. ഇവിടെ പരാമർശിക്കപ്പെട്ട ഇറം പട്ടണത്തിന്റെ യഥാർത്ഥ സ്ഥാനം എവിടെയാണെന്ന് നിജപ്പെടുത്തിയിട്ടില്ലെങ്കിലും ഖുർആൻ പരാമർശിച്ച ഇറം എന്ന ഗോത്രനാമത്തോട് ചേർന്ന് ഒരു പട്ടണമുണ്ടെന്ന് വന്നുവല്ലോ.



സിറിയയിലെ എൽബ എന്ന നഗരത്തിൽ നിന്നും പുരാവസ്തു ഖനനത്തിൽ കിട്ടിയ ലിഖിതങ്ങളുള്ള ശിലാഫലകം

## അമേരിക്കൻ ഗവേഷകരുടെ കണ്ടെത്തൽ

യമനിലും ഒമാനിലുമായി പരന്നു കിടക്കുന്ന തെക്കൻ അറേബ്യയിലെ ഒമാൻ എംമ്പോറിയം, ഉബാർ, വബാർ, അറേബ്യൻ ഫെലിക്സ് മുതലായ പേരുകളിൽ വിശേഷിപ്പിക്കപ്പെടുന്ന ആദ് സമൂഹത്തിന്റെ അധിവാസ ക്രേന്ദത്തെ പറ്റി നിരവധി പുസ്തകങ്ങളും ഡോക്യുമെന്ററികളും സിനിമകളും ഇതിനകം വന്നു കഴിഞ്ഞിട്ടുണ്ട്.


ഒരു കാര്യം നാം പ്രത്യേകം ഓർക്കേണ്ടതുണ്ട് ഉബാർ എന്ന ആദ് സമൂഹത്തിന്റെ ആസ്ഥാന പട്ടണം തങ്ങൾ കണ്ടെത്തിയിരിക്കുന്നു എന്ന് അവകാശപ്പെട്ടുകൊണ്ട് കോളിളക്കം സൃഷ്ടിച്ച അമേരിക്കയിലെ ലോസ് ആഞ്ചലസ് പുരാവസ്തു ശാസ്ത്രജ്ഞന്മാരുടെ കണ്ടെത്തൽ ചില സംശയങ്ങൾ നിലനിൽക്കുന്നു. അത് പിന്നീട് വിവരിക്കാം. അറേബ്യൻ മണലാരണ്യത്തിൽ വിസ്മൃതമായ പുരാതന നഗരത്തെ പറ്റിയുള്ള ചർച്ചകൾ ലോകം മുഴുവൻ സജീവമാക്കിയത് അമേരിക്കൻ ഗവേഷകരുടെ ഈ റിപ്പോർട്ട് ആയിരുന്നു. അമേരിക്കയിലെ ലോസ് ആഞ്ചലസ് ഗവേഷക സംഘത്തിന്ന് നേതൃത്വം നൽകിയ പ്രശസ്ത ആർക്കിയോളജിസ്റ്റായ നിക്കോളസ് ക്ലാപ്പ് ഡോക്യുമെന്ററി നിർമ്മാതാവും എഴുത്തുകാരനും വായനക്കാരനുമാണ്. 1932 ഇംഗ്ലീഷ് ഗവേഷകൻ ബെട്രാം തോമസിന്റെ Arabia Felix എന്ന പുസ്തകം അദ്ദേഹം വായിക്കാനിടയായി. അതാണ് ഉബാർ ഗവേഷണങ്ങൾക്ക് അദ്ദേഹത്തിന്ന് പ്രചോദനം നൽകിയത് നിക്കളോസ് ക്ലാപ്പിനെ കൂടാതെ സാഹസിക യാത്രികനായ റണുൽപ്പ് ഫിയന്നിസും ആർക്കിയോളജിസ്റ്റ് ഡോ.ജൂറിസ് സറിന്നും സംഘത്തിലുണ്ടായിരുന്നു. ഗവേഷകന്മാരുടെ ഗവേഷണം കൂടുതൽ ജനകീയ പ്രചാരണം നേടാൻ കാരണം പുരാതന പട്ടണം കണ്ടുപിടിക്കാനായി അമേരിക്കയുടെ ബഹിരാകാശ സ്ഥാപനമായ നാസ (NASA) യെ ഉപയോഗിച്ചത് കൊണ്ടു കൂടിയാണ്. ഗവേഷകർ കാലിഫോർണിയായിലെ ഹണ്ടിംടൺ ലൈബ്രേറിയിൽ നിന്നും 2–ാം നൂറ്റാണ്ടിലെ ഈജിപ്ഷ്യൻ ഭൂമിശാസ്ത്രകാരനായിരുന്ന ക്ലോഡിയസ് റ്റോളമി (Claudius Ptolemy) യുടെ ഒമാനിയം എംമ്പോറിയ (Omanum Emporium) ത്തിലേക്കുള്ള പാത അടയാളപ്പെടുത്തിയ മാപ്പാണ് അവർ സംഘടിപ്പിച്ചത്. പുരാതന കാലത്തെ ഭൂപടങ്ങളിലെ വാണിജ്യ പാതകൾ മണ്ണിൽ മൂടിപ്പോയിരുന്നു. വാണിജ്യ പാതകളുടെ അടയാളങ്ങൾ കണ്ടെത്താനാണ് അവർ നാസയുടെ വിദൂര സംവേദന സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തുകയായിരുന്നു.

ദോഫർ പ്രവിശ്യയിൽ ഇതിനായി അവർ നിരവധി യാത്രകൾ നടത്തി അങ്ങനെ അവസാനം സലാലയിൽ നിന്നും വടക്ക് 170 കി.മീ അകലെ ശിശിർ എന്ന സ്ഥലത്താണ് അവർ നഷ്ട നഗരത്തെ അന്വേഷിക്കാനുള്ള അനുയോജ്യമായ സ്ഥലമായി കണ്ടെത്തിയത്. അവിടെ 16–ാം നൂറ്റാണ്ടിലുള്ള ഒരു പഴയ കോട്ടയുണ്ടായിരുന്നു. ഖനനം നടത്തിയപ്പോൾ നിരവധി പുരാവസ്തുക്കൾ കണ്ടു കിട്ടി. അതിന്നു കീഴിലായി ഒരു പുരാതന കോട്ടയും കണ്ടെത്തി. അങ്ങനെയാണ് ഗവേഷകർ ഉബാർ കണ്ടെത്തുന്നത്. ഏതായാലും ഈ കണ്ടെത്തലുകൾ ആദിന്റെ ഏതോ പുരാതന നഗരമാണ് എന്നുള്ളതിൽ സംശയമില്ല.

ഖുർആനിൽ പ്രതിപാദിച്ച ഇറം എന്ന പട്ടണം തിരിച്ചറിഞ്ഞു എന്ന മട്ടിലാണ് ഒമാനിലുണ്ടായ ഈ പുരാവസ്തു സ്മാരകത്തിന്റെ കണ്ടെത്തലുകൾ ആഘോഷിച്ചത്. 1992 ഫെബ്രവരി 5 ന്ന് Los Angeles Times ൽ *Ubar, Fabled Lost City, Found by L.A. Team : Archeology: NASA aided in finding the ancient Arab town, once the center of frankincense trade. **(ഒരു കാലത്ത് കുന്തിരിക്ക വിപണനത്തിന്റെ കേന്ദ്രമായിരുന്ന പുരാതന അറബി പട്ടണം നാസയുടെ***



ആദിന്റെ പുരാതന കോട്ടകളുടെ അവശിഷ്ടം



മൺകൂനകളിൽ മാഞ്ഞുപോയ ആദ് സമൂഹത്തിന്റൊ ജനപഥങ്ങളും യാത്രാ പഥങ്ങളുടെയും സാറ്റലൈറ്റ് ചിത്രങ്ങൾ (നാസ പ്രസിദ്ധീകരിച്ചത്)

*സഹായത്തോടെ പുരാവസ്തു ശാസ്ത്രം കണ്ടെത്തി)* എന്ന തലകെട്ടിൽ വന്ന വാർത്തയുടെ തർജ്ജമ താഴെ കൊടുക്കുന്നു.

**'ഖുർആനിലും ആയിരത്തൊന്നു രാവുകളിലും വിവരിക്കപ്പെട്ട, കുന്തിരിക്ക വിപണനത്തിന്റെ കേന്ദ്രമായി അറിയപ്പെട്ട ക്രിസ്തുവിന്ന് 3000 വർഷങ്ങൾക്ക് മുമ്പുണ്ടായിരുന്ന അത്ഭുത നഗരം ലോസ് ആഞ്ചലസ് സംഘം കണ്ടെത്തി. പുരാതന കാലത്തെ സാഹിത്യങ്ങളും ഉപഗ്രഹ സംവേദന രംഗത്തെ ഉന്നത സാങ്കേതിക വിദ്യയും സമന്വയിപ്പിച്ച ഗവേഷണങ്ങളിലൂടെ ഗതി മാറി കൊണ്ടിരുന്ന മണൽക്കുമ്പാരങ്ങൾക്കടിയിൽപ്പെട്ട് കാണാതായ ഈ കോട്ട നഗരം ഗവേഷകർ കണ്ടെത്തുകയായിരുന്നു. അത്യന്തം വന്ധ്യമായ റുബുഉൽ ഖാലി അഥവാ എംപ്ടി കോർട്ടർ എന്നറിയപ്പെടുന്ന ഒമാന്റെ ഭാഗത്താണ് ഈ നഗരം കണ്ടെത്തിയത്.**

**അഖാറാ പർവ്വതത്തിന്നു ചുറ്റും വളരുന്ന സുഗന്ധ വാഹിയായ മരത്തിൽ നിന്നും എടുക്കുന്ന കറയാണ് കുന്തിരിക്കം. അതിന്റെ സംസ്ക്കരണത്തിന്നും വിപണനത്തിന്നുമുള്ള കപ്പൽ കയറ്റുമതി കേന്ദ്രമായിരുന്നു 5000 വർഷങ്ങൾക്ക് മുമ്പ് പണിത ഈ പട്ടണം. മൃതദേഹ സംസ്ക്കരണത്തിന്നും മത ചടങ്ങുകൾക്കും സുഗന്ധ വസ്തു നിർമ്മാണത്തിന്നും മരുന്നിന്നും ഉപയോഗിക്കപ്പെട്ടിരുന്ന കുന്തിരിക്കം അക്കാലത്ത് സ്വർണ്ണത്തെപ്പോലെ അമൂല്യമായ ഒരു വസ്തുവായിരുന്നു.**

**ഇസ്ലാമിലെ ഇതിഹാസ പ്രകാരം ഉബാറിന്റെ ഭരണാധികാരികൾ സമ്പന്നരും ശക്തരുമായിരുന്നു. തിന്മയും കാപട്യവും നിമിത്തം അവസാനം ദൈവം അവരുടെ പട്ടണം നശിപ്പിക്കുകയും മരുഭൂമി വിഴുങ്ങാനനുവദിക്കുകയും ചെയ്തു. ലോറൻസ് ഓഫ് അറേബ്യ എന്ന പേരിൽ പ്രശസ്തനായ ടി. ഇ. ലോറൻസാണ് അവരുടെ പട്ടണത്തെ സമുദ്രത്തിന്നടിയിലെ അത്ലാന്തിസിനോട് തുല്യപ്പെടുത്തി ദ അത്ലാന്തിസ് ഓഫ് സാന്റ്സ് എന്ന് വിളിച്ചത്. അത്ലാന്തിസിനെ പോലെ ഉബർ നഗരം എന്നെങ്കിലും നിലനിന്നിരുന്നോ എന്ന് നിരവധി പണ്ഡിതന്മാർ സംശയിച്ചിരുന്നു.**

**സൻമാരിയോയിലെ ഹൺഡിംങ്ടൺ ലൈബ്രറിയിൽ ഇന്ന് നടത്തിയ ന്യൂസ് കോൺഫ്രൻസിൽ കഴിഞ്ഞ രണ്ട് മാസമായി നടത്തിയ പുരാവസ്തു ഖനനത്തെ പറ്റി വിവരണം നൽകുകയായിരുന്നു. എട്ട് വശങ്ങളുള്ള ഒരു നിർമ്മിതി എല്ലാ അർത്ഥത്തിലും ഗംഭീരമാണ്. ഇതിഹാസത്തിൽ വിവരിച്ചത് പോലുള്ളതുമാണ്.**

**അതിലുപരിയായി ആ നഗരം എങ്ങനെയാണ് നശിച്ചതെന്നും രേഖപ്പെടുത്തിയതായും ഗവേഷകന്മാർ പറഞ്ഞു. അത് അവരുടെ തിന്മകൊണ്ടുള്ള ദൈവിക ശിക്ഷകൊണ്ടൊന്നുമല്ല. അവരുടെ ഇതിഹാസ രാജാവ് ശദ്ദാദ് ബ്നു ആദ് ഒരു ചുണ്ണാമ്പ് ഗർത്തത്തിന്ന് മീതെ അറിയാതെയാണ് സ്വർഗ്ഗത്തെ അനുകരിച്ചു കൊണ്ടുള്ള തന്റെ കെട്ടിടം പണിതത്. ഈ ചുണ്ണാമ്പ് ഗർത്തത്തിന്ന് മീതെ പണിത നഗരത്തിന്റെ ഭാരത്താൽ ആ വൻ ഗർത്തത്തിലേക്ക് കെട്ടിടം താഴുകയായിരുന്നു. അങ്ങനെ നഗരത്തിന്റെ വലിയൊരു ഭാഗം നശിച്ചു. അവസാനം ബാക്കി നഗരവും ഉപേക്ഷിക്കപ്പെടുകയാണുണ്ടായത്. ഗഷേകന്മാർ ഉബാർ നഗരത്തിന്നടുത്ത് നവീന ശിലായുഗത്തിൽ ബി. സി. 6000 ന്ന് മുമ്പുള്ള ഒരു ഗ്രാമവും കണ്ടെത്തിയിട്ടുണ്ട്.**

**മിത്തിൽ പൊതിഞ്ഞു കിടക്കുന്ന ഈ മേഖലയിലെ ചരിത്രത്തിലേക്ക് ഈ കണ്ടെത്തലുകൾ കൂടുതൽ വെളിച്ചം വീശുമെന്ന് ഗവേഷകർ അഭിപ്രായപ്പെട്ടു. ഇ. ജോർജ്ജ് ഹെഡ്ജെയും ഗവേഷണ സംഘത്തിന്ന് നേതൃത്വം നൽകുന്ന സിനിമാ നിർമ്മാതാവായ നിക്കളോസ് ക്ലാപ്പും(53) പറഞ്ഞു. ഈ മേഖലയിലെ മിത്തുകൾക്കൊപ്പം ശീബാ രാജ്ഞിയുടെ അസ്തിത്വം സംബന്ധിച്ച പ്രശ്നവും പരിഹരിക്കപ്പെടും.**

**കാലാവസ്ഥ അക്കാലത്ത് ഇന്നത്തേക്കാൾ വളരെ വ്യത്യസ്തമായിരുന്നുവെന്നതിന്ന് തെളിവുകളുണ്ട്. അതിന്നായി നവീന ശിലായുഗത്തിലെ ഒരു ഗ്രാമവും ഗവേഷകന്മാർ കണ്ടെത്തിയിട്ടുണ്ട്. വറ്റി പ്പോയ ഒരു നദിക്കരയിലായിരുന്നു ആ ഗ്രാമം എന്ന് ഗവേഷകന്മാർ ഉറപ്പായും അഭിപ്രായപ്പെട്ടു.**

**നവീന ശിലായുഗത്തിന്ന് 3000 വർഷത്തിന്ന് ശേഷം ഉബാറിന്റെ കാലഘട്ടത്തിൽ അടുത്തുള്ള ഗ്രാമത്തിൽ ധാരാളം മഴ ലഭിച്ചിരുന്നു. നഗരത്തിന്റെ അവശ്യങ്ങൾക്ക് മാത്രമല്ല. വിലക്കപ്പെട്ട ഈ മരുഭൂമിയിലേക്ക് പോകുന്ന ഒട്ടക സംഘത്തിന്നുള്ള ജല വിതരണത്തിന്നും മതിയായതായിരുന്നു ഈ ജലസമൃദ്ധി.'** (Los Angeles Times-February 05, 1992) (തുടരും)

# താരാപഥങ്ങളിൽ

ബ്രിട്ടീഷ് അഹ്മദി വനിതാ ഡോക്ടറായ ആനി മേരി ഇയോനെസ്ക്യുവുമായി, റിവ്യൂ ഓഫ് റിലീജ്യൻസിന്റെ വനിതാ വിഭാഗം എഡിറ്റർ മുനവ്വറാ ഗോറി നടത്തിയ അഭിമുഖം.

ലണ്ടനിൽ ഒരു ഡോക്ടറായി സേവനമനുഷ്ഠിക്കുന്ന റോമാനിയൻ വംശജയായ ഡോ. ആനി മേരി കത്തോലിക്കാ പശ്ചാത്തലമുള്ള ഒരു കുടുംബത്തിൽ നിന്നും യഥാർത്ഥ ഇസ്‌ലാമിനെ പ്രതിനിധീകരിക്കുന്ന അഹ്മദിയ്യാ ജമാഅത്തിലേക്ക് വന്ന നവമുസ്‌ലിമാണ്. അഹ്മദീ ഭർത്താവും രണ്ടു കുട്ടികളുടെ മാതാവായ ആനി മേരി സോഷ്യൽ മീഡിയായിൽ മതസം വാദങ്ങളിൽ നിരന്തരമായി പങ്കെടുക്കുന്ന വ്യക്തിയാണ്. അവരുമായി മുനവ്വറാ ഗോറി നടത്തിയ അഭിമുഖം.

**മുനവ്വറാ ഗോറി: റിവ്യൂ ഓഫ് റിലീജ്യൻസിലേക്ക് സ്വാഗതം. ആനിമേരി താങ്കളുടെ ബാല്യകാലത്തെ സംബന്ധിച്ചും മറ്റുജീവിത പശ്ചാത്തലത്തെ കുറിച്ചും എന്തെങ്കിലും പറയാമോ?**

**ആനി മേരി:** ജസാക്കല്ലാഹ് (അല്ലാഹു പ്രതിഫലം നൽകട്ടെ) ഞാൻ യു കെയിൽ ലണ്ടനിലാണ് ജനിച്ചത്. എന്റെ മാതാപിതാക്കൾ കിഴക്കൻ യൂറോപ്പിൽ നിന്നുള്ളവരാണ്. റുമാനിയായിൽ കമ്മ്യൂണിസം ശിഥിലമായപ്പോഴാണ് അവർ ലണ്ടനിലേക്ക് കുടിയേറിയത്. റുമാനിയ രാഷ്ട്രീയമായി അസ്ഥിരമായിരുന്നു.

40 വർഷം റുമാനിയായിൽ കമ്മ്യൂണിസമായിരുന്നു. എന്റെ മാതാപിതാക്കൾ വളർന്നത് മാക്സിസ്റ്റ് ചുറ്റുപാടില്ലാണ്. മാർക്സിസം മതവീക്ഷണങ്ങളോട് അസഹിഷ്ണുതയാണ് പുലർത്തിയിരുന്നത്. ഭൂരിപക്ഷക്കാരുടെ മതമായ പൗരസ്ത്യ ഓർത്തോഡക്സ് ക്രിസ്തുസഭയടക്കം എല്ലാ മതങ്ങളേയും അവർ അടിച്ചമർത്തി. എന്റെ മാതാപിതാക്കന്മാർ നാസ്തികരായിരുന്നു. അപ്രകാരമായിരുന്നു അവർ വളർത്തപ്പെട്ടത്. അവർ എന്നെയും എന്റെ കുട്ടികളെയും മതവുമായി ബന്ധപ്പെടുന്ന വിധത്തിൽ വളർത്തിയില്ല. പക്ഷേ റോമൻ കത്തോലിക്കാ ചർച്ചിലാണ് ഞങ്ങളെ ജ്ഞാനസ്നാനം ചെയ്തത്. അതുകൊണ്ട് ഞങ്ങളെ കത്തോലിക്കാ സ്കൂളിൽ ചേർക്കാൻ സാധിച്ചു. ഈസ്റ്റ് ലണ്ടനിൽ മറ്റു ലോക്കൽ സ്കൂളുകളേക്കാൾ മികച്ചതായിരുന്നു ഞങ്ങളുടെ സ്കൂൾ.

**മുനവ്വറാ ഗോറി: താങ്കൾക്ക് എങ്ങനെയാണ് ഇസ്‌ലാമിൽ താൽപര്യം ജനിച്ചത്?**

**ആനി മേരി:** പരലോക ജീവിതവുമായി ബന്ധപ്പെട്ട് ഏത് ദൈവചിന്തയാണ് ശരിയും തെറ്റും എന്നത് സംബന്ധിച്ച് പതിനഞ്ച് വയസ്സിൽ തന്നെ എന്നിൽ ചിന്തകൾ നാമ്പിട്ടിരുന്നു. ആ പ്രായത്തിൽ എനിക്ക് നന്മയേയും തിന്മയെയും പറ്റി ഏതാണ് ശരി ഏതാണ് തെറ്റ് എന്നതിനെപറ്റി എനിക്കറിയില്ലായിരുന്നു. നമ്മിൽ നിന്നും ഒരു സൃഷ്ടി എന്ന നിലക്ക് ദൈവം എന്താണ് പ്രതീക്ഷിക്കുന്നത് എന്നതിനെ പറ്റി എനിക്ക് അടിസ്ഥാന ധാരണയൊന്നുമില്ലായിരുന്നു. പതിനഞ്ച് വയസ്സ് മുതൽ എല്ലാ ഞായറാഴ്ച്ചയും ഞാൻ തനിയെ ചർച്ചിൽ പോകാൻ തുടങ്ങി. എന്നിൽ നിന്ന് ദൈവത്തിന് എന്താണ് വേണ്ടത് എന്നതിനെ സംബന്ധിച്ചും എനിക്ക് ഒരു സുനിശ്ചിതമായ ധാരണ ഉണ്ടാവാനും എന്റെ ഈ വലിയ ചോദ്യത്തിന് ഉത്തരം ലഭിക്കാനും ഞാൻ ശ്രമിച്ചുകൊണ്ടിരുന്നു.

ഞാൻ കോളേജിൽ പോവുന്നത് വരെ 2-3 വർഷം ചർച്ചിൽ പോയ്ക്കൊണ്ടിരുന്നു. അത്വരെ ഞാൻ ക്രിസ്ത്യൻ സ്കൂളിലാണ് പഠിച്ചു കൊണ്ടിരുന്നത്. എന്റെ സുഹൃത്തുക്കളെല്ലാം ക്രിസ്ത്യാനികളായിരുന്നു. ഇവരെ കൂടാതെ എന്റെ പഴയ കൂട്ടുകാരികളിൽ ഒരാൾ എന്റെ അയൽവാസിയും ഇന്ത്യൻ കുടുംബ പശ്ചാത്തലവുമുള്ള ഒരു മുസ്‌ലിം പെൺകുട്ടിയായിരുന്നു. ഞങ്ങൾ ഒരിക്കലും മതത്തെകുറിച്ച് സംസാരിച്ചില്ല. പക്ഷേ തീർച്ചയായും എപ്പോഴും എന്നെ സ്വാഗതം ചെയ്തു കൊണ്ടുള്ള ഹൃദ്യവും ദയാവായ്പ്പോടു കൂടിയതുമായ പെരുമാറ്റമുള്ള ആ പെൺകുട്ടി എന്റെ ഉപബോധ മനസ്സിൽ അഗാതമായൊരു സ്വാധീനമുണ്ടാക്കിയിരുന്നു.

എനിക്ക് ഇസ്‌ലാമിൽ താൽപര്യം ജനിച്ചത് ക്രിസ്തുമതത്തിലെ യേശു(അ)വിനെ പറ്റിയുള്ള വിശ്വാസവുമായി ബന്ധപ്പെട്ട് കോളേജിൽ വെച്ച് ഒരു മുസ്‌ലിം

സുഹൃത്തുമായി സംസാരിക്കാനിട വന്ന സന്ദർഭത്തിലാണ്. ക്രിസ്തു മതത്തെ പറ്റി പോലും എനിക്ക് ശരിയായ ധാരണയില്ലെന്ന് അപ്പോൾ എനിക്ക് ബോദ്ധ്യമായി. എന്റെ വിശ്വാസം പോലും ക്രിസ്തുമതവുമായി ഒത്തുപോകുന്നതല്ല എന്ന് ഞാൻ അറിഞ്ഞു. അതുകൊണ്ട് ഞാൻ ക്രിസ്തുമതത്തിന്റെ ചരിത്രത്തിലേക്ക് അന്വേഷണം ആരംഭിച്ചു. പിന്നെ അധികകാലം എനിക്ക് ക്രിസ്ത്യനിയായിരിക്കാൻ സാധിച്ചില്ല. പഠനം കൊണ്ട് ഒരു പ്രവാചകൻ അല്ലെങ്കിൽ ദൂതൻ എന്നതിലുപരി യേശു(അ) ദൈവത്തിന്റെ പുത്രനാണെന്ന് ഞാൻ വിശ്വസിച്ചില്ല. യേശു ഒരു ദൈവാവതാരമാണെന്ന് വിശ്വസിക്കാൻ എനിക്കായില്ല. പണ്ട് കാലത്ത് അയക്കപ്പെട്ടത് പോലെയുള്ള പ്രവാചകനാണ് അദ്ദേഹം എന്ന് ഞാൻ വിശ്വസിച്ചു. പിന്നീട് യഹൂദ മതപഠനം ആരംഭിച്ച ഞാൻ ഒരു യഹൂദ വിശ്വാസിയായി മാറുമോ എന്ന് ഇടക്ക് സന്ദേഹിച്ചു. പക്ഷേ യേശു മറ്റു പ്രവാചകന്മാരെ പോലെയുള്ള പ്രവാചകൻ മാത്രമാണ് എന്ന എന്റെ ഉറച്ച വിശ്വാസത്തെ ഉലയ്ക്കുവാൻ എന്റെ പഠനത്തിന്നായില്ല. എന്തുകൊണ്ട് അദ്ദേഹം ഒരു ദൈവപുത്രനാണ് എന്ന വ്യാജം വാദിച്ചു? മറ്റുള്ള പ്രവാചകന്മാരെല്ലാം സത്യവാദികളുമായി? ഞാൻ എനിക്ക് കഴിയാവുന്നയത്ര മറ്റു മതങ്ങളും ഇസങ്ങളും പഠിക്കാൻ തുടങ്ങി. ഇസ്‌ലാമിനെ അവസാനമായാണ് ഞാൻ പരിഗണിച്ചത് കാരണം ആ മതത്തെ പറ്റി എനിക്ക് ഒരു പാട് മുൻവിധികളുണ്ടായിരുന്നു. മാധ്യമങ്ങൾ ഇസ്‌ലാമിനെ കുറിച്ച് സൃഷ്ടിച്ച പ്രത്യേകതരം മിഥ്യാധാരണാ എന്നിലുണ്ടായിരുന്നു. എങ്കിലും ഇസ്‌ലാമിനെ ഞാൻ നിരാകരിക്കാനുണ്ടായ കാരണത്തെ പറ്റിയെങ്കിലും അന്വേഷണം നടത്തണമെന്ന് ഞാൻ നിശ്ചയിച്ചു. ഏതായാലും ഞാൻ എന്റെ ഇസ്‌ലാമിനെ പറ്റിയുള്ള പഠനം തുടരുവാൻ തീരുമാനിച്ചു. ചുരുങ്ങിയത് എന്തുകൊണ്ട് ഇസ്‌ലാമിനെ ഞാൻ നിരാകരിക്കുന്നു എന്നെങ്കിലും അറിയണമല്ലോ.

അങ്ങനെ ഞാൻ ഓൺലൈനിൽ ഒരു ഇംഗ്ലീഷ് ഖുർആൻ പരിഭാഷ അന്വേഷിച്ചു. കണ്ടെത്തി വായന ആരംഭിച്ചു. ഞാൻ അത്ഭുതപ്പെട്ടുപോയി എനിക്ക് എറ്റവും പ്രിയപ്പെട്ട ആദ്യത്തെ അദ്ധ്യായം സൂറാ: ഫാത്തിഹ തന്നെ എന്നെ ഹഠാദാകർഷിക്കുകയായിരുന്നു. ബൈബിളിലുള്ള അതേ പേരുകൾ തന്നെ, അതായത് മോസ്സസ്(അ), ജീസസ്(അ) അബ്രഹാം (അ) മേരി(അ) എന്ന പേരുകൾ തന്നെയാണ് ഖുർആനിലുമുള്ളതെന്ന് ഞാൻ കണ്ടെത്തി. ഖുർആനിലുള്ളത് ശരിയാണെന്നും തെറ്റ് സംഭവിച്ചത് ക്രിസ്തു മതത്തിനാണെന്നും ഞാൻ മനസ്സിലാക്കി. അതായത് ത്രിത്വ സങ്കൽപ്പം യേശുവിന്റെ ദൈവത്വം മുതലായവ. ഒരിക്കൽ ഞാൻ ഖുർആൻ പരായണം ചെയ്തുകഴിഞ്ഞപ്പോൾ, ഞാൻ സ്വയം ചിന്തിച്ചു അതെ, ശരിയാണ് 'ഇസ്‌ലാം ആണ് ഇതിനെല്ലാം ഉത്തരം.' ഞാൻ എന്റെ കുടുംബത്തിന്റെ പ്രതികരണത്തെ കുറിച്ചാലോച്ചിച്ച് വേവലാതികൊണ്ടു. അതിന് ശേഷം എനിക്ക് പൂർണ്ണമായും മനസ്സിലാക്കാൻ പറ്റാത്ത പല പല വിഷയങ്ങളിലും വീണ്ടും ഞാൻ പഠനം നടത്തി. അങ്ങനെ ഞാൻ മുഖ്യധാരാ സുന്നി മുസ്‌ലിം സമൂഹത്തിൽ എത്തിചേർന്നു.

**മുനവ്വറാ ഗോറി: അത്ര ചെറുപ്പത്തിൽ തന്നെ വിവിധ മതങ്ങളെ സംബന്ധിച്ച് വിശദമായ ഗവേഷണ പഠനങ്ങൾ നടത്തിയത് വിസ്മയകരമായി തോന്നുന്നു. പ്രത്യേകിച്ച് താങ്കളുടെ മാതാപിതാക്കളുടെ ജീവിത പശ്ചാത്തലം കൂടി നോക്കുമ്പോൾ. ആനി മേരീ, താങ്കൾ ഒരു സുന്നി മുസ്‌ലിം ആയതിന് ശേഷം എന്തുകൊണ്ട് ഒരു അഹ്‌മദി മുസ്‌ലിം ആവണമെന്ന് തോന്നി?**

**ആനി മേരി:** മഹ്ദി വാസ്തവത്തിൽ വന്നുവെന്ന് ഉറപ്പ് വരുത്തണമെന്ന് എനിക്ക് തോന്നി. നാമെല്ലാം വിശ്വസിക്കുന്നത് പോലെ മഹ്ദി മുസ്‌ലിം ലോകം മുഴുവൻ കാത്തിരിക്കുന്ന, യേശുവിന്റെ രണ്ടാം വരവിന് മുമ്പായി വരേണ്ടയാളാണ്. മഹ്ദി വന്നു എന്ന കാര്യം ഞാൻ അറിയുകയുണ്ടായി. ഇക്കാര്യത്തെ പറ്റി ഞാൻ തെറ്റിദ്ധരിച്ചതായിരിക്കാനും സാദ്ധ്യതയുണ്ട്. പക്ഷേ ഈ വിഷയത്തെ പറ്റി ഞാൻ പഠനം ആരംഭിക്കുകയുണ്ടായി. ഇത് സത്യമാണോ അല്ലയോ എന്ന് ഗവേഷണം നടത്താൻ ഞാൻ തീരുമാനിച്ചു.

ഖാതമുന്നബിയ്യീൻ (പ്രവാചകന്മാരുടെ മുദ്ര) വിഷയത്തിൽ ഇസ്‌ലാമിലെ പല പ്രഗത്ഭരായ പണ്ഡിതന്മാരുടെ വ്യാഖ്യാനങ്ങളും ചർച്ചചെയ്യുന്ന ജമാഅത്തിന്റെ (അഹ്മദിയ്യാ ജമാഅത്ത്) ഒരു പുസ്തകം ശ്രദ്ധയോടെ വായിക്കുകയുണ്ടായി. അതായത് ന്യായപ്രമാണ വാഹകനല്ലാത്ത പ്രവാചകന്മാർക്കും പരിശുദ്ധ പ്രവാചകനായ മുഹമ്മദ് നബി (സ) ക്ക് ശേഷം വരാമെന്ന് അഹമദികൾ വിശ്വസിക്കുന്നുവെന്ന് മനസ്സിലായി. പിന്നീട് ഞാൻ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് എഴുതിയ 'ഇൻവിറ്റേഷൻ റ്റു അഹ്മദിയ്യത്ത്' (Invitation to Ahmadiyyat) എന്ന പുസ്തകം വായിച്ചു. ഇയാൻ ആദം എഴുതിയ 'അഹ്മദ് ദ ഗൈഡഡ് വൺ' (Ahmad the Guided One) എന്ന പുസ്തകവും വായിചു. ഈ രണ്ട് പുസ്തകങ്ങളും എനിക്ക് വാഗ്ദത്ത മസീഹിന്റെ സത്യം മനസ്സിലാക്കി തന്ന പുസ്തകങ്ങളായിരുന്നു. പിന്നീട് അധികം താമസിയാതെ ഞാനൊരു അഹ്മദിയായിത്തീർന്നു.

**മുനവ്വറാ ഗോറി: ഇസ്‌ലാമിലേക്കുള്ള താങ്കളുടെ പരിവർത്തനത്തോട് താങ്കളുടെ കുടുംബം എങ്ങനെയാണ് പ്രതികരിച്ചത്? താങ്കൾ ഇസ്‌ലാം മതം സ്വീകരിച്ചതിന് ശേഷം അവരുടെ ഇസ്‌ലാമിനോടുള്ള സമീപനം മാറിയോ?**

**ആനി മേരി:** അവർ നന്നായി പ്രതികരിച്ചിട്ടൊന്നുമില്ല. എന്റെ സഹോദരി ഞാൻ മാറിയ

യാഥാർത്ഥ്യം അംഗീകരിക്കുകയുണ്ടായി. പക്ഷേ എന്റെ കുടുംബത്തിൽ പ്രത്യേകിച്ച് മാതാപിതാക്കന്മാർക്ക് അതുണ്ടാക്കുന്ന പ്രത്യാഘാതം എന്തായിരിക്കും എന്നതിനെ സംബന്ധിച്ച് അവൾക്ക് ആശങ്കകളുണ്ടായിരുന്നു.

കാലക്രമത്തിൽ അവരുടെ എന്നോടുള്ള സമീപനവും മാറി. പക്ഷേ അത് മാറാൻ വളരെ വളരെ വർഷങ്ങളെടുത്തു. ഇപ്പോഴും ചില പ്രയാസങ്ങളുണ്ട്. പിന്നീട് ഞാൻ വിവാഹിതയായപ്പോൾ അതെല്ലാം എളുപ്പമായി തീരുകയാണുണ്ടായത്. അവരുടെ ആശങ്ക ഞാൻ വിവാഹം കഴിക്കുന്നയാളുടെ പശ്ചാത്തലം എന്തായിരിക്കും എന്നതായിരുന്നു.

**മുനവ്വറാ ഗോറി: എനിക്ക് സന്തോഷമായി കര്യങ്ങളെല്ലാം മാറും. ഇൻശാ അല്ലാഹ് (അല്ലാഹു ഉദ്ദേശിച്ചെങ്കിൽ) അതെങ്ങനെ തന്നെ ആയി വരട്ടെ. മറ്റൊരു വിഷയത്തിലേക്ക് കടക്കാം. മെഡിസിനിൽ എങ്ങനെയാണ് താൽപര്യം ജനിച്ചത്?**

**ആനി മേരി:** ചെറുപ്പത്തിൽ തന്നെ എനിക്ക് ശാസ്ത്രത്തോട് ആഭിമുഖ്യവും അത് പഠിക്കാനുള്ള കഴിവും ഉണ്ടായിരുന്നു. ഞാൻ ഒരു പാട് ഉന്നത നിലവാരത്തിലുള്ള ശാസ്ത്ര പുസ്തകങ്ങൾ വായിച്ചിട്ടുണ്ട്. അതുപോലെ കുട്ടികൾക്ക് വേണ്ടിയുള്ള ശാസ്ത്ര പുസ്തകങ്ങളും വായിച്ചിട്ടുണ്ട്. എനിക്കത് ഓർത്തെടുക്കാൻ സാധിക്കും. അതെല്ലാം തന്നെ എന്റെ പ്രിയപ്പെട്ട പുസ്തകങ്ങളായിരുന്നു. ഞാൻ മിണ്ടാപ്രാണികളെയും സ്നേഹിച്ചിരുന്നു. എന്റെ പിന്നീടുള്ള മെഡിക്കൽ വിദ്യാഭ്യാസം ഇഷ്ടപ്പെടുന്നതിന് അത് കൂടി സഹായകരമായിത്തീർന്നു. ഞാൻ യൂണിവേഴ്സിറ്റിയിൽ ഫാർമക്കോളജിയാണ് പഠിച്ചത്. അതിൽ ക്ലിനിക്കൽ വശമായിരുന്നു എനിക്കിഷ്ടം. ഞാൻ അതിൽ ബിരുദം നേടിയതിന് ശേഷം UCL (University College London) നിന്നും മെഡിസിൻ ബിരുദവും എടുത്തു.

**മുനവ്വറാ ഗോറി: സയൻസും മെഡിസിനും താങ്കളുടെ ജീവിതകാലം മുഴുവനുമുള്ള ഒരു ആവേശമായിരുന്നു. മെഡിസിനിൽ ഏത് ഏരിയ ആണ് താങ്കൾ ഇപ്പോൾ സ്പെഷലൈസ് ചെയ്യാൻ ആഗ്രഹിക്കുന്നത്?**

**ആനി മേരി:** എന്റെ താൽപര്യം ജനറൽ മെഡിസിനാണ്. ഗവേഷണത്തിലും എനിക്ക് താൽപര്യമുണ്ട്. അതുകൊണ്ട് ഞാൻ എന്റെ ഇനിയങ്ങോട്ടുള്ള പരിശീലനം ഓങ്കോളജിയിൽ ചെയ്യാൻ തീരുമാനിച്ചു. എന്റെ താൽപര്യങ്ങളെല്ലാം ബാലൻസ് ചെയ്ത് കൊണ്ടു പോകാൻ പറ്റിയ വിഷയം അതാണ് .

**മുനവ്വറാ ഗോറി: ഇത് അത്ഭുതകരമാണ്. അതാണ് ഏറ്റവും ആവശ്യമായ മേഖല. യു കെ യിൽ ദിവസവും 1000 കാൻസർ രോഗികളാണ് ഉണ്ടാവുന്നത് എന്ന് ഞാൻ കരുതുന്നു. ഇത് തീർച്ചയായും ഞെട്ടിപ്പിക്കുന്ന ഒരു കണക്കാണ്. (1) ആൻ മേരി താങ്കൾ രണ്ട് കുട്ടികളുടെ മാതാവാണ്. ഒരു ജൂനിയർ ഡോക്ടർ എന്ന നിലക്ക് താങ്കൾ തിരക്കിട്ട ജോലിയാണ് ചെയ്യുന്നത്. എങ്ങനെയാണ് താങ്കൾ ജോലിയും കുടുംബജീവിതവും ഒന്നിച്ചു കൊണ്ടു പോകുന്നത്?**

**ആനി മേരി:** ചിലപ്പോൾ ഇത് രണ്ടും ഒന്നിച്ചു കൊണ്ടു പോകുന്നത് പ്രയാസകരമായി വരാറുണ്ട്. വിട്ടിൽ 4 വർഷം ട്രയിനിങ്ങിന് പോകാതെ ഞാൻ തങ്ങി. ഞാൻ രണ്ടുവശവും യോജിപ്പിച്ചുകൊണ്ട് ബാലൻസ് ചെയ്തു. ഒരു മാതാവ് എന്ന നിലയിൽ ഞാൻ കൂടുതൽ പഠിച്ചു. ഇപ്പോൾ വീണ്ടും ട്രെയിനിംങ്ങിനു തിരിച്ചെത്തുകയും ചെയ്തു. വീട് ജോലിയിൽ നിന്നും ജോലി വീട്ടിൽ നിന്നു വേർതിരിക്കണമെന്ന് എനിക്ക് തോന്നിയിട്ടുണ്ട്. അങ്ങനെ വരുമ്പോൾ നല്ല ഒരു ബാലൻസ് ഉണ്ടാവും. എന്റെ ഭർത്താവും ഞാനും സമയക്രമം പാലിച്ച് എല്ലാം നല്ലത്പോലെ മാനേജ് ചെയ്യുന്നു. അദ്ദേഹവും ഒരു ഡോക്ടറാണ്. ഞങ്ങളിലാരെങ്കിലുമൊരാൾ എപ്പോഴും വീട്ടിലുണ്ടായിരിക്കും. ആഴ്ച്ചയിലൊരിക്കൽ ദിവസം എന്റെ ഭർതൃമാതാവിന്റെ സാന്നിദ്ധ്യമുണ്ടാവും. ഇത് ഞങ്ങൾക്ക് വളരെ ഉപകാര പ്രദമാണ്.

**മുനവ്വറാ ഗോറി: നിങ്ങൾക്ക് ചുറ്റും നിങ്ങളെ പിന്തുണക്കുന്ന ഒരു കുടുംബം ഉണ്ടാകുന്നത് സന്തോഷകരമാണ്. നിങ്ങൾ മുസ്ലിമാകുന്നതിന് മുമ്പ് താങ്കൾ ഒരു കത്തോലിക്കാ വിശ്വാസിയായിരുന്നു. കത്തോലിക്കാ മതത്തിലും ഇസ്ലാമിലും പൊതുവായി കാണുന്ന വല്ലതുമുണ്ടോ?**

**ആനി മേരി:** അതെ, ഞാൻ മനസ്സിലാക്കുന്നത് വളരെ വിശാലമായ സാമ്യത രണ്ടു മതങ്ങൾക്കുമുണ്ട് എന്നാണ്. ദൈവ സങ്കൽപ്പത്തിൽ രണ്ടു മതങ്ങളിലും ഏകദൈവ സങ്കൽപ്പമാണ്. ക്രിസ്തുമതത്തിൽ ഇത് ത്രിത്വദൈവ സങ്കൽപ്പവും യേശുവിന്റെ ദിവ്യത്വവുമായി വക്രീകരിക്കപ്പെടുയാണുണ്ടായത്. എന്നാൽ യേശുവിന്റെ യഥാർത്ഥത്തിലുള്ള സന്ദേശം ഇസ്ലാമിന്റേത് തന്നെയാണ്. അത് ദൈവം ഏകനാണ് എന്നുള്ളതാണ്. ആ ദൈവത്തിലൂടെ മാത്രമേ നിങ്ങളുടെ ജീവിത ലക്ഷ്യം സാക്ഷാത്ക്കരിക്കപ്പെടുകയുള്ളൂ. പൂർവ്വകാല പ്രവാചകന്മാരായ അബ്രഹാം (അ) മോസസ് (അ) യോഹന്നാൻ സ്നാപകൻ (അ) മുതലായവർ രണ്ട് മതഗ്രന്ഥങ്ങളിലും കാണാം. കാരണം രണ്ട് മതങ്ങളുടെയും ഉത്ഭവ സ്റോതസ്സ് ഒന്നാണ് എന്നുള്ളത് കൊണ്ടാണ്. ദൈവം ഒരു സംഘം സാത്വികരായ മഹത്തുക്കൾക്ക് അവന്റെ സന്ദേശം ജനങ്ങളിൽ പ്രചരിപ്പിക്കാൻ സ്വയം വെളിപ്പെടുത്തിക്കൊടുത്തതാണ് ഇതെല്ലാം.

നിങ്ങളുടെ പാപങ്ങൾ പൊറുത്തുതരുന്നതിൽ ഇത്പോലെ സമാനമായ ചില ഘടകങ്ങളുണ്ട്. മറ്റു ക്രിസ്തീയ വിഭാഗങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ സെന്റ് പോളിന്റെ അദ്ധ്യാപനങ്ങൾ അതിലെല്ലാം കൂടുതലായി കാണാം.

നിങ്ങൾ ഈ ജീവിതത്തിൽ എന്തൊക്കെ ചെയ്താലും യേശു നിങ്ങളുടെ പാപങ്ങൾക്ക് വേണ്ടി മരിച്ചു എന്ന് വിശ്വസിച്ചാൽ മാത്രമേ നിങ്ങൾ നരകത്തിൽ നിന്ന് രക്ഷിക്കപ്പെടുകയുള്ളൂ. നിങ്ങൾ ലോകത്തിലെ ഏറ്റവും മോശപ്പെട്ട വ്യക്തി ആയാലും നിങ്ങൾ യേശു പാപികൾക്ക് വേണ്ടി മരിച്ചു എന്ന് വിശ്വസിച്ചാൽ നിങ്ങൾ വിജയിക്കും. പക്ഷേ കത്തോലിക്കാ വിശ്വാസം എന്തുതന്നെയായാലും നിങ്ങൾ നല്ല കർമ്മങ്ങൾ ചെയ്ത് നിങ്ങൾ പാപപ്പൊറുതിക്ക് വേണ്ടി പ്രാർത്ഥിച്ചാൽ ദൈവം നിങ്ങൾക്ക് പൊറുത്തു തരും. അവൻ നിങ്ങളോട് കരുണ കാണിക്കും എന്നാണ്. ഈ ആശയം രണ്ട് മതത്തിലുമുണ്ട്.

എന്നാൽ ഇസ്‌ലാം ആത്മപരിഷ്ക്കരണത്തിലാണ് ഊന്നൽ നൽകുന്നത്. ഇസ്‌ലാമിൽ ഒരിക്കലും ഒരു ശുപാർശകന്റെ ആവശ്യമില്ല. പാപപ്പൊറുതിക്ക് ഒരു പുരോഹിതന്റെ ആവശ്യമില്ല. നിങ്ങൾക്ക് നേരിട്ട് ദൈവത്തോട് പാപപ്പൊറുതിക്കും മോക്ഷത്തിനുമായി പ്രാർത്ഥിക്കാം. ഇസ്‌ലാം പഠിപ്പിക്കുന്നത് ദൈവ കാരുണ്യം ദൈവത്തിന്റെ ക്രോധത്തെ അതിവർത്തിക്കുന്നു എന്നാണ്. അതനുസരിച്ച് ഒരാൾ പാപം ചെയ്തെങ്കിൽ അത് പൊറുത്തുകൊടുക്കപ്പെടും. ഒരാൾക്ക് ദൈവത്തിന്റെ സഹായം ആവശ്യമെങ്കിൽ അയാൾ സ്വയം തന്നെ പരിഷ്ക്കരിക്കപ്പെടണം. മാറ്റം വേണമെന്ന് ആഗ്രഹിക്കുന്ന ആൾ സ്വയം തന്നെ മാറ്റത്തിന് വേണ്ടി ശ്രമിക്കണം. ആ ശ്രമം തീർച്ചയായും ദൈവത്തിന്റെ സഹായം കൊണ്ടാണ് വിജയിക്കുന്നതും പരാജയപ്പെടുന്നതും എന്ന് അംഗീകരിക്കണം. പരിഷ്ക്കരണം ദൈവത്തിൽ കൂടി മാത്രമേ സാദ്ധ്യമാവൂ. മാറ്റം ആഗ്രഹിക്കുന്നവരെ ദൈവം സഹായിക്കുന്നു. (രണ്ട് വിശ്വാസത്തിലും ഇതിന് സാമ്യതയുണ്ട്.)

**മുനവ്വറാ ഗോറി: താങ്കൾ പറഞ്ഞ ഇസ്‌ലാമിലും ക്രിസ്തു മതത്തിലുമുള്ള സാമ്യതകൾ കൗതുകകരമാണ്. രണ്ടു അബ്രഹാമിക വിശ്വാസമാണ്. അതിനാൽ രണ്ട് മതങ്ങൾക്കും ഒരു പൊതു സങ്കപ്പം താങ്കൾ പ്രതീക്ഷിക്കുന്നു. മറ്റൊരു വിഷയം. ഹിജാബ് ധരിക്കുന്നത് മുസ്‌ലിം സ്ത്രീകളെ അടിച്ചമർത്തുന്നതിന് കാരണമാകുന്നു എന്ന് വിമർശകന്മാർ പറയുന്നു. താങ്കളുടെ അഭിപ്രായമെന്താണ്?**

**ആനി മേരി:** ഞാൻ പറയുന്നത് ഹിജാബ് എന്നത് സ്ത്രീകൾ അവരുടെ വീടുകൾക്ക് വെളിയിൽ പോകുമ്പോൾ ഇപ്പോൾ തന്നെ ധരിക്കുന്ന ഒന്നാണ്. സ്ത്രീകൾ വീടുകളിൽ നിന്ന് ജോലിക്കായി സ്കൂളുകളിൽ, ആശുപത്രികളിൽ മുതലായ ഇടങ്ങളിൽ പോകുമ്പോൾ എന്ത് വസ്ത്രം ധരിക്കണമെന്ന് അവർ തീരുമാനിക്കുന്നു. ലോകത്തിന് മുമ്പിൽ താൻ സ്വയം എങ്ങനെ പ്രത്യക്ഷപെടണമെന്നും അവരാണ് തീരുമാനിക്കുന്നത്. . വീടിനു വെളിയിൽ നഗ്നരായി ആളുകൾ നടക്കുന്നില്ല. അതായത് ജനങ്ങൾ എന്തുകൊണ്ട് പൊതു സ്ഥലത്ത് വസ്ത്രം ധരിച്ചെത്തുന്നു? ചിലർ പറയും വസ്ത്രം അവർക്ക് അന്തസ്സ് പ്രദാനം ചെയ്യുന്നു എന്ന്. ചിലർ പറയും അനാവശ്യമായ ശ്രദ്ധ ഒഴിവാക്കാനാണ് അവർ വസ്ത്രം ധരിക്കുന്നത് എന്ന്. ആണും പെണ്ണും ഹിജാബും മാന്യമായ വസ്ത്രവും ധരിക്കുന്നതിന് കാരണം ഇതൊക്കെതന്നെയാണ് അതിനപ്പുറം യാതൊന്നുമല്ല. ഹിജാബ് സ്ത്രീകൾക്ക് മാന്യതയും അന്തസ്സുമാണ് നൽകുന്നത്. ഹിജാബ് അത് ഉയർന്ന തോതിൽ നൽകുന്നു. കൂടുതൽ മാന്യമായും കൂടുതൽ അന്തസ്സാർന്നതുമായി കാണപ്പെടുന്നത് ഹിജാബാണ്. പ്രത്യേകിച്ച് ദൈവത്തിന് വേണ്ടി സ്വയം സമർപ്പിതരായത് കൊണ്ട് നാം നമ്മുടെ തലമറക്കുന്നത്. അന്തിമമായി ദൈവത്തിന് വേണ്ടി യാവുമ്പോൾ ശിരോവസ്ത്രം അങ്ങനെതന്നെയാണ് ആവേണ്ടത്.

ഇസ്‌ലാം ഒരിക്കലും സ്ത്രീയെ ശിരോവസ്ത്രം ധരിക്കാൻ നിർബന്ധിക്കുന്നില്ല. വാസ്തവത്തിൽ ഇസ്‌ലാം ഒരു മുസ്‌ലിമിനെയും നിർബന്ധിച്ച് ഒന്നും ചെയ്യിക്കുന്നില്ല. നമ്മെ നിർബന്ധിച്ച് എന്തെങ്കിലും ചെയ്യിക്കാൻ ദൈവത്തിന് യാതൊരു ആവശ്യവുമില്ല. അതു തികച്ചും നമ്മുടെ ആത്മീയ പരിഷ്ക്കരണവുമായി ബന്ധപ്പെട്ട നമ്മുടെ ഗുണത്തിനു വേണ്ടിയുള്ളതാണ്. ദൈവത്തിലേക്ക് ഒരു വഴി കണ്ടെത്താൻ ആഗ്രഹിക്കുന്നവർക്ക് വിശുദ്ധ ഖുർആനിൽ അതിന് ചില മാർഗ്ഗനിർദ്ദേശങ്ങളും ചില ആജ്ഞകളും നൽകുന്നു എന്ന് മാത്രം. നിങ്ങൾക്ക് അതൊന്നും വേണ്ട എന്നുണ്ടെങ്കിൽ അത് തികച്ചും നിങ്ങളുടെ ഇഷ്ടമാണ്. ജീവിതാനുഭവങ്ങളിൽകൂടി മാത്രമേ എന്തിന് വേണ്ടിയാണ് ഹിജാബ് നിർദ്ദേശിച്ചത് എന്ന് നിങ്ങൾക്ക് മനസ്സിലാകൂ. അത് നിങ്ങൾക്ക് ഹിജാബ് ധരിക്കൽ പോലെയുള്ള കാര്യങ്ങളിൽ തീരുമാനമെടുക്കാനും സഹായകരമായിരിക്കും. ഞാൻ ഒരിക്കലും ഒരു മുസ്‌ലിംകുടുംബത്തിൽ വളർത്തപ്പെട്ടവളല്ല. മതപരമായ കാരണത്താൽ ശിരോവസ്ത്രം ധരിക്കാനുള്ള എന്റെ സങ്കൽപ്പം വളരെ പരിമിതമായിരിക്കും. എന്റെ രണ്ട് മതങ്ങളിലുള്ള ജീവിതാനുഭവങ്ങളുടെ വെളിച്ചത്തിൽ ദൈവ സാമീപ്യം പ്രാപിക്കാൻ ഞാൻ നേരത്തെ തന്നെ ആ തീരുമാനം എടുത്തു കഴിഞ്ഞിരുന്നു.

**മുനവ്വറാ ഗോറി: നിങ്ങൾക്ക് രണ്ട് കുട്ടികളുണ്ട്. അവരെ നിങ്ങൾ മുസ്‌ലിംമായിട്ടാണ് വളർത്തിക്കൊണ്ടു വരുന്നത്. യു കെ യിലെ ധാരാളം ആളുകൾ ദൈവത്തിൽ വി ശ്വസിക്കുന്നില്ല. (2020 ലെ ഒരു ഗവർമെന്റ് പോളിൽ പറയുന്നത് 27% ബ്രിട്ടീഷുകാർ മാത്രമേ ദൈവത്തിൽ വിശ്വസിക്കുന്നുള്ളൂ എന്നാണ്. (2) അവരുടെ മാതാപിതാക്കന്മാർ ഒരു മതവും ആചരിക്കാൻ അവരിൽ സമ്മർദ്ദം ചെലുത്താറില്ല. അതിന് പകരം പ്രായപൂർത്തിയായാൽ അവരുടെ മതം തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം അവർക്ക് നൽകിയിരിക്കുന്നു എന്നാണ്.**

**അത്തരം ആളുകളെ പറ്റി താങ്കൾക്ക് എന്താണ് പറയാനുള്ളത്?**

**ആനി മേരി:** അഭിപ്രായ പ്രകടന സ്വാതന്ത്ര്യവും മതസ്വാതന്ത്ര്യവും അനുവദിക്കുന്ന ഒരു സമൂഹത്തിലാണ് നാം ജീവിക്കുന്നത്. ഈ അർത്ഥത്തിൽ നാം വലിയ ഭാഗ്യവാന്മരാണ്. കാരണം ഇത് ലോകത്തിലെ മിക്ക ദേശങ്ങളിലും വലിയൊരു പ്രശ്നം തന്നെയാണ്. അവിടെയെല്ലാം ഒരു വിഭാഗം ന്യൂനപക്ഷങ്ങൾ പീഢിപ്പിക്കപ്പെടുകയാണ്.

ഭാഗ്യവശാൽ നമുക്ക് നല്ലൊരു നിയമ സംവിധാനമാണ് ഉള്ളത്. പണ്ട് കാലത്തെ ക്രിസ്ത്യൻ ചർച്ച് തത്വങ്ങളുടെ അടിസ്ഥാനത്തിൽ ഉണ്ടായിരുന്നത് പോലെ ഒരാളുടെ പ്രവർത്തികൾക്കനുസരിച്ച് ധാർമികതയുടെയും ഉത്തരവാദിത്തിന്റെയും അടിസ്ഥാനത്തിലാണ് ആ നിയമം പ്രവർത്തിക്കുക. അത് പല ആളുകൾക്കും പല നിയമങ്ങളുള്ളത് പോലെ അതൊരു ഗോത്രവർഗ്ഗ വ്യവസ്ഥയായിരുന്നില്ല. എല്ലാവർക്കും ഒരേ നിയമമായിരുന്നു. തങ്ങളുടെ രാജ്യങ്ങളിൽ മതത്തിന്റെ അടിവേരുകളിൽ നിന്നും നാമ്പിട്ട നിയമങ്ങളാണ് രാജ്യത്തിന്റെ സ്ഥൈര്യമുള്ള നിയമങ്ങളുടെ അടിസ്ഥാനം എന്ന കാര്യം ജനങ്ങൾ മറന്നു പോയിരിക്കുന്നു.

നമ്മുടെ നിയമ വ്യവസ്ഥ വായുവിൽ നിന്നും പൊട്ടിമുളച്ചതല്ല. നാം അത് അംഗീകരിച്ചാലും ഇല്ലെങ്കിലും ശരി നമ്മുടെ ജീവിതത്തിൽ മതം ഒരു വലിയ പങ്ക് വഹിക്കുന്നുണ്ട്. മതമില്ലാത്തവരിൽ പോലും ധാർമിക തത്വങ്ങൾ നമ്മുടെ ജീവിതത്തിൽ വലിയൊരു പങ്ക് വഹിക്കുന്നു. നമ്മുടെ ജീവിതം ചില നിയമചട്ടകൂടുകളുള്ള ധാർമിക തത്വങ്ങൾക്കനുസരിച്ചാണ് ഭരിക്കപ്പെടുന്നത്. അനുസരിക്കപ്പെടുന്ന നിയമ വ്യവസ്ഥയുടെ ചട്ടകൂടിലാണ് നമ്മുടെ ജീവിതങ്ങൾ ധാർമത്തോടുള്ള പ്രതിബദ്ധത നമ്മെ ഉത്തര വാദിത്തമുള്ളവരാക്കി മാറ്റുന്നു.

മതവിമുക്തരായിക്കൊണ്ട് നമ്മുടെ കുട്ടികളെ നാം വളർത്തുന്നു എന്ന് പറയുമ്പോൾ നാം എന്താണ് അർത്ഥമാക്കുന്നത്? അടുത്ത തലമുറയെ ധാർമിക മുക്തമാക്കി നാം വളർത്തണമെന്നാണോ പറയുന്നത്? തീർച്ചയായും അല്ല. ഒരു നിരീശ്വവാദിയും ഇത് പറയില്ല. നാസ്തികൻ പോലും അവരുടെ കുട്ടികളെ അവരുടെ വീക്ഷണമനുസരിച്ച ധാർമിക നിലവാരത്തിലുള്ള ജീവിതരീതിയിൽ വളർത്താനാണ് ആഗ്രഹിക്കുന്നത്. അപരരുടെ ധാർമികത തങ്ങളുടെ കുട്ടികളെ പഠിപ്പിക്കാൻ അവർ ആഗ്രഹിക്കുന്നില്ല. വാസ്തവമെന്തെന്നാൽ കുട്ടികൾ പ്രായപൂർത്തിയാവുമ്പോൾ അവരുടെ ജീവിതരീതി അവർ തിരഞ്ഞെടുക്കുന്നു, ഞാൻ ചെയ്തത് പോലെ.

നാസ്തികർ അവരുടെ സന്താനങ്ങളെ മതരഹിതരായി വളർത്താൻ ആഗ്രഹിക്കുന്നു. അത് നല്ലത് തന്നെ, പക്ഷേ നാം എല്ലാം ചെയ്യുന്നത് പോലെ അവർ തങ്ങളുടെ കുട്ടികളെ യാതൊരു ധാർമിക ചട്ടകൂടുമില്ലാതെയാണ് വളർത്തുന്നത് എന്ന് മാത്രം നടിക്കരുത്.

**മുനവ്വറാ ഗോറി: ആനി, താങ്കൾ ഉന്നയിച്ചത് വളരെ നല്ല ഒരു വാദമാണ്. എല്ലാ രക്ഷിതാക്കളും അവരുടെ സന്താനങ്ങൾക്ക് ഒരു ധാർമിക ചട്ടകൂട് നൽകുന്നുണ്ട്. യുക്തി സഹമായ മതം** (rational religion.co.uk) **എന്ന പേരിൽ ഒരു മീഡിയാ പ്ലാറ്റ്ഫോമിൽ താങ്കൾ ശാസ്ത്രവും മതവും ഇസ്ലാമിൽ സമരസപ്പെടുന്നു എന്ന ആശയത്തിൽ ഒരുപാട് സംഭാവനകൾ നൽകിയിട്ടുണ്ട്. ഇസ്ലാം വാസ്തവത്തിൽ യുക്തിഭദ്രമായ ചിന്തയുടെ അടിസ്ഥാനത്തിലുള്ളതാണോ?**

**ആനി മേരി:** തീർച്ചയായും പാശ്ചാത്യർ പൊതുവെ വിശ്വസിക്കുന്നത് മതത്തിന് പുറത്ത് അവർ വളയേറെ വളർന്നവരാണെന്നാണ്. അവരുടെ ജീവിതത്തിന് അർത്ഥം നൽകുന്നത് സയൻസ് ആണെന്നാണ് അവർ വിശ്വസിക്കുന്നത്. മതത്തിൽ അതിലൊന്നിനും ഒരു സ്ഥാനവുമില്ലെന്നും ശാസ്ത്രീയമായ രീതിയിൽ പ്രവർത്തിക്കുന്നതിനാൽ ശാസ്ത്രം കൂടുതൽ യുക്തിസഹമാണെന്നും മതത്തിന് യാതൊരു ശാസ്ത്രീയ അടിസ്ഥാനവുമില്ലെന്നും അവർ കരുതുന്നു. അതിൽ വിശ്വാസം അല്ലെങ്കിൽ പ്രതീക്ഷ മാത്രമാണ് പ്രധാനം. യാതൊരു തെളിവുമില്ലാതെ കാര്യങ്ങൾ വിശ്വസിക്കുന്നതിൽ മതവിശ്വാസികൾ തൃപ്തരുമാണ് എന്നാണ് പാശ്ചാത്യർ പൊതുവേ കരുതുന്നത്. നിങ്ങൾക്ക് പാശ്ചാത്യരായ ജനങ്ങളെ ഇക്കാര്യത്തിൽ മൊത്തം അടച്ചാക്ഷേപിക്കാൻ കഴിയില്ല. കാരണം ഇത് അടിസ്ഥാനപരമായി ക്രിസ്തുമതത്തിന്റെ അദ്ധ്യാപനമാണ്. ഈ ആശയം ഇത്പോലെയല്ല വിശ്വസിക്കേണ്ടത്. ദൈവത്തിന്റെ അസ്തിത്വത്തെ പറ്റി നിങ്ങൾക്ക് ദൃഢബോധ്യം വരും പക്ഷേ നിങ്ങൾക്ക് വിശ്വാസം വേണം. അല്ലെങ്കിൽ അന്ധമായ വിശ്വാസം തന്നെ വേണം അല്ലെങ്കിൽ അതിനെക്കാൾ കൂടുതലായി വേണം.

ഇസ്ലാം ഒരിക്കലും യുക്തിയില്ലാത്ത ഇത്തരം വിശ്വാസത്തിന്റെ വാക്താവല്ല. വാസ്തവത്തിൽ ഇസ്ലാം അതിന്റെ നേർവിപരീതമാണ്. വിശുദ്ധ ഖുർആൻ അതിന്റെ വായനക്കാരനോട് നിരന്തരമായി അന്വേഷിക്കാനാണ് ആവശ്യപ്പെടുന്നത്. ഖുർആനിലും പ്രകൃതിയിലും ദൈവത്തിന്റെ അടയാളങ്ങൾ കണ്ടെത്തനാണ് അത് പറയുന്നത്.

**'ഏഴു ആകാശങ്ങളെ പടിപടിയായി ഒന്നിന് മീതെ മറ്റൊന്നായി സൃഷ്ടിച്ചവനാണവൻ പരമകാരുണികനായ അല്ലാഹുവിന്റെ സൃഷ്ടികർമ്മത്തിൽ ഒരു ക്രമക്കേടും നീ കാണുകയില്ല. നീ വീണ്ടും നോക്കുക. വല്ല വൈകല്യവും കാണുന്നുണ്ടോ? വീണ്ടും വീണ്ടും നോക്കുക കണ്ണ് പരാജയപ്പെട്ടും ക്ഷീണിച്ചും നിന്നിലേക്ക് തന്നെ തിരിച്ച് വരും.' (വിശുദ്ധ ഖുർആൻ 67: 5–6)**

വിശുദ്ധ ഖുർആൻ അതിന്റെ

വായനക്കാരനോട് ആവർത്തിച്ച് ദൈവത്തിന്റെ അസ്തിത്വത്തെ സംബന്ധിച്ച് പറയുന്നു. കേവല വിശ്വാസം എന്നത് ഇസ്‌ലാമിൽ താഴെപ്പടിയിലുള്ളതാണ്. നിങ്ങൾക്ക് വിശ്വാസം മാത്രം മതിയെങ്കിൽ അത്തന്നെ മതി. പക്ഷേ അല്ലാഹുവിന്നറിയാം പല ആളുകൾക്കും സ്ഥിരചിത്തരായി നിലനിൽക്കാൻ വിശ്വാസം മാത്രം പോരാ എന്ന്. അവർക്ക് തെളിവും കൂടി വേണം. ആ തെളിവ് നിങ്ങൾ ശാസ്ത്രീയ രീതിയിൽ കാണുന്ന അതേ പോലെയുള്ള തെളിവ് ആയിരിക്കണമെന്നില്ല. ഞങ്ങൾ സാമൂഹിക മാധ്യമങ്ങളിൽ ചർച്ച ചെയ്തു കൊണ്ടിരുന്നത് ഇതായിരുന്നു. നിങ്ങൾക്ക് പഞ്ചസാരയുടെ രുചി കാണാനോ കേൾക്കാനോ സാദ്ധ്യമല്ല. ഒരു റോസാ പുഷ്പത്തിന്റെ വർണ്ണം കേൾക്കാനും സാദ്ധ്യമല്ല. എല്ലാത്തിനും ഒരേ രീതിയല്ല എന്ന് ചുരുക്കം. അത്പോലെ ദൈവത്തെ നിങ്ങൾ ടെസ്റ്റ്യൂബിൽ കാണാൻ ആഗ്രഹിക്കുന്നുവെങ്കിൽ അത് നിങ്ങളെ എവിടെയും കൊണ്ടെത്തിക്കുകയില്ല. ദൈവത്തെ കാണാൻ നിങ്ങൾ ആത്മീയ മാർഗ്ഗത്തിലൂടെയാണ് അന്വേഷിക്കേണ്ടത്. നിങ്ങൾ അതിന് ഉചിതമായ ഉപാധികളിലൂടെ അന്വേഷിക്കണം

**മുനവ്വറാ ഗോറി: താങ്കൾ ജീവിക്കുന്നത് അഹ്മദിയ്യാ ജമാഅത്തിന്റെ ലോക തലവൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദിന്റെ അടുത്താണ്. ഹുസൂർ തിരുമനസ്സ് താങ്കളുടെ ജീവിതത്തെ എങ്ങനെയാണ് സ്വാധീനിക്കുന്നത്?**

**ആനി മേരി:** ഞങ്ങൾ ഞങ്ങളുടെ മിഡ്ലന്റിലുള്ള വീട്ടിൽ നിന്നും ഹുസൂർ തിരുമനസ്സിന്റെയും അഹ്മദിയ്യാ കമ്മ്യൂണിറ്റിയുടെയും അടുക്കലേക്കാണ് പോയത്. ഹുസൂർ പോവുന്നതിന് മുമ്പ് തന്നെ ഞങ്ങൾ അവിടെ എത്തിയിരുന്നു. ഹുസൂർ തിരുമനസ്സിന്റെ സാന്നിദ്ധ്യവും കൂടിക്കാഴ്ച്ചയും ധാരാളം ലഭിക്കാനായിരുന്നു അങ്ങനെ ചെയ്തത്.

ഹുസൂർ തിരുമനസ്സിന് എന്റെ ജീവിതത്തിൽ വളരെ സ്വാധീനിക്കാൻ കാരണം അദ്ദേഹം എപ്പോഴും നമുക്ക് ചുറ്റുമുള്ളവരോടുള്ള നമ്മുടെ ഉത്തരവാദിത്തങ്ങളെയും കടമകളെപറ്റിയും ഓർമ്മിപ്പിക്കാറുണ്ടായിരുന്നു. നാം എന്താണ് ചെയ്യേണ്ടത് എന്ന് ഒരു നിശ്ചയവുമില്ലാത്ത സന്ദർഭങ്ങളിൽ അദ്ദേഹം നമുക്ക് മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുമായിരുന്നു.

മുഖ്യധാരാ സുന്നി മുസ്‌ലിം ഗ്രൂപ്പുകളിലുള്ളവരെക്കാളോ അല്ലെങ്കിൽ ക്രിസ്ത്യൻ പശ്ചാത്തലത്തിലുള്ളവരെക്കാളോ നാം ഖിലാഫത്ത് കൊണ്ട് വളരെ അനുഗ്രഹീതരാണ്. കാരണം അവരെല്ലാം തന്നെ നിരാശയിൽ കഴിയുന്നവരാണ്. മറ്റിടങ്ങളിൽ നിന്ന് മാർഗ്ഗനിർദ്ദേശത്തിന്റെ യാതൊരു ശബ്ദവും നമുക്ക് കേൾക്കാൻ കഴിയില്ല. നിങ്ങൾ എന്തൊന്നാണോ കേൾക്കാൻ ആവശ്യമായത് അതാണ് നിങ്ങൾ ഇവിടെ നിന്നും കേൾക്കുന്നത്. 200 വർഷം മുമ്പുള്ള ഒരു മുസ്‌ലിമിന്റെ ജീവിതമല്ല ഇപ്പോഴുള്ളത്. പഴകാലത്തെ മാർഗ്ഗദർശനം മാറി. അതെ, നിങ്ങൾക്ക് ഇപ്പോഴും നല്ല മുസ്‌ലിമായി ജീവിക്കാനും സമൂഹത്തിൽ തൃപ്തിയോടെ ജീവിക്കാനും സാദ്ധ്യമായേക്കാം. പക്ഷേ നിങ്ങളുടെ ഉദാഹരണം വർഷങ്ങളോളമായി ദാഹാർത്തരരായിരുന്ന ഒരാൾക്ക് കേവലം ഒരു ഗ്ലാസ് വെള്ളംകൊണ്ട് മാത്രം തൃപ്തരാകാൻ സാദ്ധ്യമല്ലാത്തത് പോലെയാണ്. ഹുസൂർ തിരുമനസ്സ് തൃപ്തിപ്പെടുത്തുന്ന മാർഗ്ഗനിർദ്ദേശങ്ങളും വ്യക്തതയുമാണ് നമുക്ക് നൽകുന്നത്.

**മുനവ്വറാ ഗോറി: അടുത്ത 10 വർഷത്തിനുള്ളിൽ താങ്കൾ എന്തൊക്കെ നേട്ടങ്ങളാണ് പ്രതീക്ഷിക്കുന്നത്?**

**ആനി മേരി:** അല്ലാഹു ഉദ്ദേശിക്കുകയാണെങ്കിൽ കാൻസറിന് ഒരു ശമനം കണ്ടെത്തണം ഇൻശാ അല്ലാഹ്, ഓങ്കോളജിയിൽ എന്റെ ട്രെയിനിംങ്ങ് പൂർത്തിയാക്കണം. എനിക്ക് ചെയ്യാൻ കഴിയുന്ന സേവനങ്ങൾ നൽകി വിദേശത്ത് വഖഫ് ചെയ്ത് (ദൈവമാർഗ്ഗത്തിലുള്ള സമർപ്പണം) പ്രവർത്തിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഒരു സന്താനം കൊണ്ട് കൂടി ഞങ്ങൾ അനുഗ്രഹീതരാകണം എന്നും ആഗ്രഹിക്കുന്നു.

റാഷനൽ റിലീജിയസ് ചാനലിന് (Rational Religion channel) ഒരു പാട് ശ്രോതാക്കൾ ഉണ്ടാവണമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. ഓരോ വ്യക്തിയും തങ്ങളുടെ ജീവിതത്തിൽ ഒരിക്കലെങ്കിലും ചോദിക്കുന്ന ഈ അടിസ്ഥാന ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താൻ സംവാദവും ചർച്ചയും നടത്താനാണ് അത്കൊണ്ട് ഉദ്ദേശിക്കുന്നത്. റാഷനൽ റിലീജിയനിലൂടെ മറ്റു സ്ത്രീകളും കൂടുതൽ ആത്മവിശ്വാസത്തോടെ ഓൺലൈൻ പ്ലാറ്റ്ഫോമിൽ തബ്‌ലീഗിന്നായി മുന്നോട്ട് വരുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. ഉത്തരത്തിന്നായി തിരയുന്ന ആളുകൾക്ക് ജ്ഞാനത്തിന്റെ കാണപ്പെടുന്ന ഒരു സ്റോതസ്സായി അത് മാറട്ടെ.

**മുനവ്വറാ ഗോറി: ആനി മേരി വിസ്മയകരമായ ഒരു ആവേശമാണ് താങ്കൾ നൽകിയത്. താങ്കൾക്ക് ശുഭകരമായ ഒരു ഭാവി ആശംസിക്കുന്നു. ആഹ്ലാദകരമായതും പ്രചോദനാത്മകവുമായ കാര്യങ്ങൾ താങ്കളുടെ ജീവിതത്തിലും വിശ്വാസത്തിലും കേൾക്കുമാറാകട്ടെ. ജസാക്കല്ലാഹ്.**

## REFERENCE


[1] https://www.cancerresearchuk.org/health-professional/cancer-statistics-for-the-uk#heading-Zero

[2] https://yougov.co.uk/topics/philosophy/articles-reports/2020/12/29/how-religious-are-british-peopleReaching for the Stars: Interview with Muslim Convert and Doctor, Anne-Marie Ionescu ( March 2022- REVIEW OF RELIGIONS)

ഭാഗം – 26

# ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി

## (ഖലീഫത്തുൽ മസീഹ് അവ്വൽ (റ))

വാഗ്ദത്ത മഹ്ദി(അ)യുടെ പ്രഥമ ശിഷ്യനും അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ പ്രഥമ ഖലീഫയും മഹാ പണ്ഡിതനുമായ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി(റ) യുടെ ജീവചരിത്ര പരമ്പര.

**ഇബ്നു വഫാ ബേപ്പൂർ**

### മസീഹിനോടൊപ്പം സിയാൽകോട്ടിലേക്കൊരു ചരിത്ര യാത്ര

1904 ഒക്ടോബർ 27–ാം തീയതി ഹദ്റത്ത് അഖ്ദസ് മസീഹെ മൗഊദ് വ മഹ്ദിയെ മൗഊദ് (അ) സിയാൽ കോട്ട് ജമാഅത്ത് സന്ദർശനത്തിനായി പോകാൻ തീരുമാനിച്ചിട്ടുണ്ടായിരുന്നു. ഹദ്റത്ത് മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബും മൗലവി അബ്ദുൽ കരീം സാഹിബ് സിയാൽകോട്ടിയും മറ്റു ചിലരും ഹുസൂറിനെ അനുഗമിച്ചു. പുലർച്ചെ 4 മണിക്കു ഖാദിയാനിൽനിന്നും പുറപ്പെട്ടു. ബട്ടാലയിലേയ്ക്കുള്ള പകുതി ദൂരം വരെ പല്ലക്കിലായിരുന്നു സഞ്ചരിച്ചിരുന്നത്. പിന്നീട് കാൽനടയായി ബട്ടാല സ്റ്റേഷനിൽ എത്തി. അവിടെ നിന്നു തീവണ്ടിയിൽ സിയാൽകോട്ടിലേയ്ക്കു പുറപ്പെട്ടു. അമൃത്സർ, അടാരി, മിയാമീർ, ലാഹോർ, ഗുജാൻവാല, വസീറാബാദ് വഴി വൈകുന്നേരം ഏഴു മണിയോടെ ഹുസൂറും സംഘവും സിയാൽകോട്ട് എത്തി. ഹുസൂറിനെ സ്വീകരിക്കാനും ഒരു നോക്കു കാണുവാനുമായി അഹ്മദികളുടെ വലിയൊരു ജനക്കൂട്ടം നേരത്തെ തന്നെ റെയിവേ സ്റ്റേഷനിൽ എത്തിയിട്ടുണ്ടായിരുന്നു. ഹുസൂറിന്റെ താമസത്തിനായി ഹദ്റത്ത് ഹക്കീം ഹുസ്സാമുദ്ദീൻ സാഹിബിന്റെ ബംഗ്ലാവാണു നിശ്ചയിച്ചിട്ടുണ്ടായിരുന്നത്. ഈ സന്ദർശനത്തിനു പത്തു നാൽപതു വർഷങ്ങൾക്കു മുമ്പു ആരാലും അറിയപ്പെടാതെ കഴിഞ്ഞിരുന്ന കാലത്തു സിയാൽകോട്ട് കച്ചേരിയിൽ ഉദ്യോഗം വഹിച്ചിരുന്ന നാളുകളിൽ ഹുസൂർ ഇതേ മഹല്ലയിലുള്ള ഒരു വാടക കെട്ടിടത്തിലായിരുന്നു താമസിച്ചിരുന്നത്. കുറച്ചു കാലത്തെ ആ താമസം ഹുസൂറിനു സിയാൽകോട്ടുമായി ഒരു ഹൃദയ ബന്ധമുണ്ടാക്കിയിരുന്നു. സിയാൽകോട്ടിലേയ്ക്കുള്ള ഹുസൂറിന്റെ ഈ ചരിത്ര സന്ദർശന വേളയിൽ ഹുസൂറിനെ കാണുവാനും മുലാഖാത്തിനുമായി വരുന്ന മറ്റു ജമാഅത്തിലെ സഹോദരന്മാർക്കായി സിയാൽകോട്ട് ജമാഅത്ത് വളരെ വിപുലമായ ക്രമീകരണങ്ങളും സജ്ജീകരണങ്ങളും ചെയ്തിട്ടുണ്ടായിരുന്നു.

പിറ്റേ ദിവസം 28ാം തിയ്യതി വെള്ളിയാഴ്ചയായിരുന്നു. അന്നു സിയാൽകോട്ടിലെ * *മസ്ജിദ് മുബാറക്കിൽ* മസീഹ് മൗഊദിന്റെ സാന്നിദ്ധ്യത്തിൽ ജുമുഅ നമസ്ക്ക

**കുറിപ്പ്** : അങ്ങേയറ്റം ദു:ഖകരമെന്നു പറയട്ടെ നൂറു വർഷങ്ങൾക്കു മേൽ പഴക്കമുള്ളതും ധാരാളം ചരിത്ര വസ്തുതകൾ ഉറങ്ങുന്നതുമായ ഈ പള്ളിയും അതിനോടു ചേർന്നുള്ള ഒരു വീടും 2018 മെയ് 24-ാം തീയതി അർദ്ധരാത്രി പാക്കിസ്ഥാനിലെ കുറേ മതഭ്രാന്തരും അവരെ നയിക്കുന്ന റസൂൽ കരീ(സ)മിന്റെ പ്രവചനത്തെ അന്വർഥമാക്കുന്ന ആകാശത്തിൽ കീഴിലെ നികൃഷ്ടജീവികളായ കുറേ മുല്ലാക്കളും ചേർന്നു ശഹീദാക്കി. അവർ വിഭാവനം ചെയ്യുന്ന ഇസ്ലാമിന്റെ ഉന്നമനത്തിനും പുരോഗതിക്കും ഇസ്ലാമിനെ രക്ഷിക്കുന്നതിനും വേണ്ടിയാണ് ഈ 'സൽകർമം' അവർ നടപ്പിൽ വരുത്തിയത്. തികച്ചും അനീതിയും കിരാതവുമായ ഈ അതിക്രമത്തെ സംബന്ധിച്ചു ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് അയ്യദഹുല്ലാഹ് അതിനു ശേഷമുള്ള ജുമുഅ ഖുത്ബയിൽ ഇങ്ങനെ പ്രസ്താവിക്കുകയുണ്ടായി. രണ്ടു ദിവസം മുമ്പ് സിയാൽകോട്ടിൽ നമ്മുടെ പള്ളിക്കും ഒപ്പമുള്ള വീടിനും നേരെ ശത്രുക്കളുടെ പുതിയൊരു ആക്രമണമുണ്ടായിരിക്കുന്നു. പോലീസിന്റെ പരിപൂർണ പിന്തുണയും ഒത്താശയോടും കൂടി മുല്ലാക്കളും അവരുടെ പിണയാളന്മാരും പ്രാദേശിക ഭരണകർത്താക്കളും ചേർന്നാണു അങ്ങേയറ്റം ഹീനമായ ഈ ആക്രമണം നടപ്പിൽ വരുത്തിയത്. ഏതാനും ദിവസങ്ങൾക്കു മുമ്പ് യാതൊരു കാരണവും കൂടാതെ ഈ വീട് പോലീസ് അടച്ചു സീൽ വച്ചിരുന്നു. എന്നിട്ടു വീടിന്റെ ഉൾഭാഗം ആസൂത്രിതമായ രീതിയിൽ

മുന്നറിയിപ്പുകാരൻ (പ്രവാചകൻ) വന്നിരുന്നു. (അപ്പോൾ അദ്ദേഹത്തെ) ഞങ്ങൾ നിഷേധിച്ചു. തള്ളിക്കളഞ്ഞു. ഞങ്ങൾ (പ്രവാചകനോടും അനുയായികളോടും) പറഞ്ഞു. അല്ലാഹു ഒന്നും തന്നെ അവതരിപ്പിച്ചിട്ടില്ല. നിങ്ങൾ ഭീമമായ മാർഗഭ്രംശത്തിൽ തന്നേയാണ്." അവർ (നരകവാസികൾ) പറയും, 'ഞങ്ങൾ (പ്രവാചകന്റെ സന്ദേശം) കേൾക്കുകയോ ചിന്തിച്ചു മനസ്സിലാക്കുകയോ ചെയ്തിരുന്നെങ്കിൽ ഞങ്ങൾ ഈ ജ്വലിക്കുന്ന തീയിൽ എരിയുന്നവരിൽ ഉൾപ്പെടുമായിരുന്നില്ല' അങ്ങനെ അവർ തങ്ങളുടെ കുറ്റം സമ്മതിക്കും 'അപ്പോൾ നരകവാസികൾക്കു ശാപം' (എന്നു പറയപ്പെടും) (ഖുർആൻ 67:10,11,12)

തുടർന്നു പറഞ്ഞു ഏതൊരാളുടെ വാക്കുകൾ ശ്രവിക്കുകയും അതനുസരിച്ചു പ്രവർത്തിക്കുകയും ചെയ്യാതിരുന്നതിനാൽ അവസാനനാളിൽ അഹോ കഷ്ടം ഞങ്ങൾ ഇവരുടെ വാക്കുകൾ കേൾക്കുകയും ബുദ്ധിപൂർവ്വം പ്രവർത്തിക്കുകയും ചെയ്തിരുന്നെ കോട്ടിയും സ്റ്റേജിൽ ഉണ്ടായിരുന്നു. ബാരിസ്റ്റർ മിയാ ഫസ്ൽ ഹുസൈൻ സാഹിബിന്റേയും മറ്റു ജനപ്രതിനിധികളുടേയും പ്രേരണയാൽ ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബിനെ യോഗാധ്യക്ഷനാക്കി.

ഹദ്റത്ത് മസീഹ് മൗഊദ് (അ) പ്രസംഗം ആരംഭിക്കുന്നതിനു മുമ്പായി മൗലവി സാഹിബ് ചെറിയൊരു അധ്യക്ഷഭാഷണം നടത്തുകയുണ്ടായി. അദ്ദേഹം ഇങ്ങനെയാണു തുടങ്ങിയത് നിഷേധികളെ കുറിച്ചും നരകവാസികളെ കുറിച്ചും അല്ലാഹു ഖുർആനിൽ പറയുകയാണു

قَالُوا بَلَى قَدْ جَاءَنَا نَذِيرٌ فَكَذَّبْنَا وَقُلْنَا مَا نَزَّلَ اللَّهُ مِنْ شَيْءٍ إِنْ أَنْتُمْ إِلَّا فِي ضَلَالٍ كَبِيرٍ وَقَالُوا لَوْ كُنَّا نَسْمَعُ أَوْ نَعْقِلُ مَا كُنَّا فِي أَصْحَابِ السَّعِيرِ فَاعْتَرَفُوا بِذَنْبِهِمْ فَسُحْقًا لِأَصْحَابِ السَّعِيرِ

അവർ പറയും, "അതെ, തീർച്ചയായും ഞങ്ങൾക്കു ഒരു

രിക്കാൻ വന്നത് ആയിരങ്ങളായിരുന്നു. ഹദ്റത്ത് മൗലവി അബ്ദുൽ കരീം സാഹിബ് സിയാൽകോട്ടി (റ)യായിരുന്നു ജുമുഅ നമസ്ക്കരിപ്പിച്ചത്. രണ്ടു മൂന്നു ദിവസങ്ങൾക്കു ശേഷം നവംമ്പർ 2-ാം തീയതി ഹുസൂറിന്റെ അനുവാദത്തോടെ അവിടെ ഒരു പൊതുയോഗം സംഘടിപ്പിക്കാൻ തീരുമാനിക്കപ്പെട്ടു. അതിൽ ഇസ്‌ലാമിനെ കുറിച്ചുള്ള മുഖ്യപ്രഭാഷണം ഹുസൂറിന്റേതായിരുന്നു. യോഗ ദിവസം ഹുസൂർ ജമാഅത്തിലെ ധാരാളം സഹോദരങ്ങളോടൊപ്പം ഒരു ജാഥയായിട്ടാണു യോഗ സ്ഥലത്തെത്തിയത്. അപ്പോഴേക്കും നഗരത്തിലെ നാനാ ജാതിമതസ്ഥരും ഹുസൂറിനെ കാണുവാനും കേൾക്കുവാനുമായി യോഗ സ്ഥലത്തു എത്തിക്കഴിഞ്ഞിരുന്നു. മൈതാനം ജനനിബിഡമായി മാറി. സമൂഹത്തിലെ പ്രശസ്തരും പ്രഗൽഭരുമായ കുറെ പേർ സ്റ്റേജിൽ ഹുസൂറിനോടൊപ്പം ഉപവിഷ്ടരായി. ഹുസൂറിന്റെ ഒരു വശത്തു മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബും മറു വശത്തു മൗലവി അബ്ദുൽ കരീം സാഹിബ് സിയാൽ

---

ഇടിച്ചു നിരത്തുകയുണ്ടായി. ഈ പള്ളിയും കൂടെയുള്ള വീടും പാക്കിസ്താൻ നിലവിൽ വരുന്നതിനും എത്രയോ മുമ്പ്, എന്നു പറഞ്ഞാൽ നൂറു വർഷങ്ങൾക്കും മുമ്പ് നിർമിക്കപ്പെട്ടവയാണ്. അതൊന്നും തന്നെ അവരെ സംബന്ധിച്ചിടത്തോളം വലിയ കാര്യമല്ല. അഹ്മദികൾ ഉണ്ടാക്കിയതാണെങ്കിൽ ഞങ്ങൾ അവരുടെ മിനാരങ്ങളും താഴികക്കുടങ്ങളും തകർക്കും എന്നതാണവരുടെ ഹുങ്ക്. മറ്റു പള്ളികളേയും ഇത്തരത്തിൽ തകർക്കുമെന്നും കേടു വരുത്തുമെന്നും അവരിപ്പോൾ ഭീഷണി മുഴക്കിക്കൊണ്ടിരിക്കുകയാണ്

പള്ളി പൊളിക്കാൻ വന്നവരിൽ ഖുർആൻ ഖാരിയുണ്ട്. ഹാഫിസ് ഖുർആൻ ഉണ്ട്. പക്ഷേ, അവരുടെ ഹൃദയങ്ങൾ കാലിയാണ്. അതിൽ ഖുർആൻ അധ്യാപനങ്ങളോ അതു ചിന്തിക്കാനോ മനസ്സിലാക്കാനോ ഉള്ള കഴിവോ അവർക്കില്ല. അതങ്ങനെ മാത്രമേ സംഭവിക്കുകയുള്ളു. കാരണം അല്ലാഹുവിനാൽ നിയോഗിതനായ നീതിമാനായ വിധികർത്താവിനോടുള്ള ശത്രുതയിൽ അവരുടെ നെഞ്ചകങ്ങൾ നീറുകയാണ്. അവർ ഖുർആന്റെ ബാഹ്യമായ കുറേ വാക്കുകൾ ഉരുവിട്ടു പഠിച്ചിട്ടുണ്ട്. അത് ഹൃദയങ്ങളിൽ പ്രവേശിക്കുന്നില്ല. കാരണം അവരുടെ ഹൃദയങ്ങളിൽ താഴുകളും ആമപ്പൂട്ടുകളുമാണുള്ളത്. ഇതും അല്ലാഹുവിൽ നിന്നുള്ള ശിക്ഷയാണെന്നവർ മനസ്സിലാക്കുന്നില്ല. എന്നാൽ വിധ്വംസക പ്രവർത്തനങ്ങളിൽ നൂതന മാർഗങ്ങൾ കണ്ടെത്തുന്നവരാണവർ. ആ കാര്യത്തിൽ ഒരിക്കലും നമുക്കവരോടു മത്സരിക്കാനാവുകയില്ല. തങ്ങളുടെ പള്ളികളിൽ പോലും പരസ്പരം കലഹിക്കുകയും കുഴപ്പങ്ങളും കുത്സിതവൃത്തിയിൽ ഏർപ്പെട്ടു കൊണ്ട് പള്ളികളുടെ പരിശുദ്ധിയെ നശിപ്പിക്കുന്നവരുമാണവർ. നമ്മുടെ പള്ളികൾ അല്ലാഹുവിനെ ആരാധിക്കുവാനായി മാത്രം നിർമിക്കപ്പെട്ടിട്ടുള്ളവയാണു. എന്നിട്ടും അവർ പൂട്ടി സീൽ വച്ച ശേഷം അതിന്റെ വിശുദ്ധിയെ തകർക്കുന്നു. ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ) തിരുമേനിയുടെ പ്രവചന പ്രകാരം നിലവിൽ വന്ന ഖിലാഫത്തു വ്യവസ്ഥിതിയെ അംഗീകരിക്കാത്ത കാലത്തോളം അവരുടെ ചെയ്തികൾ ഇതു തന്നെയായിരിക്കും. ഒരു നന്മയും അവരിൽ നിന്നും പ്രതീക്ഷിക്കാവതല്ല.

ഇവർക്കിടയിൽ ഏതാനും നന്മ നിറഞ്ഞ മനസ്സുകളുമുണ്ട്. ഇന്നലെ സെനറ്റിൽ ഒരു വനിതാ അംഗം ഈ സംഭവത്തെ അപലപിക്കുകയും അതിൽ ആശങ്കപ്രകടിപ്പിക്കുകയും ചെയ്തിരിക്കുന്നു. ഇനിയിപ്പോൾ മൗലവിമാരും മുല്ലാസ്വഭാവികളും സ്വാർഥതൽപരരായ രാഷ്ട്രീയക്കാരും ഈ പാവപ്പെട്ടവളുടെ ഗതി എന്താക്കുമെന്നു കണ്ടു തന്നെ അറിയണം. സാധാരണയായി ജമാഅത്തിന്നനുകൂലമായി സംസാരിച്ചതിന്റെ പേരിൽ ഇത്തരം നല്ലവരായവരുടെ ജീവിതം തന്നെ ദു:സ്സഹമാക്കുന്ന കാഴ്ചയാണു ഇതുവരേയും കണ്ടത്. പിന്നീട് ഒന്നുകിൽ അവർക്കു രാഷ്ട്രീയം തന്നെ ഉപേക്ഷിക്കേണ്ടി വരുന്നു. അല്ലെങ്കിൽ മാപ്പു പറഞ്ഞു നല്ലപിള്ള ചമയേണ്ടി വരും.

നമ്മുടെ ഹൃദയവികാരത്തെക്കുറിച്ചു പറയുകയാണെങ്കിൽ അവർ ഹദ്റത്ത് മസീഹ് മൗഊദി (അ) ന്റെ കാലത്തുള്ള ഒരു സ്മാരകസൗധത്തിനു നാശവും കോട്ടവും വരുത്തുകയും അതു തങ്ങളുടെ അധീനതയിലാക്കുകയും ചെയ്തിരിക്കുന്നു.

إِنَّمَا أَشْكُو بَثِّي وَحُزْنِي إِلَى اللَّهِ

എന്റെ മനോവ്യഥയും വ്യസനവും ഞാൻ അല്ലാഹുവിനോടു മാത്രമാണു ബോധിപ്പിക്കുന്നത്. (ഖുർആൻ 12:87) എല്ലായിപ്പോഴുമുള്ള

ങ്കിൽ ഞങ്ങൾക്കു ഈ ദു:ഖവും ദുരിതവും കാണേണ്ടിവരില്ലായിരുന്നുവെന്നു ഏതൊരു കൂട്ടരെ കുറിച്ചാണോ അല്ലാഹു പറയുന്നത് നമ്മൾ അത്തരക്കാരാകരുത്. ആ കൂട്ടരെകുറിച്ചു നിങ്ങൾ ഇപ്പോൾ നടക്കാൻ പോകുന്ന പ്രസംഗത്തിൽ കേൾക്കും. അതിനാൽ കാര്യങ്ങൾ ശ്രദ്ധാപൂർവം കേൾക്കുകയും അതനുസരിച്ചു പ്രവർത്തിക്കുകയും ചെയ്യാൻ ശ്രമിക്കുക. അതിനു ശേഷം ഹദ്റത്ത് മസീഹ് മൗഊദ് (അ) തന്റെ പ്രസംഗം ആരംഭിച്ചു.

ഹുസൂർ തന്റെ അന്നത്തെ ആ മഹത്തായ പ്രഭാഷണത്തിൽ, അല്ലാഹു തന്നെ കേവലം മുസ്‌ലിംകളുടെ പുന:രുദ്ധാരണത്തിനു വേണ്ടി മാത്രമല്ല നിയോഗിച്ചതെന്നും എന്റെ ആഗമനോദ്ദേശ്യം ഹിന്ദുക്കളുടേയും മുസ്‌ലിംകളുടെയും ക്രിസ്ത്യാനികളുടേയും ആത്മീയ പരിഷ്കരണമാണെന്നു പറയുകയും മുസ്‌ലിംകൾക്കും ക്രിസ്ത്യാനികൾക്കും വാഗ്ദത്ത മസീഹ് ആണെന്നതു പോലെ ഹിന്ദുക്കൾക്കു താൻ ശ്രീകൃഷ്ണനാണെന്നും അല്ലാഹു തന്നെ അറിയിച്ചതായി പ്രഖ്യാപിക്കുകയുണ്ടായി. ഹുസൂറിന്റെ പ്രസംഗത്തിനു ശേഷം അധ്യക്ഷന്റെ ഉപസംഹാര പ്രസംഗത്തോടെ യോഗം അവസാനിച്ചു.

## മൗലവി സാഹിബും നിശ്ശബ്ദ സംവാദവും

ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബ് ഖലീഫത്തുൽ മസീഹ് അവ്വൽ ഒരിക്കലും തന്നെ യാതൊരു സംവാദത്തിലും ഏർപ്പെടാൻ ആഗ്രഹിച്ചിരുന്നില്ല. എന്നാൽ വല്ലവരും മന:പ്പൂർവം അതിലേയ്ക്കു വലിച്ചിഴക്കാൻ ശ്രമിച്ചാൽ അദ്ദേഹം പിന്മാറാറുമില്ല. ശരിയായ അറിവിന്നും വിജയത്തിനും വേണ്ടി അല്ലാഹുവിനോടു ദുആ ചെയ്തുകൊണ്ട് അത്തരം സംവാദങ്ങളെ നേരിടും. എന്നും അദ്ദേഹത്തിനു ദൈവിക സഹായത്താൽ വിജയം ലഭിക്കുകയും ചെയ്തിരുന്നു. ഒരിക്കൽ മൗലവി സാഹിബ് ലാഹോറിലായിരുന്ന അവസരത്തിൽ അവിടത്തെ കുറച്ചു ആര്യസമാജക്കാർ മൗലവി സാഹിബിനെ കാണാൻ ചെന്നു. അവരിലുണ്ടായിരുന്ന ഒരു ഹിന്ദു വക്കീൽ ആത്മാക്കളുടെ പുനർജന്മ സിദ്ധാന്തത്തെ (Transmigration of souls) കുറിച്ചുള്ള ചോദ്യത്തിലൂടെ മൗലവി സാഹിബിനെ തനിക്കു നിമിഷ നേരം കൊണ്ട് ഉത്തരം മുട്ടിക്കാൻ സാധിക്കുമെന്നു സുഹൃത്തുക്കളോടു വീമ്പിളക്കിയിട്ടുണ്ടായിരുന്നു. എല്ലാവരും ഇരുന്നപ്പോൾ അതിലൊരാൾ ഈ വക്കീൽ സാഹിബ് പുനർജന്മ സിദ്ധാന്തത്തെ കുറിച്ചു താങ്കളോടു സംസാരിക്കാൻ ആഗ്രഹിക്കുന്നുവെന്നു മൗലവി സാഹിബിനോടു പറഞ്ഞു. മൗലവി സാഹിബ് സസന്തോഷം അനുവാദം നൽകുകയും ചെയ്തു.

വക്കീൽ സാഹിബ് ആദ്യം തന്റെ വാദഗതികൾ മുന്നോട്ടു വച്ചു. ഐശ്വര്യം ദാരിദ്ര്യം, അഭിവൃദ്ധി ദൗർഭാഗ്യം, ഉന്നത പദവി, അപ്രസിദ്ധി, ആരോഗ്യം അനാരോഗ്യം എന്നീ വിഭിന്നങ്ങളായ മനുഷ്യാവസ്ഥകൾ പൂർവജന്മങ്ങളിൽ ചെയ്തിട്ടുള്ള കർമങ്ങളുടെ അടിസ്ഥാനത്തിൽ മാത്രമേ വിശദീകരിക്കാൻ സാധിക്കുകയുള്ളു എന്നും ഒരു വ്യക്തിയുടെ ഒരു ജന്മത്തിലെ കർമങ്ങൾ അവന്റെ തുടർന്നുള്ള ജന്മങ്ങളുടെ അവസ്ഥകൾ നിർണയിക്കുന്നുവെന്നും ഈ കാര്യത്തിൽ ദൈവത്തിനു ഒന്നും ചെയ്യാൻ ഇല്ലെന്നും ദൈവം ഈ കാര്യത്തിൽ തികച്ചും അശക്തനാണെന്നുമായിരുന്നു അദ്ദേഹത്തിന്റെ നിലപാടു.

അദ്ദേഹവുമായുള്ള സംവാദം ആരംഭിക്കുന്നതിനു മുമ്പ് മൗലവി സാഹിബ് രൂപയുടെ രണ്ടു നാണയങ്ങൾ അദ്ദേഹത്തിനു മുന്നിൽ വച്ചിട്ടു അതിലൊരെണ്ണം എടുക്കാൻ അദ്ദേഹത്തോടു ആവശ്യപ്പെട്ടു. അതിനു ശേഷം താൻ സംസാരിക്കാമെന്നും എല്ലാവരുടേയും മുന്നിൽ വച്ചു മൗലവി സാഹിബ് അദ്ദേഹ

---

വാഗ്ദത്ത മഹ്ദി മസീഹ് ഹദ്റത്ത് മിർസാഗുലാം അഹ്മദുൽ ഖാദിയാനി(അ)ക്കു സിയാൽകോട്ടുമായും അവിടത്തെ പള്ളിയായ മസ്ജിദ് മുബാറക്കുമായും വലിയൊരു ഹൃദയബന്ധമുണ്ടായിരുന്നു. കാരണം ഹുസൂർ അവിടെ പിതാവിന്റെ ആഗ്രഹമനുസരിച്ചു കുറച്ചു കാലം താമസിച്ചു ജോലി ചെയ്തിരുന്നു. ഇപ്പോൾ മസീഹ് മൗഊദിന്റെ വേർപാടിനു 114 വർഷം കഴിഞ്ഞു കടന്നിരിക്കുന്നു. 2018 മെയ് 24-ാം തീയതിയാണു ജമാഅത്തിന്റെ ശത്രുക്കൾ ആ പള്ളി ശഹീദാക്കിയതെങ്കിലും അതിനു നൂറിൽ പരം വർഷങ്ങൾക്കു മുമ്പു ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ ജീവിതകാലത്തു തന്നെ ഈ പള്ളിയെ കുറിച്ചും കൂടെയുള്ള വീടിനെ കുറിച്ചും അല്ലാഹു വാഗ്ദത്ത മസീഹിനു ദർശനത്തിലൂടെ അതിമഹത്തായ വിവരം നൽകുകയുണ്ടായി. ഹദ്റത്ത് മസീഹ് മൗഊദ്(അ) അരുൾ ചെയ്യുകയാണ്.

رَأَيْتُ كَأَنَّ مَسْجِدًا أَعْنِي الْمَسْجِدَ الَّذِي
وَقَعَ عِنْدَالسُّوقِ قَدْ هُدِمَتْ وَ هَدَّمَه رَجُلٌ
وَهَدَّمَ مَعَهُ مَكَاناً لَّنَا وَ أَنَا أَقُوْلُ كَانَ
هَاذَامَسْجِدًا فَنُفَوِّضُ الأَمْرَ اِلَيَ اللهِ

അങ്ങാടിയോടു ചേർന്നുള്ള പള്ളി ഒരാൾ തകർത്തതായി നാം കണ്ടിരിക്കുന്നു. അതോടൊപ്പമുള്ള നമ്മുടെ ഒരു വീടും ഇടിച്ചു നിരപ്പാക്കിയിട്ടുണ്ട്. അതു കണ്ടപ്പോൾ ഞാൻ പറയുകയാണു ഇതു പള്ളിയായിരുന്നുവല്ലോ. ഏതായാലും ഈ കാര്യം ഞാൻ അല്ലാഹുവിനു മുന്നിൽ സമർപ്പിക്കുന്നു. (തദ്കിറ. എഡിഷൻ 2006.പേജ് 228)

അതേ വികാരം തന്നേയാണു ഇപ്പോൾ ഇവിടെയുമുള്ളത്. അതു മാത്രമേ ആകുവാനും പാടുള്ളു. ഹദ്റത്ത് മസീഹ് മൗഊദി(അ) നോടു നമുക്കുള്ള ഉന്നതമായ ബന്ധം ആ കെട്ടിടങ്ങളെ സംരക്ഷിക്കുന്നതിൽ മാത്രം ഒതുങ്ങിപ്പോകാതെ ആ പുണ്യാത്മാവ് കൊണ്ടു വന്ന അധ്യപനങ്ങളനുസരിച്ചു പ്രവർത്തിക്കുന്നതിലാണെന്നും അദ്ദേഹത്തിനു ശേഷം സ്ഥാപിതമായ ഖിലാഫത്തു വ്യവസ്ഥിതിയോടു ഒട്ടി നിൽക്കുന്നതിലാണെന്നും തങ്ങളുടെ ആരാധനയുടെയും അനുസരണത്തിന്റേയും നിലവാരം ഉയർത്തുന്നതിലാണെന്നും അല്ലാഹുവിന്റെ വിധിവിലക്കുകളനുസരിച്ചു പ്രവർത്തിക്കുന്നതിലാണെന്നും നാം മനസ്സിലാക്കണം. അതിനു വേണ്ടിയാണു നാം പരിശ്രമിക്കേണ്ടത്. (ജുമുഅ ഖുത്തുബ 2018 മെയ് 25)

ത്തോടു പറഞ്ഞു. സംവാദത്തിനായി ഉറച്ച തീരുമാനവുമായി വന്ന ആ നിയമജ്ഞൻ ഒന്നും പറയാനാകാതെ നാണയം നോക്കിക്കൊണ്ടിരുന്നു. ഏകദേശം അരമണിക്കൂർ സമയം കഴിഞ്ഞപ്പോൾ കൂടിയിരുന്നവരിൽ ചിലർ, നിങ്ങൾ രണ്ടു പേരും ഒന്നു പറയാതിരുന്നാൽ നമുക്കെന്തു ഗുണമാണുണ്ടാവുക എത്ര സമയമായി വക്കീൽ ഒന്നും മിണ്ടാതെ നാണയവും നോക്കിയിരിക്കുന്നു എന്തെങ്കിലും ഒന്നു പറയൂ എന്നു പറയാൻ തുടങ്ങി.

വക്കീൽ പറഞ്ഞു ഞാനൊരു വിഷമഘട്ടത്തിലകപ്പെട്ടിരിക്കുകയാണ്. രണ്ടു നാണയങ്ങളിൽ നിന്നു ഞാനൊന്നെടുത്താൽ മൗലവി സാഹിബ് ചോദിക്കും ഇതെടുക്കാൻ കാരണമെന്താണ്. മറ്റേത് എന്തു കൊണ്ടെടുത്തില്ല. ഒരു കാരണവുമില്ലാതെ മറ്റേ നാണയത്തേക്കാൾ ഇതിനു മുൻഗണന നൽകാൻ കാരണമെന്താണ്. അതിലൂടെ പുനർജന്മ സിദ്ധാന്തത്തെ പിന്തുണച്ചു കൊണ്ട് ദൈവം ഒരാളെ ധനികനും മറ്റൊരാളെ ദരിദ്രനുമാക്കി എന്ന എന്റെ ആക്ഷേപം അസാധുവും നിരർഥകവുമായിത്തീരും. താങ്കൾക്കു ഒന്നെടുക്കാനും മറ്റേത് ഉപേക്ഷിക്കാനുമുള്ള സ്വാതന്ത്ര്യം ഉണ്ടെങ്കിൽ ദൈവത്തിനു മനുഷ്യന്റെ അവസ്ഥകളിൽ വൈവിധ്യമുണ്ടാക്കാനും ഒരാളെ വലിയവനും മറ്റൊരാളെ ചെറിയവനുമാക്കാനുള്ള സ്വാതന്ത്ര്യം ഉണ്ടായിക്കൂടെ എന്നായിരിക്കും മൗലവി സാഹിബിന്റെ അടുത്ത ചോദ്യം. ഞാൻ കുറേ ആലോചിച്ചെങ്കിലും തൽക്കാലം ഉത്തരം കണ്ടെത്താനായില്ല. അതിനാൽ കൂടുതൽ പഠിച്ച ശേഷം തിരിച്ചു വരാമെന്ന വാഗ്ദാനവുമായി അദ്ദേഹം ഉടൻ സ്ഥലം വിട്ടു. എന്നാൽ ആ വാഗ്ദാനം ഒരിക്കലും നിറവേറ്റപ്പെട്ടില്ല. മൗലവി സാഹിബിനു അയാളോടു ഒന്നും ചോദിക്കേണ്ടി വന്നില്ല പറയേണ്ടി വന്നില്ല. മൗലവി സാഹിബിന്റെ എല്ലാ വാദമുഖങ്ങളും അദ്ദേഹം കണ്ടെത്തുകയും നിരത്തുകയും ചെയ്തു. ഇത്തരത്തിൽ നിശ്ശബ്ദ സംവാദം പരിസമാപ്തി കുറിച്ചു.

## ഖാദിയാനിലേയ്ക്കു വരുന്നവർക്കുള്ള ഉപദേശം

ഖാദിയാനു പുറത്തു താമസിക്കുന്ന സഹോദരന്മാർ ഖാദിയാൻ സന്ദർശിച്ചു കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദിലൂടെ ആത്മീയ ചൈതന്യവും പ്രഭാവവും കരസ്ഥമാക്കേണമെന്നത് മൗലവി സാഹിബിന്റെ എപ്പോഴുമുള്ള ആഗ്രഹവും ഉപദേശവുമായിരുന്നു. കാരണം ബലഹീന വിശ്വാസികളായ ചിലരുടെ പ്രവർത്തനങ്ങൾ മറ്റുള്ളവർക്കു പരീക്ഷണത്തിനു കാരണമായി പോകരുത്. ഈ കാര്യം അദ്ദേഹം എപ്പോഴും തന്റെ പ്രസംഗങ്ങളിലൂടേയും ഉപദേശ നിർദേശങ്ങളിലൂടേയും ഖുത്ബകളിലൂടേയും ജമാഅത്തിലെ സഹോദരങ്ങളെ ഉണർത്താറുണ്ട്.

1904 ജനുവരി 22-ാം തീയതി മൗലവി സാഹിബ് നൽകിയ ഒരു ഖുത്ബയിൽ അരുൾ ചെയ്യുകയാണ്. ഞാനിവിടെ ഖാദിയാനിൽ എന്തിനാണു വന്നത്? ഭേരയിൽ എനിക്ക് സാമാന്യം നല്ല വീടുണ്ടായിരുന്നു. ഞാനിവിടെ ഒരു മൺകട്ട കൊണ്ടുള്ള വീടാണുണ്ടാക്കിയിരിക്കുന്നത്. എല്ലാ തരത്തിലുമുള്ള സുഖ സൗകര്യങ്ങളും ഇവിടത്തെക്കാൾ കൂടുതൽ എനിക്കവിടെ ലഭിക്കുമായിരുന്നു. എന്നാൽ ഞാൻ ആത്മീയമായി ദരിദ്രനാണെന്നും നിസ്സഹായനും അശരണനുമാണെന്നും എനിക്കു മനസ്സിലായതു കൊണ്ടാണു ഞാൻ ഖാദിയാനു മുൻഗണന നൽകിയത്. ആരെങ്കിലും എന്നെ നോക്കി ഖാദിയാനിൽ വരികയും കുറച്ചു നാളുകൾക്കു ശേഷം ഇവിടെയുള്ളവരെ കുറിച്ചു പരാതി പറയാൻ തുടങ്ങുകയും ചെയ്യുകയാണെങ്കിൽ അതയാളുടെ വലിയ തെറ്റാണ്. അവർ രോഗികളെ ആരോഗ്യവാന്മാരാണെന്നു ധരിച്ചു അവരെ പരീക്ഷണ വിധേയമാക്കുകയും അവരിലെ തെറ്റു കണ്ടെത്തുകയുമാണ് ചെയ്യുന്നത്. ഇവിടത്തെ സൗഹൃദങ്ങൾ, പരസ്പര ബന്ധങ്ങൾ, ഖാദിയാനിൽ വരിക, ഇവിടെ നിന്നു പോവുക, ഇവിടത്തെ താമസം എല്ലാം ലാഇലാഹ ഇല്ലല്ലാഹ് എന്നതിൽ അധിഷ്ഠിധമായിരിക്കണം. അല്ലാതെ ഇവിടെ റൊട്ടിക്കും കട്ടിലിനും വേണ്ടിയാണു നിങ്ങൾ വരുന്നതെങ്കിൽ നിങ്ങളിൽ ഭൂരിപക്ഷം പേരുടേയും വീടുകളിൽ അതു ലഭ്യമാണു. പിന്നെ ഇവിടെ എന്തിനാണു വന്നിരിക്കുന്നത്? അതിനാൽ ബൈഅത്തു വേളയിൽ നിങ്ങൾ ചെയ്ത കുറ്റസമ്മതവും ഏറ്റുപറച്ചിലും സത്യവും യഥാർഥവുമാകണമെങ്കിൽ നിങ്ങളുടെ മുഴുവൻ പ്രവർത്തികളും അല്ലാഹുവിന്റെ കൽപനയ്ക്കു വിധേയമായിരിക്കണം.

## നവാബ് സാഹിബിന്റെ മകനും രോഗശമനവും

ഹദ്റത്ത് നവാബ് മുഹമ്മദ് അലിഖാൻ സാഹിബ് ഖാദിയാനിലേയ്ക്കു ഹിജ്റത്ത് ചെയ്തു വന്നു കുറച്ചു നാളുകൾക്കു ശേഷം അദ്ദേഹത്തിന്റെ മകൻ അബ്ദുർ റഹീമിനു സന്നിപാതജ്വരം (Typhoid) പിടിപെടുകയുണ്ടായി. ഹദ്റത്ത് മൗലവി സാഹിബ് പറയുകയാണു, ഹദ്റത്ത് നവാബ് സാഹിബിന്റെ നന്മയും തഖ്‌വയും മുൻ നിർത്തി അദ്ദേഹത്തോടുണ്ടായിരുന്ന പ്രത്യേക സ്നേഹവും പ്രതിപത്തിയും കാരണം ഞാൻ അദ്ദേഹത്തിന്റെ മകന്റെ ചികിത്സ വളരെ ശ്രദ്ധാപൂർവം ചെയ്തു വന്നു. എന്നാൽ മരുന്നു നൽകുന്തോറും രോഗം മൂർച്ചിച്ചതല്ലാതെ കുറഞ്ഞില്ല. അവസാനം കാര്യങ്ങൾ ആശങ്കാകുലമായി മാറി. അവസാനം മസീഹ് മൗഊദി(അ)ന്റെ സന്നിധിയിൽ എല്ലാ വിവരങ്ങളും അറിയിച്ചു കൊണ്ട് ദുആക്കു വേണ്ടി അപേക്ഷിച്ചു. ഹുസൂറിന്റെ പ്രത്യേകമായ ദുആയുടെ ഫലമായി അബ്ദുർ റഹീമിനു അത്ഭുതകരമായ നിലയിൽ അല്ലാഹു ശിഫാ നൽകുകയുണ്ടായി.

## മൗലവി സാഹിബിന്റെ പ്രധാനപ്പെട്ട നാലു സ്വഭാവഗുണങ്ങൾ

ഹദ്റത്ത് മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബ് ഖലീഫത്തുൽ മസീഹ് അവ്വലി(റ)ന്റെ ജീവിതത്തിലെ ഏറ്റവും ഉന്നതവും വളരെ പ്രകടവുമായ സ്വഭാവഗുണങ്ങളിലൊന്നാണു അല്ലാഹുവിലുള്ള അനന്യ സാധാരണമായ തവക്കുൽ. അതദ്ദേഹത്തിന്റെ ജീവിതത്തിന്റെ സമസ്ത മേഖലകളിലും നമുക്കു കാണുവാൻ സാധിക്കും. അതുമായി ബന്ധപ്പെട്ട ധാരാളം സംഭവങ്ങൾ ഇതിനകം ഈ ജീവിത ചരിത്ര വിവരണത്തിൽ വന്നു കഴിഞ്ഞിട്ടുണ്ട്. അത്തരത്തിൽ വിവരിക്കപ്പെടാത്ത സംഭവങ്ങൾ മാത്രം ഇവിടെ വിവരിക്കാം. ഒരിക്കൽ ഹുസൂർ ദീർഘനാൾ രോഗിയായി. ശയ്യാവലംബിയും ക്ഷീണിതനുമായ അവസരത്തിൽ ഹദ്റത്ത് ശേഖ് യഅ്ഖൂബ് അലി സാഹിബ് ഇർഫാനി(റ) പറഞ്ഞു അങ്ങ് അനുവദിക്കുകയാണെങ്കിൽ രാജ്യത്തെ വളരെ പ്രഗൽഭനായ ഒരു സ്പെഷലിസ്റ്റ് ഡോക്റ്ററെ ഡൽഹിയിൽ നിന്നും വിളിച്ചുവരുത്താം. ഹുസൂർ പറഞ്ഞു ഞാൻ ഡോക്റ്റർമാരിലോ ഹക്കീമുമാരിലോ ഒട്ടും പ്രതീക്ഷയർപിക്കാറില്ല. അതിനാൽ അതിന്റെ ആവശ്യമില്ല. എന്നിട്ട് ഹദ്റത്ത് ഇർഫാനി സാഹിബിനോടു പറഞ്ഞു അല്ലാഹുവിൽ തവക്കുൽ ചെയ്യൂ എന്റെ പ്രത്യാശയും ശുഭാപ്തി വിശ്വാസവും അല്ലാഹുവിൽ മാത്രമാണ്.

എത്രതന്നെ പ്രതികൂല സാഹചര്യമാണെങ്കിലും മൗലവി സാഹിബിന്റെ ഒരാവശ്യവും പൂർത്തിയാകാതിരുന്നിട്ടില്ല. അതായിരുന്നു അദ്ദേഹത്തിനു അല്ലാഹുമായുണ്ടായിരുന്ന വ്യക്തി ബന്ധം. അല്ലാഹു അദൃശ്യകരമായ നിലയിൽ മൗലവി സാഹിബിനു സാമ്പത്തിക സഹായങ്ങളും ഭക്ഷണവും ബാഹ്യമായ ഉപാധികളോടും അതില്ലാതേയും നൽകി സഹായിച്ച അസംഖ്യം സംഭവങ്ങൾ അദ്ദേഹത്തിന്റെ ജീവിതത്തിൽ പല അവസരങ്ങളിൽ നമുക്കു കാണുവാൻ സാധിക്കും. അദ്ദേഹം എപ്പോഴും പറയും എന്റെ വരുമാന രഹസ്യം ആരുടെ മുന്നിലും വെളിപ്പെടുത്താൻ അല്ലാഹു അനുവദിക്കുന്നില്ല. ഒരിക്കൽ മൗലവി നൂറുദ്ദീൻ സാഹിബിനെ ജമ്മു യാത്രയിൽ അതിശയകരമായ രീതിയിൽ അല്ലാഹു സഹായിച്ച ഒരു സംഭവമുണ്ടായി.

ഒരിക്കൽ ജമ്മുവിലേയ്ക്കു പോകാനായി ഭേരയിലെ വീട്ടിൽ നിന്നും മൗലവി സാഹിബ് പുറപ്പെട്ടു. കുതിരപ്പുറത്താണ് യാത്ര. ശാഹ്സവാർ എന്നു പേരുള്ള സഹോദര പുത്രനും കൂടെയുണ്ട്. കുതിരസവാരിക്കാരൻ എന്നു തന്നേയാണു ആ വാക്കിന്റെ അർഥവും. രണ്ടു പേരുടേയും കൈയിൽ ചില്ലികാശില്ല. മൗലവി സാഹിബ് പറയുകയാണു ഭാര്യയുടെ കയ്യിൽ നിന്നും കുറച്ചു രൂപ കടം ചോദിച്ചാലോ എന്ന് ആദ്യം ആലോചിച്ചെങ്കിലും പിന്നീട് ആ ചിന്ത ഉപേക്ഷിച്ചു. പുറപ്പെട്ടു കുറച്ചു ദൂരം പോയതേയുള്ളു രണ്ടു പേർ മൗലവി സാഹിബിനെ കണ്ട് സ്നേഹാദരവുകളോടെ അടുത്തു വന്നു. കുശലാന്വേഷണങ്ങൾക്കു ശേഷം അതിലൊരാൾ മൗലവി സാഹിബിനു ഒരു രൂപയും മറ്റെയാൾ എട്ടണയും നസ്റാന (കാണിക്ക) നൽകി. അവിടെ നിന്നു വീണ്ടും മുന്നോട്ടു ഭേരയിൽ നിന്നും നാലര മൈൽ മാത്രം അകലെയുള്ള മറ്റൊരു ഗ്രാമത്തിലെത്തി. ഈ ഗ്രാമം ഭേരയുടെ ഇത്ര സമീപത്തായിട്ടും അവിടെ ഇതു വരെ സന്ദർശിക്കാനുള്ള അവസരമുണ്ടായിട്ടില്ല എന്നത് മൗലവി സഹിബിനെ ആശ്ചര്യപ്പെടുത്തി. മൗലവി സാഹിബ് എത്തിയതറിഞ്ഞ് ഗ്രാമമുഖ്യനടക്കം മറ്റു ചില പ്രമുഖരും മൗലവി സാഹിബിനെ കാണാനെത്തി. ഈ ഗ്രാമത്തിൽ നിന്നുള്ള പലരും ചികിത്സക്കായി മൗലവി സാഹിബിനെ സമീപിക്കാറുണ്ടായിരുന്നു. ആ സ്നേഹ ബഹുമാനാദികൾ കാരണം അവർ മൗലവി സാഹിബിനെ സൽക്കരിക്കുകയും അവിടെ നിന്നു പുറപ്പെടാൻ നേരം ഗ്രാമമുഖ്യനും മറ്റൊരാളും ഓരോ രൂപ വീതം മൗലവി സാഹിബിനു നസ്റാന നൽകുകയും ചെയ്തു. അങ്ങനെ മൗലവി സാഹിബിന്റെ പക്കൽ മൂന്നര രൂപയായി.

അവിടെ നിന്നവർ ലാഹോറിലേയ്ക്കു തീവണ്ടി മാർഗം പോകാനായി അടുത്തുള്ള റെയിൽവേ സ്റ്റേഷനിലേയ്ക്കു പുറപ്പെട്ടു. മൂന്നു രൂപ നൽകി ലാഹോറിലേയ്ക്കു രണ്ടു പേർക്കു മൂന്നാം ക്ലാസ് ടിക്കറ്റെടുത്തു. ലാഹോറിലെത്തി. സ്റ്റേഷനു പുറത്തു വന്ന് കുതിര വണ്ടിക്കാരനോട് അനാർക്കലി റോഡിലുള്ള ശേഖ് റഹീം ബഖ്ശ് സാഹിബിന്റെ ബംഗ്ലാവിലേയ്ക്കു പോകാനുള്ള കൂലി ചോദിച്ചു. ഒരു രൂപയെന്നു അയാൾ ഉത്തരം പറഞ്ഞു. കയ്യിൽ എട്ടണ മാത്രമേയുള്ളുവെന്നു മൗലവി സാഹിബ് പറഞ്ഞപ്പോൾ അതിനയാൾ സമ്മതിച്ചു. ഏതാനും ദിവസം രണ്ടു പേരും ശേഖ് റഹീം ബക്ശ് സാഹിബിനോടൊപ്പം ലാഹോറിൽ താമസിച്ചശേഷം അവിടെനിന്നും ജമ്മുവിലേയ്ക്കു വീണ്ടും യാത്രയായി. റഹീം ബക്ശ് സാഹിബ് തന്റെ കാറിൽ അവരെ ലാഹോർ സ്റ്റേഷനിലെത്തിച്ചു.

തീവണ്ടിയുടെ പ്രതീക്ഷയിൽ മൗലവി സാഹിബും ശാഹ്സവാറും പ്ലാറ്റ്പോമിൽ ഇരുന്നു. കയ്യിൽ നയാപൈസയില്ലെങ്കിലും വരാൻ പോകുന്ന വണ്ടിയിൽ തന്നെ തങ്ങൾക്കു പോകാൻ പറ്റുമെന്ന ഉറച്ച വിശ്വാസത്തിലാണു മൗലവി സാഹിബ്. ലാഹോറിൽ നിന്നും വരുന്നതിനു മുമ്പ് ചിലരിൽ നിന്നു സ്നേഹ സമ്മാനമായി കിട്ടിയിരുന്ന മൂന്നര രൂപ യാത്രയ്ക്കായി ചെലവഴിച്ചല്ലോ. ആ കാലത്തു വസീറാബാദ് വരെ മാത്രമേ റെയിൽ ഉണ്ടായിരുന്നുള്ളു. അവിടന്നു ജമ്മുവിലേയ്ക്കു കുതിര വണ്ടിയിൽ യാത്ര ചെയ്യണം. മൗലവി സാഹിബ് നോക്കിയിരിക്കേ ടിക്കറ്റ് കൗണ്ടർ തുറന്നു. ടിക്കറ്റു കൊടു

ത്തു തുടങ്ങി. അൽപം കഴിഞ്ഞ് വണ്ടി എത്താറായതോടെ ടിക്കറ്റ് കൗണ്ടർ അടക്കുകയും ചെയ്തു. അപ്പോഴേക്കും വണ്ടി എത്തി. യാത്രക്കാർ വണ്ടിയിൽ കയറിത്തുടങ്ങി. അവസാനം വണ്ടിയുടെ വാതിലുകൾ അടഞ്ഞു. ഗാർഡ് വിസിലടിച്ചു. സ്റ്റേഷൻ മാസ്റ്റർ കൊടി വീശി. മൗലവി സാഹിബ് എന്തോ പ്രതീക്ഷിക്കുന്നതു പോലെ ഒരിളക്കവുമില്ലാതെ യാത്ര ഈ വണ്ടിയിൽ തന്നെയായിരിക്കുമെന്ന ഉറച്ച ശുഭാപ്തി വിശ്വാസത്തിൽ ഇരിക്കുകയാണു.

അപ്പോൾ നൂറുദ്ദീൻ, നൂറുദ്ദീൻ എന്നു വിളിച്ചു കൊണ്ട് ഒരാൾ ഓടുന്നതു കണ്ടു. അപ്പോഴേക്കും വണ്ടി നീങ്ങിത്തുടങ്ങിയിരുന്നു. പക്ഷേ അൽപം മുന്നോട്ടു പോയ വണ്ടി എന്തോ കാരണത്താൽ നിന്നു. മൗലവി സാഹിബിന്റെ പേരു വിളിച്ചു ഓടിയയാൾ കുറച്ചു ദൂരം പോയശേഷം തിരിച്ചു വന്നു. മൗലവി സാഹിബിനെ കണ്ടപ്പോൾ അയാൾ സ്റ്റേഷൻ മാസ്റ്ററുടെ മുറിയിലേക്കോടി മൂന്നു ടിക്കറ്റുമായി ഒരു പോലീസുകാരനോടൊപ്പം തിരിച്ചു വന്നു. ഒന്നു അയാൾക്കും രണ്ടെണ്ണം മൗലവി സാഹിബിനും. പോലീസുകാരൻ വണ്ടിയുടെ അടഞ്ഞ വാതിൽ തുറന്നു മൂന്നു പേരേയും കയറാൻ സഹായിച്ചു. മൗലവി സാഹിബ് കയറേണ്ട താമസം വണ്ടി വീണ്ടും ഓടിത്തുടങ്ങി. ടിക്കറ്റുമായി വന്നയാൾ രണ്ടു ടിക്കറ്റ് മൗലവി സാഹിബിനു നൽകിക്കൊണ്ട് പറഞ്ഞു എനിക്കു ഒരു മരുന്നു വേണമായിരുന്നു. ഞാൻ ഈ ടിക്കറ്റിന്റെ പണം താങ്കളിൽ നിന്നും വാങ്ങുകയില്ല. മൗലവി സാഹിബ് രോഗലക്ഷണങ്ങളെല്ലാം കേട്ട ശേഷം അയാൾക്കു മരുന്നു കുറിച്ചു കൊടുത്തു. ശേഷം മൗലവി സാഹിബ് ടിക്കറ്റെടുത്തു നോക്കി. ടിക്കറ്റു മൗലവി സാഹിബിനു പോകേണ്ട വസീറാബാദ് വരെയുള്ളതു തന്നെയായിരുന്നു. വസീറാബാദ് എത്തുന്നതിനു മുമ്പ് കൂടെ ടിക്കറ്റുവാങ്ങി വന്നയാൾ ഒരു സ്റ്റേഷനിൽ ഇറങ്ങി.

വസീറാബാദ് എത്തിയ ശേഷം രണ്ടുപേരും സ്റ്റേഷനിൽ നിന്നും പുറത്തിറങ്ങി. ഞാനുടനെ എത്താമെന്നും പറഞ്ഞു ബാഗുമായി ശാഹ്സവാറിനെ മൗലവി സാഹിബ് കുതിരവണ്ടികൾ സാധാരണ നിർത്തിയിടാറുള്ള (കുതിരവണ്ടി സ്റ്റാൻഡ്) സ്ഥലത്തേയ്ക്കയച്ചു. മൗലവി സാഹിബ് അൽപം മുന്നോട്ടു നടന്നതേയുള്ളു ഒരാൾ വന്നു പറഞ്ഞു എന്റെ മാതാവിനു തീരെ സുഖമില്ല. അവരെ പരിശോധിച്ചു വേണ്ട മരുന്നു നൽകിയാൽ വലിയ ഉപകാരമായിരിക്കും. മൗലവി സാഹിബ് പറഞ്ഞു ഇതു പരിശോധനയ്ക്കുള്ള സമയമല്ല. എനിക്കു താമസിയാതെ ജമ്മു എത്താനുണ്ട്. എങ്കിലും വരൂ നിങ്ങളുടെ മാതാവിനെ പരിശോധിക്കാമെന്നു പറഞ്ഞു അയാളോടൊപ്പം നടന്നു. അങ്ങനെ അയാളുടെ വീട്ടിൽ ചെന്നു മാതാവിനെ പരിശോധിച്ചു മരുന്നു എഴുതിക്കൊടുത്ത ശേഷം എഴുന്നേറ്റു പുറപ്പെടാൻ നേരം അയാൾ കുറച്ചു രൂപ മൗലവി സാഹിബിന്റെ കീശയിൽ ഇട്ടു. മൗലവി സാഹിബ് അവിടന്നു കുതിരവണ്ടികൾ നിർത്തിയിടുന്ന സ്ഥലത്തേയ്ക്കു നടക്കുന്നതിനിടയിൽ കീശയിൽ അയാൾ നിക്ഷേപിച്ച രൂപയെടുത്തു എണ്ണി നോക്കി. അതു പത്തു രൂപ ഉണ്ടായിരുന്നു. കുതിരവണ്ടിയുടെ സ്ഥലത്തെത്തിയപ്പോൾ ശാഹ്സവാറും ഒരു കുതിവണ്ടിക്കാരനും തമ്മിൽ വാഗ്വാദം നടത്തുന്നതാണ് കണ്ടത്. ജമ്മു പോകാൻ കുതിരവണ്ടിക്കാരൻ പത്തു രൂപ ആവശ്യപ്പെട്ടപ്പോൾ അതു കൂടുതലാണെന്നും കുറക്കണമെന്നും പറഞ്ഞു കൊണ്ടാണു ശാഹ്സവാർ തർക്കിച്ചത്. മൗലവി സാഹിബിന്റെ കയ്യിൽ ഇപ്പോൾ പത്തു രൂപ വന്നിരിക്കുകയല്ലേ അതു കൊണ്ട് മൗലവി സാഹിബ് പറഞ്ഞു പത്തു രൂപയാണെങ്കിൽ പത്തു രൂപ. തർക്കിക്കേണ്ട എന്നിട്ടു കുതിരവണ്ടിയിൽ കയറിയിരുന്നു. അങ്ങനെ അവർ രണ്ടുപേരും സസുഖം ജമ്മു എത്തി.

സാമ്പത്തിക സഹായം ചോദിച്ചു മൗലവി സാഹിബിന്റെ അടുക്കൽ ആരു വന്നാലും ഇല്ല എന്നു അവരോടു പറയാറില്ല. അവരെ വെറും കയ്യോടെ തിരിച്ചയക്കുക എന്നത് മൗലവി സാഹിബിനു പ്രയാസമുള്ളകാര്യമായിരുന്നു. അദ്ദേഹം ആ സമയം ക്ലിനിക്കിലാണെങ്കിൽ നിങ്ങൾ അൽപം കാത്തിരുന്നോളൂ. അല്ലാഹു നിങ്ങൾക്കു വല്ലതും വിധിച്ചിട്ടുണ്ടെങ്കിൽ അതു നിങ്ങൾക്കു കിട്ടുക തന്നെ ചെയ്യും എന്നവരോടു പറയും. അല്ലാഹുവിൽ അത്ര കണ്ട് തവക്കലായിരുന്നു. ചിലപ്പോൾ ചിലർ മൗലവി സാഹിബിന്റെ പക്കൽ അമാനത്തായി സൂക്ഷിക്കാൻ പണം കൊണ്ടുവരും. മൗലവി സാഹിബ് അതു രജിസ്റ്ററിൽ എഴുതി വയ്ക്കും. അതിനു ശേഷം ആ പണം എന്തു ആവശ്യം വന്നാലും അതിനുപയോഗിക്കും. സഹായം ചോദിച്ചു വരുന്നവർക്കും അതിൽ നിന്നു എടുത്തു കൊടുക്കും. പിന്നീട് അമാനത്തു സൂക്ഷിക്കാൻ വച്ചയാൾ വന്നാൽ അൽപം കാത്തിരിക്കാൻ അയാളോടും പറയും. ഇതു പോലെ പണം വന്നാൽ അയാൾക്കു തിരിച്ചു കൊടുക്കും. അല്ലെങ്കിൽ അയാളോട് ദിവസവും സമയവും പറയും. ആ ദിവസം ആ അമാനത്ത് ഉടമസ്ഥനു തിരിച്ചു നൽകും.

മൗലവി സാഹിബിന്റെ ചികിത്സയിലൂടെ രോഗ ശമനം ലഭിച്ചവർ പലപ്പോഴും നേരിട്ടോ മറ്റുള്ളവർ മുഖേനയോ അതുമല്ലെങ്കിൽ മണി ഓഡർ വഴിയോ മൗലവി സാഹിബിനു പണമയക്കാറുണ്ട്. ഇതൊന്നും തന്നെ മൗലവി സാഹിബിനു മുൻകൂട്ടി അറിയാവുന്ന കാര്യമല്ല. ബാഹ്യമായി ഒരു പ്രതീക്ഷയുമില്ലാത്ത കാര്യങ്ങളാണിതൊക്കെ. സാമ്പത്തിക സഹായമോ കടമോ ചോദിച്ചു വരുന്നവരോടു ചിലപ്പോൾ ഒരാഴ്ചയോ പത്തു

ശേഷം പേജ് 42 ൽ

കുറിപ്പുകൾ

# റഷ്യയുടെ ഉക്രയ്ൻ ആക്രമണം: കാരണവും പ്രത്യാഘാതവും.

മുസാഫിർ

വ്ളാദ്മീർ പുടിന്റെ റഷ്യ 2022 ഫിബ്രവരി 24 പരമാധികാര രാജ്യമായ ഉക്രയ്നെ ആക്രമിച്ചതോടെ ലോകത്തിലെ ശാക്തിക സംന്തുലനത്തെ അത് സാരമായി ബാധിച്ചിരിക്കുകയാണ്. 1945 മുതൽ 1991 വരെ സോവ്യറ്റ് യൂണിയനും അമേരിക്കയും തമ്മിൽ ശീതയുദ്ധത്തിന്റെ കാലമായിരുന്നു. ശാസ്ത്രീയ സോഷ്യലിസ്റ്റ് രാജ്യം എന്ന് അവകാശപ്പെട്ടിരുന്ന സോവ്യറ്റ് റഷ്യ കേവലം 74 വർഷം കഴിഞ്ഞപ്പോൾ 1991 ൽ ചില്ല് കൊട്ടാരം തകരുന്നത്പോലെ പൊട്ടിത്തകർന്നു. സോവ്യറ്റ് യൂണിയൻ ലോകവേദിയിൽ നിന്ന് നിഷ്ക്രമിച്ചതോടെ ശീതയുദ്ധകാലത്തിന്ന് തിരശ്ശീലവീണു. രണ്ടാം ലോകമഹായുദ്ധത്തിന് ശേഷം 1945 മുതൽ അമേരിക്ക നയിക്കുന്ന നാറ്റോ സഖ്യവും റഷ്യയുടെ നേതൃത്വത്തിലുള്ള വാഴ്സാ സഖ്യവും ഇരുചേരിയിലും നിലയുറപ്പിച്ച സംഘർഷാത്മക കാലത്തെയാണ് ശീതയുദ്ധകാലമെന്ന് പറയുന്നത്. സോവ്യറ്റ് യൂണിയന്റെ അഭാവത്തിൽ അമേരിക്കയുടെ പ്രഭാവമുള്ള ഏക ധ്രുവ ലോകമാണ് പിന്നീട് ലോകവേദി വാണത്.

17 ദശലക്ഷം സ്ക്വയർ കിലോമീറ്റർ വലിപ്പമുള്ള റഷ്യകഴിഞ്ഞാൽ യൂറോപ്പിലെ ഏറ്റവും വലിയ രണ്ടാമത്തെ രാജ്യമാണ് ഉക്രയ്ൻ. റഷ്യ ഉക്രയ്ന്റെ 28 ഇരട്ടി വലുതാണ്. ഉക്രയ്ൻ ജനസംഖ്യ 4.41 കോടി മാത്രം. കേരളത്തെക്കാൾ ഒരു കോടി അധികം ജനങ്ങൾ. ഭൂവിസ്തൃതിയാകട്ടെ 603,548 സ്വ.കി.മി കേരളത്തിന്റെ 15 ഇരട്ടി!. പ്രകൃതി വിഭവങ്ങൾകൊണ്ട് അനുഗ്രഹീത മായ ഉക്രയ്ൻ പൂർണ്ണമായും യൂറോപ്പിൽ മാത്രം സ്ഥിതിചെയ്യുന്ന ഒരു സോവ്യറ്റ് റിപ്പബ്ലിക്കായിരുന്നു. 1917 ൽ റഷ്യയിൽ കമ്മ്യൂണിസ്റ്റ് വിപ്ലവം നടക്കുമ്പോൾ ഉക്രയ്നിൽ ആഭ്യന്തരയുദ്ധവും കമ്യൂണിസ്റ്റ് വിപ്ലവവും ഒരുമിച്ചു നടക്കുകയായിരുന്നു. പിന്നീട് 1919 ൽ റഷ്യ ഉക്രയ്ന്റെ നിയന്ത്രണം ഏറ്റെടുത്തു. അനന്തരം 1922 സോവ്യറ്റ് യൂണിയൻ (യു എസ് എസ് ആർ) ഔദ്യോഗികമായി രൂപീകരിക്കപ്പെടുകയും, ഉക്രയ്ൻ 15 റിപ്പബ്ലിക്കുകളിൽ ഒന്നായി കൂട്ടിചേർക്കപ്പെടുകയും ചെയ്തു. 1990-1991 ൽ സോവിയറ്റ് യൂണിയൻ ഇല്ലാതാവുന്ന സന്ദർഭത്തിൽ 1990 ജൂലൈ 16 ന് ഉക്രയ്ൻ പാർലമെന്റ് ഒരു സ്വതന്ത്ര പരമാധികാര രാജ്യമായി പ്രഖ്യാപിച്ചു. സ്വതന്ത്രമായ സോവിയറ്റ് റിപ്പബ്ലിക്കുകളെല്ലാം കൂടി Commonwealth of Independent States (CIS) എന്ന സംഘടനയുണ്ടാക്കി. റഷ്യയടക്കം പഴയ സോവ്യറ്റ് യൂണിയനിലെ 11 പരമാധികാര രാജ്യങ്ങൾ അതിൽ അംഗങ്ങളായിരുന്നു. ബാൾട്ടിക് രാജ്യങ്ങൾ എന്ന് അറിയപ്പെടുന്ന ലിത്വാനിയ, ലാത്വിയ, എസ്തോണിയ എന്നീ രാജ്യങ്ങൾ CIS ൽ ചേർന്നില്ല. ബാൾട്ടിക് രാജ്യങ്ങൾ പിന്നീട് 2004 ൽ നാറ്റോവിൽ അംഗങ്ങളാവുകയാണുണ്ടായത്. 1991 ൽ റഷ്യയും നാറ്റോ മിലിറ്ററി അലയൻസും (NATO Military Alliance) തമ്മിൽ സമാധാനത്തിന് വേണ്ടിയുള്ള പങ്കാളിത്തം (Partnership for Peace) എന്ന പേരിൽ നോർത്ത് അത്ലാറ്റിക്ക് കോർപറേഷൻ കൗൺസിൽ (North Atlantic Cooperation Council) എന്ന പേരിൽ ഒരു രൂപരേഖയുണ്ടാക്കി പ്രവർത്തിക്കുകയും ചെയ്തിരുന്നു. ഭീകരതക്കെതിരായ യുദ്ധം, അഫ്ഘാനിസ്ഥാനെ കീഴടക്കൽ, മയക്കു മരുന്നിനെതിരെയുള്ള പോരാട്ടം, വ്യവസായിക സഹകരണം എന്നീ വിഷയങ്ങളിലായിരുന്നു നാറ്റോ-റഷ്യ സഹകരണം പ്രവർത്തിച്ചത്. മദ്ധ്യപൗരസ്ത്യ ദേശത്തെ മുസ്ലിം രാജ്യങ്ങൾ ആക്രമിച്ചു തകർക്കുകയായിരുന്നു റഷ്യ-നാറ്റോ സഹകരണത്തിന്റെ മുഖ്യ അജണ്ട എന്ന് സൂക്ഷ്മമായി പരിശോധിച്ചാൽ കാണാൻ സാധിക്കും. ഗൾഫ് യുദ്ധം അരങ്ങേറിയത് ഈ കാലഘട്ടത്തിലായിരുന്നു. 2014 പുട്ടിന്റെ റഷ്യ ഉക്രയ്ന്റെ ഭാഗമായിരുന്ന ക്രീമിയ ആക്രമിച്ചു കീഴടക്കി റഷ്യയുമായി കൂട്ടിചേർക്കുകയുണ്ടായി. ഈ അധിനിവേശത്തിന് ശേഷമാണ് റഷ്യ നാറ്റോയുമായി എല്ലാ സഹകരണവും അവസാനിപ്പിച്ച് തെറ്റിപ്പിരിഞ്ഞത്. (സത്യദൂതൻ ഏപ്രിൽ 2014 ലക്കം കുറിപ്പ്

വായിക്കുക)

## സംഹാരാത്മകമായ അമേരിക്കയുടെ ഏകധ്രുവ ലോകം

1991 ൽ സോവ്യറ്റ് യൂണിയൻ തകർന്നതിന് ശേഷം, റഷ്യയെ പല കരാറുകളിലൂടെ കൂട്ടാളിയാക്കിക്കൊണ്ടും മൗനസമ്മതത്തോടെയും അമേരിക്കൻ സാമ്രാജ്യത്വം ഏകഛത്രാധിപതിയെ പോലെ അക്രമാസക്തമായി മുന്നോട്ടു കുതിക്കുകയായിരുന്നു. അതിലധികവും ഇസ്റയേലിനുവേണ്ടി മദ്ധ്യപൗരസ്ത്യദേശത്തും മുസ്ലിം രാജ്യങ്ങളിലും ചെയ്ത നീതിഹത്യകളും കൂട്ടകുരുതിയും അധിനിവേശങ്ങളുമായിരുന്നു. പിന്നീട് അമേരിക്കൻ നേതൃത്വത്തിൽ അക്രമങ്ങളുടെ പരമ്പരയാണ് ലോകത്ത് അരങ്ങേറിയത്. നാറ്റോ സഖ്യത്തിനൊപ്പം സൗദി അറേബ്യ, ഈജിപ്ത്, യു എ ഇ, ഖത്തർ, സിറിയ, കുവൈത്ത് തുടങ്ങി മുസ്ലിം ദാസ്യരാജ്യങ്ങളടക്കം 34 രാജ്യങ്ങളുടെ രാഷ്ട്ര സഖ്യം ഇറാഖിനെതിരെ നടത്തിയ ആക്രമണം, 1992 മുതൽ 1995 വരെയുള്ള ബോസ്നിയൻ യുദ്ധം, 1994–1995 ഹെയ്തി സായുധ ഇടപെടൽ, 1998–1999 കോസോവാ യുദ്ധം, 2001–2021 അഫ്ഘാനിസ്ഥാൻ അധിനിവേശം, 2002 മുതൽ യമനിലെ സായുധ ഇടപെടൽ, 2003–2011 ലെ ഇറാഖിനെതിരെയുള്ള യുദ്ധം, 2004 പടിഞ്ഞാറൻ പാകിസ്താനിലെ ഭീകര സംഘടനകൾക്കെതിരെയുള്ള ആക്രമണം, 2007 സോമാലീ ആക്രമണം, 2011 ലെ ലിബിയൻ ആക്രണം, 2014 ആഗസ്ത് മുതൽ 2015 ആഗസ്ത് വരെ അമേരിക്കയുടെ നേതൃത്വത്തിലുള്ള കൊയിലീഷ്യൻ സൈനിക സഖ്യത്തിന്റെ ഐ എസ് ഐക്കെതിരെ നടത്തിയ ദുരൂഹമായ ആക്രമണ പരമ്പരകൾ, 2014 മുതൽ ഇന്ന് വരെ സിറിയക്കെതിരെ സായുധ ആക്രമണങ്ങൾ, 2015 മുതൽ ഇന്ന്വരെ യമനിലെ ആക്രമണം, 2015 മുതൽ ഇന്ന് വരെ ലിബിയയിലെ ആക്രമണം. പലസ്തീനികൾക്കെതിരെ ഇസ്റയേൽ നടത്തിക്കൊണ്ടിരിക്കുന്ന ആക്രമണങ്ങൾ. ഇങ്ങനെ അമേരിക്കൻ ആഭിമുഖ്യത്തിലുള്ള ഏകധ്രുവലോകം അനീതിപരവും അക്രമാസക്തവും അപ്രതിരോധ്യവുമായ സംഹാര പദ്ധതികളുമായി മുന്നേറി കൊണ്ടിരുക്കുമ്പോഴായിരുന്നു പൊടുന്നനെ റഷ്യയുടെ ഉക്രയ്ൻ ആക്രമണം. 1991 ൽ ശിഥിലീകരണത്തിന് ശേഷം ഉയിർത്തെഴുന്നേറ്റ റഷ്യയുടെ ഉക്രയ്നിലേക്കുള്ള ഈ അധിനിവേശത്തിന്റെ അടിയന്തിര കാരണങ്ങൾ ഇനിയും പൂർണ്ണമായി അനാഛാദനം ചെയ്യപ്പെട്ടിട്ടില്ല. പക്ഷേ യൂറോപ്പിൽ വെച്ചുള്ള ഈ യുദ്ധ നാടകങ്ങൾ ലോക രാഷ്ടീയത്തിന്റെ ശാക്തിക ബലതന്ത്രങ്ങളിൽ പ്രത്യാഘാതങ്ങളും പുനക്രമീകരണങ്ങളും ഉണ്ടാക്കും എന്ന കാര്യത്തിൽ സംശയമില്ല. ഭാവിയിൽ രാജ്യങ്ങൾക്കിടയിൽ അവിശ്വാസവും സായുധ കിടമത്സരങ്ങളും അത് സൃഷ്ടിക്കും.

## ഉക്രയ്ൻ ആക്രമണവും ശാക്തിക സംന്തുലനവും

ഉക്രയ്ൻ ആക്രമിക്കാനുള്ള കാരണമായി പുട്ടിൻ പറയുന്നത് ആ രാജ്യം നാറ്റോ സഖ്യത്തിൽ അംഗമാകാൻ ശ്രമിക്കുന്നു എന്നാണ്. 1949 ൽ 12 അംഗരാജ്യങ്ങളുമായി ആരംഭിച്ച നാറ്റോവിൽ (നോർത്ത് അത്ലാറ്റിക് ട്രീറ്റി ഓർഗനൈസേഷൻ) ഇന്ന് 27 യൂറോപ്യൻ രാജ്യങ്ങളും രണ്ട് വടക്കേ അമേരിക്കൻ രാജ്യങ്ങളും ഒരു യൂറേഷ്യൻ രാജ്യവുമടക്കം 30 രാജ്യങ്ങൾ അംഗങ്ങളാണ്. രണ്ടാം ലോക മഹായുദ്ധത്തിൽ തകർന്നടിഞ്ഞ യൂറോപ്യൻ രാജ്യങ്ങളിലേക്ക് കമ്മ്യൂണിസ്റ്റ് റഷ്യ കടന്നു കയറാതിരിക്കാനാണ് നാറ്റോ രൂപവത്ക്കരണത്തിന്റെ ലക്ഷ്യമായി പറഞ്ഞത്. ആ കമ്മ്യൂണിസ്റ്റ് റഷ്യ തന്നെ 1991 ൽ ഇല്ലാതായപ്പോൾ പിന്നെ നാറ്റോക്ക് എന്ത് പ്രസക്തി എന്നാണ് റഷ്യയുടെ ചോദ്യം. ഇപ്പോൾ അത് പഴയ സോവ്യറ്റ് യൂണിയനിലെ ബാൾട്ടിക്ക് രാജ്യങ്ങളെ കൂടി ചേർത്ത് 30 അംഗങ്ങളായി വിപുലീകരിച്ചു. റഷ്യൻ തലസ്ഥനമായ മോസ്കോവിൽ നിന്നും 490 കിലോമീറ്റർ അകലെയുള്ള അതിർത്തി രാജ്യമായ ഉക്രയ്നെയും നാറ്റോ അംഗമാക്കാൻ ശ്രമിക്കുന്നു എന്ന പുട്ടിന്റെ ആശങ്ക അസ്ഥാനത്തല്ല. മാത്രമല്ല റഷ്യക്ക് ചുറ്റുമുള്ള നാറ്റോ രാജ്യങ്ങളിൽ അമേരിക്ക ന്യൂക്ലിയർ ആയുധങ്ങൾ വിന്യസിക്കുകയും ചെയ്തിരിക്കുന്നു. ഉക്രയ്ൻ ആക്രമണത്തോടെ റഷ്യ ഈ ശാക്തിക ബലാബലം വീണ്ടെടുക്കുകയോ മേൽകൈ നേടുകയോ ചെയ്തിരിക്കുന്നു എന്നാണ് വിലയിരുത്തൽ.

## ഉക്രയ്നിലെ നാസീ സാന്നിദ്ധ്യവും ആന്റി സെമിറ്റിക് പ്രവണതയും

മറ്റൊരു ദുരൂഹമായ വസ്തുത ഈ രാഷ്ട്രീയ കോളിളക്കങ്ങളിലെല്ലാം ഏറ്റവും ശക്തമായ ന്യൂക്ലിയർ രാജ്യങ്ങളിലൊന്നായ ഇസ്റയേലിന്റെ അദൃശ്യസാന്നിദ്ധ്യമാണ്. വംശീയമായ ഒരു അടിയൊഴുക്കും ഈ യുദ്ധപശ്ചാത്തലത്തിൽ കാണാവുന്നതാണ്. ഉക്രയ്ൻ പ്രസിണ്ടന്റ് വൊളാദ്മിർ സെലൻസ്കി ഒരു യഹൂദനാണ്. പുടിൻ ഉക്രയ്ൻ അക്രമണത്തിന് മുന്നോടിയായി ചെയ്ത പ്രസ്താവനയിൽ ഉക്രയ്ൻ ആക്രമണത്തിന്റെ ഉദ്ദേശം ഉക്രയ്ന്റെ നാസീ മോചനവും സൈനികമായ നിർവീര്യമാക്കലുമാണെന്നായിരുന്നു. (Demilitarisation and Denazification). യഹൂദനായ സെലൻസ്കി ഭരണത്തലവനായ ഉക്രയ്ൻ നാസികളുടെ പിടിയിലാണെന്ന് പുടിൻ പറഞ്ഞതിന്റെ അർത്ഥവും പൊരുളുമെന്താണ്?

ഉക്രയ്നിൽ ഫാസിസ്റ്റുകളുടെ എല്ലാ ചേരുവകളും ഒത്തിണങ്ങിയ ഒരു സംഘടനയാണ് അസോവ് ബറ്റാലിയൻ (Azov Battalion). അസോവ് ഡിറ്റാച്ച്മെന്റ് (Azov De-



അസോവ് ബറ്റാലിയൻ (Azov Battalion)

tachment) എന്ന പേരിലും അവർ അറിയപ്പെടുന്നു. ഇവർ കേഡർ സ്വഭാവവും അതിശക്തമായ സംഘടനാ സംവിധാനവുമുള്ള തീവ്രവലതുപക്ഷ ഉപസൈനിക (Paramilitary) പ്രസ്ഥാനമാണിത്. യൂറോപ്പിലുടനീളം നാമ്പിട്ടിട്ടുള്ള നിയോ നാസി പ്രസ്ഥാനത്തിന്റെ സജീവമായ ഉക്രയ്ൻ പതിപ്പാണ് അസോവ് പ്രസ്ഥാനം. അസോവ് എന്നത് ഉക്രയ്നും റഷ്യയുമായി അതിർത്തി പങ്കിടുന്ന കരിങ്കടലിന്റെ ഒരു ഭാഗമാണ്. റഷ്യാ വിരുദ്ധതയും ആന്റി സെമിറ്റിസം അഥവാ യഹൂദ വിരോധവുമാണ് അസോവുകളുടെ മുഖമുദ്ര. നാസി ചിഹ്നങ്ങളും പ്രതീകങ്ങളും അവർ ഉപയോഗിക്കുന്നു. 2014 ൽ ഉക്രയ്ന്റെ ഭാഗമായിരുന്ന ക്രൈമിയയെ റഷ്യ സൈനിക അധിനിവേശം നടത്തി ലയിപ്പിക്കുകയുണ്ടായി. റഷ്യൻ അനുകൂലികളുടെ സഹായത്താൽ യാതൊരു പ്രതിരോധവുമില്ലാതെ അനായാസമാണ് അത് റഷ്യ നിർവ്വഹിച്ചത്. റഷ്യക്കെതിരെയുള്ള ഉക്രയ്ൻ പ്രതിരോധത്തിന്റെ ദൗർബല്യം അതോടെ വ്യക്തമായി. കഠിനമായ റഷ്യൻ വിരോധം വെച്ചു പുലർത്തിയിരുന്ന അസോവ് ബറ്റാലിയനെ ഈ പശ്ചാത്തലത്തിൽ ഉക്രയ്ൻ ദേശീയ ഭരണകൂടം 2014 നവംബറിൽ നാഷനൽ ഗാർഡിലേക്ക് ചേർക്കുകയുണ്ടായി. അതോടെ അസോവ് ബറ്റാലിയൻ ഉക്രയ്ൻ സൈന്യത്തിന്റെയും പോലീസിന്റെയും ഭാഗമായി. യഹൂദ വിരോധവും നാസി പശ്ചാത്തലവുമുള്ള അസോവ് ബറ്റാലിയന് 2015 ൽ യഹൂദരുടെ ഉറ്റമിത്രമായ ട്രംമ്പിന്റെ കാലത്ത് സൈനിക പരിശീലനവും സാമ്പത്തിക സഹായവും അമേരിക്ക നിർത്തിവെച്ചു. എങ്കിലും അവർ അമേരിക്കൻ ആയുധങ്ങളുമായി പരിശീലനം നടത്തുന്ന വീഡിയോകളുമുണ്ട്. അമേരിക്കൻ നിരോധനത്തിന് ശേഷം 2016 ൽ അസോവ് ബറ്റാലിയന്റെ സ്ഥാപകനേതാവ് ആന്ദ്രേയ് ബിലറ്റ്സ്കി (Andriy Biletsky) **നാഷനൽ കോർപ്സ് പാർട്ടി** എന്ന തീവ്രദേശീയ പാർട്ടി രൂപീകരിക്കുകയുണ്ടായി. നാസി മാതൃകയിൽ മിലിട്ടറി യൂണിഫോമിലാണ് ഈ പാർട്ടിയംഗങ്ങൾ പ്രത്യക്ഷപ്പെടുക. അദ്ദേഹം 2014 മുതൽ 2019 വരെ ഉക്രയ്ൻ പാർലമെന്റിൽ ഉണ്ടായിരുന്ന ആളാണ്. 'സെമിറ്റിക്കുകാർ നയിക്കുന്ന താഴ്ന്ന മനുഷ്യരുടെ ലോകത്തിന് പകരം ഒരു അന്തിമ കുരിശുയുദ്ധത്തിലൂടെ വെള്ള വംശജർ നയിക്കുന്ന ലോകമാണ് ഉക്രയ്ന്റെ ദൗത്യം' എന്ന് ബിലറ്റ്സ്കി പാർലമെന്റിൽ നടത്തിയ വംശീയ പ്രഖ്യാപനം കുപ്രസിദ്ധമാണ്. ആളുകളെ തട്ടികൊണ്ടു പോകുക, പീഢിപ്പിക്കുക, വധിക്കുക മുതലായ നിഗൂഢമായ പല ക്രിമിനൽ കുറ്റങ്ങളും മനുഷ്യാവകാശ ധ്വംസനങ്ങളും അവർ പല നാളുകളായി നടത്തിക്കൊണ്ടിരിക്കുന്നു. പ്രത്യക്ഷത്തിൽ നാസി പാരമ്പര്യം നിഷേധിക്കുന്ന അസോവുകൾ ആന്റി സെമിറ്റിസം, യഹൂദ വിരോധം വിദേശികളോടുള്ള വെറി, വെള്ളവംശീയത, മൊട്ടത്തല (Skinheads), അതിതീവ്ര ദേശീയത, ഫെമിനിസ്റ്റുകൾക്കെതിരെയും ലൈംഗിക ന്യൂനപക്ഷങ്ങൾക്കെതിരെയുമുള്ള ആക്രമണങ്ങൾ, പഴയ നാസീ ബന്ധമുള്ളവരുടെ പ്രതിമകൾ സ്ഥാപിക്കൽ എന്നീ അടയാളങ്ങളിലൂടെയും ശൈലികളിലൂടെയും അവരിൽ നാസീ മുദ്രകൾ പ്രകടമാണ്. ഇത്തരത്തിലുള്ള തീവ്ര വലത്പക്ഷ ഗ്രൂപ്പുകൾ ഒന്നിച്ച് 2019 ലെ ഉക്രയ്ൻ തിരഞ്ഞെടുപ്പിൽ മത്സരിച്ചുവെങ്കിലും സീറ്റുകളൊന്നും ലഭിച്ചില്ല മൊത്തം വോട്ടിന്റെ 2.15 ശതമാനം ലഭിച്ചു. മുഖ്യധാരയിൽ വലിയ സ്വീകാര്യതയും കിട്ടി. ഈ സംഘടന യൂറോപ്പിലെ Islamic State (IS) ആണെന്നാണ് പലരും വിലയിരുത്തുന്നത്. കടുത്ത റഷ്യൻ വിരോധവും യഹൂദ വിരോധവുമുള്ള നിയോ നാസികളായ അസോവുകൾക്ക് ഉക്രയ്ൻ സൈന്യത്തിൽ മേൽകൈ കിട്ടിയേക്കുമോ എന്ന ഭീതിയാണ് റഷ്യൻ ആക്രമണത്തിനും അതുപോലെ ഇസ്റയേലീ പിന്തുണക്കും കാരണമായതെന്ന് വിലയിരുത്തപ്പെടുന്നു.

യുക്രയ്നിൽ ആയിരം വർഷത്തോളമായി യഹൂദരുടെ സാന്നിദ്ധ്യമുണ്ട്. അതുപോലെ യഹൂദ പീഢനത്തിന്റെ ഭീകരമായ ഒരു ചരിത്ര പാരമ്പര്യവുമുള്ള രാജ്യമാണ് ഉക്രയ്ൻ. ആ ജനത ആന്റി സെമിറ്റിക്ക് പ്രവണതയുള്ളവരാണെന്ന് പറയപ്പെടുന്നു. അവിടെ 2.7 ദശലക്ഷം ജൂതന്മാർ ഉണ്ടായിരുന്നു. യഹൂദികൾക്കെതിരെ ആന്റിസെമിറ്റിസം, പോഗ്രാം എന്നീ പീഢനങ്ങൾ നൂറ്റാണ്ടുകളായി റഷ്യയിലും ഉക്രയ്നിലുമായി നടന്നുവരുന്നു. റഷ്യൻ വിപ്ലവത്തിന് ശേഷമുള്ള സോവ്യറ്റ് യൂണിയനിലാണ് അതിന് അൽപ്പം ശമനമുണ്ടായത്. 1948ൽ ഇസ്റ

യേൽ രൂപീകരിച്ചപ്പോൾ ഏറ്റവും കൂടുതൽ യഹൂദർ വന്നത് അന്നത്തെ സോവ്യറ്റ് യൂണിയനിൽ നിന്നും പോളണ്ടിൽ നിന്നുമാണ്.

രണ്ടാം ലോകമഹായുദ്ധകാലത്ത് 1941 ജൂലൈയിൽ ജർമൻ സൈന്യം അന്നത്തെ സോവ്യറ്റ് ഉക്രയ്നിൽ ആക്രമിച്ച് പ്രവേശിച്ചപ്പോൾ 'Heil Hitler' എന്ന ബാനറുകൾ ഉയർത്തി ഹിറ്റ്ലറെ സ്വാഗതം ചെയ്തവരാണ് ഉക്രയ്ൻകാർ. നാസികളുടെ ജൂതവിരോധം കൊടുമ്പിരികൊണ്ടതിന് സാക്ഷ്യം വഹിച്ച നാടാണ് ഉക്രയ്ൻ. കീവ് നഗരത്തിന് വടക്കെയറ്റത്ത് ഒരു മലയിടുക്കുണ്ട്. ബാബി യാർ (Babi Yar) എന്ന കുപ്രസിദ്ധമായ ഈ മലയിടുക്കിലാണ് നാസികൾ തദ്ദേശീയരുടെ സഹായത്തോടെ ഉക്രയ്ൻ (റഷ്യ) യഹൂദരെ കൂട്ടക്കൊല നടത്തി കുഴിച്ചുമൂടിയത്. സോവ്യറ്റ് യൂണിയന്റെ കണക്ക് പ്രകാരം യഹൂദികളടക്കം ഒരു ലക്ഷം പേരെ ബാബിയാറിൽ കൊന്നൊടുക്കിയിട്ടുണ്ട്. ഇന്ന് ഉക്രയ്നിൽ 56,000 മുതൽ 1,40,000 വരെ യഹൂദരുണ്ട്. അവർ തങ്ങളുടെ പൂർവ്വ പിതാക്കൾക്ക് സ്വപ്നം കാണാൻ കഴിയാത്ത സ്വാതന്ത്ര്യമാണ് അനുഭവിക്കുന്നത്. ഇന്ന് അവരുടെ പ്രസിഡന്റ് വ്ളോദ്മിർ സെലൻസ്കി ഒരു ജൂതനാണ്. എങ്കിലും എപ്പോൾ വേണമെങ്കിലും ആളിക്കത്താൻ പാകത്തിൽ നാസി ഭീഷണിയുടെ ധാരാളം ഘടകങ്ങൾ കനലായി യൂറോപ്പിൽ ഉള്ളത് പോലെ ഉക്രയ്നിലും സജീവമായുണ്ട്. അവിടുത്തെ അസോവുകളിൽ യഹൂദ വിരോധവും റഷ്യാ വിരോധവും പ്രകടമാണ്. മാത്രമല്ല യൂറോപ്യൻ-നാറ്റോ ആഭിമുഖ്യമുള്ളവരുമാണ്. പുട്ടിൻ പറഞ്ഞ ഉക്രയ്നിലെ നാസി പശ്ചാത്തലം ഇത് തന്നെയായിരിക്കണം.

## ഉക്രയ്ൻ അധിനിവേശവും ഇസ്റയേൽ നയവും

മറ്റൊരു ശ്രദ്ധേയമായ കാര്യം ഐക്യരാഷ്ട്ര സഭയുടെ രക്ഷാസമിതിയിൽ അമേരിക്കയും പഴയ കമ്മ്യൂണിസ്റ്റ് രാജ്യമായ അൽബേനിയയുമാണ് റഷ്യയുടെ ഉക്രയ്ൻ ആക്രമണത്തിനെതിരെ സുരക്ഷാ കൗൺസിലിൽ പ്രമേയം കൊണ്ട് വന്നത്. സ്വാഭാവികമായും റഷ്യ അതിനെ വീറ്റോ ചെയ്തു. ഇന്ത്യയും യു എ ഇ യും ചൈനയും വിട്ടുനിന്നു. 15 അംഗസുരക്ഷാ സമിതിയിൽ 11 വോട്ട് അമേരിക്കക്ക് അനുകൂലമായിരുന്നു. അത്ഭുതകമായ കാര്യം ജനറൽ അസംബ്ലിയിൽ ഇസ്റയേൽ അമേരിക്കൻ പ്രമേയത്തെ അനുകൂലിച്ചില്ല എന്നതാണ്. പകരം റഷ്യയുടെ അധിനിവേശത്തെ പരോക്ഷമായി പിന്തുണക്കുകയാണ് ചെയ്തത്. പലസ്തീനിൽ അവർ എല്ലാ നിയമ ലംഘനങ്ങളും അധിനിവേശങ്ങളും ആക്രമണവും നടത്തുമ്പോഴും അമേരിക്കയാണ് ഇസ്റയേലിനെ വീറ്റോ ചെയ്ത് സംരക്ഷിച്ചുപോന്നത്. അങ്ങനെയുള്ള ഇസ്റയേൽ, അമേരിക്കയുടെ റഷ്യൻ വിരുദ്ധ പ്രമേയത്തെ പിന്തുണക്കാതിരുന്നത് ശ്രദ്ധേയമാണ്. അമേരിക്കയുടെ മടിത്തട്ടിൽ വളർന്നുകൊണ്ടിരിക്കെ ഇസ്റയേൽ റഷ്യൻ ബന്ധം ശക്ത്മാണ്. ധനികരായ അനേകം യഹൂദർ റഷ്യയിൽ മൂലധനം മുടക്കിയ പുടിന്റെ ഇഷ്ടപാത്രങ്ങളാണ്. മാത്രമല്ല ഉക്രയ്ൻ യുദ്ധം തുടങ്ങിയതിന് ശേഷം 12,000 യഹൂദർ ഇസ്റയേലിലേക്ക് അഭയാർത്ഥികളായി പോകുകയുണ്ടായി. അവരെ അധിനിവിഷ്ട ഫലസ്തീൻ ഭൂമിയിൽ ഇസ്റയേൽ നിർമ്മിച്ചുകൊണ്ടിരിക്കുന്ന പാർപ്പിടങ്ങളിലാണ് കുടിയിരുത്തുന്നത്. ഉക്രെയ്ൻ പ്രസിഡന്റ് സെലൻസ്കി റഷ്യയുമായി സമാധാന ചർച്ചകൾ നടത്താൻ ഇസ്റയേൽ പ്രധാന മന്ത്രി നെഫ്താലീ ബെന്നറ്റിനെ ഫോണിൽ വിളിച്ചത്. തങ്ങളെ രക്ഷിക്കാൻ വരാത്തതിനെ രൂക്ഷമായി വിമർശിച്ച് കോമേഡിയൻ താരവും നടനുമൊക്കയായ സെലൻസ്കി ഇസ്റയേലിനെ സമാധാന ചർച്ചകൾക്ക് റഷ്യയുമായി മാദ്ധ്യസ്ഥം വഹിക്കാൻ ക്ഷണിക്കുന്നതാണ് പിന്നീട് കണ്ടത്. ഇസ്റയേലുമായി സംഘർഷത്തിൽ കഴിയുന്ന സിറിയയെ റഷ്യയാണ് പിന്തുണക്കുന്നത് അമേരിക്കൻ പ്രമേയത്തെ പിന്തുണച്ച് റഷ്യയെ പിണക്കിയാൽ അതിന്റെ ഭവിഷ്യത്ത് ഇസ്റയേൽ മദ്ധ്യ പൗരസ്ത്യ ദേശത്ത് അനുഭവിക്കേണ്ടിവരും. മാത്രമല്ല ഉക്രയ്നിലെ നാസി പ്രവണതകളെ ഇല്ലാതാക്കാനുള്ള റഷ്യയുടെ ആക്രമണത്തെ ഇസ്റയേൽ പിന്തുണക്കേണ്ടതുണ്ട്.

ഇസ്റയേലീ പ്രധാനമന്ത്രി നഫ്താലീ ബെന്നറ്റ് 2022 മാർച്ച് 5 ന് ശനിയാഴ്ച്ചയാണ് മോസ്കോവിലേക്ക് യാത്ര തിരിച്ചത്. ശനിയാഴ്ച്ച ശബത്ത് ദിനത്തിൽ യാത്ര പാടില്ല എന്ന നിഷ്ക്കർശയുള്ള യാഥാസ്ഥിതിക ജൂതനാണ് ബെന്നറ്റ്. പക്ഷേ വിഷയത്തിന്റെ



ഇസ്റയേലീ പ്രധാനമന്ത്രി നഫ്താലീ ബെന്നറ്റും റഷ്യൻ പ്രസിഡന്റ് വ്ളാദ്മീർ പുടിനും

പ്രാധാന്യം കണക്കിലെടുത്ത് റബ്ബിമാരുടെ ആശീർവാദത്തോടെ യായിരുന്നു യാത്ര. ഉക്രയ്നിൽ നിന്നുള്ള ജൂത അഭയാർത്ഥികളെ സ്വീകരിക്കാൻ ഇസ്റയേൽ സന്നദ്ധ മാണെന്ന് നഫ്താലീ ബെന്നറ്റ് പുട്ടിനുമായി ക്രംലിനിൽ നടന്ന കൂടിക്കാഴ്ച്ചയിൽ അറിയിക്കുകയു ണ്ടായി. മൂന്ന് മണിക്കൂർ കൂടി ക്കാഴ്ച്ചയുടെ വിവരങ്ങൾ രഹസ്യ മാണ്. ഈ കൂടിക്കാഴ്ച്ചക്ക് അമേരി ക്കയുടെ സമ്മതമുണ്ട് എന്നും ഒരു ഇസ്റയേലി ഉന്നത ഉദ്യോഗസ്ഥൻ പറഞ്ഞതായി വാർത്തകളിൽ കാണുന്നു. ഇസ്റയേലീ വിദേശ കാര്യ മന്ത്രി യേർ ലാപിഡ് മോസ്കോ യാത്രക്ക് മുമ്പായി അമേരിക്കൻ സ്റ്റേറ്റ് സെക്രട്ടറി ടോണി ബ്ലിങ്കനുമായി സംസാരിച്ചി രുന്നു. ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനു വൽ മക്രോണുമായും ജർമ്മൻ ചാൻസലർ ഒലാഫ് ഷോൾസു മായും ബെന്നറ്റ് ഫോണിൽ അതിന് ശേഷം ചർച്ചനടത്തി. എന്തായാലും ഇസ്റയേലീ പ്രധാനമന്ത്രി നഫ്താ ലീ ബെന്നറ്റിന്റെ പുടിനുമായുള്ള കൂടിക്കാഴ്ചക്ക് ശേഷം യുദ്ധത്തിന് പെട്ടെന്ന് ഒരു മന്ദഗതിയുണ്ടായി രിക്കുന്നു.

നാം പ്രത്യക്ഷത്തിൽ മീഡിയാ യിൽ കാണുകയും കേൾക്കുന്നതു മായിരിക്കില്ല യഥാർത്ഥത്തിൽ സംഭവിക്കുന്നത്. കാപട്യത്തിന്റെ അസത്യങ്ങളുടെയും മൂടുപടമണി ഞ്ഞ് പിൻവാതിൽ നയതന്ത്രങ്ങളി ലൂടെ തീരുമാനിക്കപ്പെടുന്ന കാര്യ ങ്ങൾ ലോകം അധികം അറിയണമെ ന്നില്ല. താൽപര്യങ്ങളുടെ ആഗോള ശക്തികളാണ് യഥാർത്ഥ കരുക്കൾ നീക്കുന്നത്. അതുകൊണ്ടാണ് ഇതിലെല്ലാം വൈരുദ്ധ്യങ്ങളുടെ അടിയൊഴുക്കുകൾ നാം കാണുന്ന ത്. ഏതായാലും ന്യൂക്ലിയർ ശക്തി കളായ രാജ്യങ്ങൾ നടത്തുന്ന അധിനിവേശങ്ങളും ആക്രമങ്ങളും ആഗോളയുദ്ധത്തിലേക്ക് നയിക്കു ന്ന അതിസാഹസികതകളാണ്.

തമിഴ് വംശജനായ സിങ്കപ്പൂർ വിദേശകാര്യമന്ത്രി വിവിയൻ ബാല കൃഷ്ണൻ പറഞ്ഞത് ബർലിൻ ഭിത്തി തകർന്നതിനേക്കാൾ വലിയ സംഭവമാണ് ഉക്രയ്ൻ അധിനി വേശം എന്നാണ്. അതായത് ബർലി ൻ ഭിത്തിയുടെ പതനത്തോടെ കമ്മ്യൂണിസ്റ്റ് ആശയം സ്വീകരിച്ച റഷ്യയുടെ പതനം ഉറപ്പായെങ്കിൽ ഉക്രയ്നിൽ യുദ്ധത്തോടെ റഷ്യ ലോക വേദിയിലേക്ക് വലിയൊരു കളിക്കാരനായി വീണ്ടും തിരിച്ചു വന്നിരിക്കുന്നു എന്ന് അദ്ദേഹം സൂചിപ്പിക്കുകയായിരുന്നു. മറ്റൊരു വൻ ശക്തിയായ ചൈനയും ഈ പ്രശ്നത്തിൽ റഷ്യക്കൊപ്പമുണ്ട്.

ചുറ്റുമുള്ള രാജ്യങ്ങളെ കൂട്ടാളി യാക്കി നാറ്റോ റഷ്യയുടെ സുരക്ഷ അപകടപ്പെടുത്തുന്നു എന്ന് പറ ഞ്ഞാണ് യൂറോപ്പിനോടും നാറ്റോ യോടും ആഭിമുഖ്യം കാട്ടുന്ന ഉക്രയ്നെ റഷ്യ ആക്രമിച്ചത്. എന്തായാലും ഒരു പരമാധികാര രാജ്യത്തെ കയറി അക്രമിച്ചു കീഴടക്കുക എന്നത് തെറ്റാണ്. ശക്തമായ ഒരു നീതിനിർവ്വഹണ വ്യവസ്ഥ ഇല്ലാത്ത അന്തർദേശീയ ലോകത്ത് കൈയ്യൂക്കിന്റെ കാട്ടുനീ തിയാണ് നടപ്പിലാവുക എന്നത് ഒരു യാഥാർത്ഥ്യമാണ്. അനീതിയുടെ യും കരാർ ലംഘനങ്ങളുടെയും ആക്രമങ്ങളുടെയും തുടർനാടക ങ്ങളും നിഗൂഢമായ ദുഷ്ടലക്ഷ്യ ങ്ങളോടെ പ്രവർത്തിക്കുന്നവരുടെ ശക്തിപ്രകടനങ്ങളുമാണ് നാം കണ്ടു കൊണ്ടിരിക്കുന്നത്. ലോക ത്ത് ശാക്തിക സന്തുലനം സ്ഥാപിതമാവണമെങ്കിൽ തുല്യ ശക്തികളുടെ ബലാബലം ആവശ്യ മാണ്. മാത്രമല്ല രാഷ്ട്രീയ ഏകധ്രു വത്വം ലോകത്ത് കൂടുതൽ അശാ ന്തിയും അക്രമവും വിതക്കുന്ന തായി നാം കിണുന്നു. വിശുദ്ധ ഖുർആനിലെ ഒരു വാക്യം ഈ തത്വം ഇങ്ങനെ പറഞ്ഞിരിക്കുന്നു. **'അല്ലാഹു മനുഷ്യരെ അവരിൽ ചിലരെ മറ്റുചിലരെ കൊണ്ട് തടയുന്നില്ലായിരുന്നെങ്കിൽ ഭൂതലം കുഴപ്പത്തിൽ ആപതിക്കുമായിരു ന്നു.' (അൽബക്കറ: 2:252)** ഉക്രയ്നെ ആക്രമിച്ച് അമേരിക്കയു മായി മുഖാമുഖം നിൽക്കുന്ന റഷ്യയുടെ പടയോട്ടത്തിന് വിരാമമാകട്ടെ. ലോകത്ത് ശാന്തിയും സമാധാനവുമുണ്ടാവട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം.

പേജ് 37 ൽ നിന്ന് തുടർച്ച

ദിവസമോ കഴിഞ്ഞു വരാൻ പറയും. തന്റെ ആവശ്യങ്ങൾക്കുള്ള പണം അല്ലാഹു അയക്കും എന്നതാ ണു ഹദ്റത്ത് മൗലവി സാഹിബിന്റെ അടിയുറച്ച വിശ്വാസം. അങ്ങനെ വല്ല പണവും വന്നാൽ അതു അപ്പോൾ തന്നെ സഹായം ചോദിച്ചു വന്നിട്ടുള്ളവർക്കു കൊടു ക്കും. അതിനാണു അവരോടു അൽപം കാത്തിരിക്കാൻ പറയുന്ന ത്. അവർ ഒന്നിൽ കൂടുതൽ പേരുണ്ടെങ്കിൽ ആദ്യം വന്നയാൾ ക്കു ആദ്യം കിട്ടുന്ന പണം കൊടുക്കും. പിന്നീട് രണ്ടാമത്തെ യാൾക്കു. അതിനു ശേഷം മൂന്നാമ ത്തെയാൾക്കു. എന്നിട്ടു അവരോടു പറയും ഇതാ സഹോദരാ! എടുത്തോളൂ. ഇതാണ് അല്ലാഹു നിങ്ങൾക്കു വിധിച്ചത്. ഇതു കൊണ്ട് തൃപ്തിപ്പെട്ടോളൂ. ഒരിക്കൽ ഒരാൾ ക്ലിനിക്കിൽ വന്നു. മകളുടെ വിവാ ഹം നടത്താനുണ്ടെന്നും ചില്ലി കാശിനു പോലും വകയില്ലെന്നും സഹായിക്കണമെന്നും അപേക്ഷി ച്ചു. എത്ര കാശ് കിട്ടിയാൽ വിവാഹം നടത്താൻ പറ്റുമെന്നു മൗലവി സാഹിബ് അയാളോടാ രാഞ്ഞു. ഇരുനൂറ്റിയമ്പത് രൂപയെ ങ്കിലും വേണ്ടിവരുമെന്നയാൾ പറഞ്ഞു. രോഗികളെ പരിശോധി ക്കുകയായിരുന്ന മൗലവി സാഹിബ് അയാളോട് അൽപം മാറിയിരിക്കാ ൻ പറഞ്ഞു. സുഹർ നമസ്ക്കാര ത്തിനുള്ള സമയമായപ്പോൾ മൗല വി സാഹിബ് എഴുന്നേറ്റു. അതു വരെ അമാനത്തടക്കം പിരിഞ്ഞു കിട്ടിയ പണമെണ്ണി നോക്കിയപ്പോൾ കൃത്യമായി ഇരുനൂറ്റിയമ്പത് രൂപ യുണ്ടായിരുന്നു. അതങ്ങനെ തന്നെ എടുത്ത് ആ പാവം മനുഷ്യനെ ഏൽപിച്ചു. (തുടരും)

കുറിപ്പുകൾ
2

# ഇസ്‌ലാമോഫോബിയക്കെതിരെ യു എൻ പ്രമേയം, ദിനാചരണം

## മുസാഫിർ

ഇസ്‌ലാമോഫോബിയ കഴിഞ്ഞ രണ്ട് മൂന്ന് ദശാബ്ദങ്ങളായി പ്രചാരം സിദ്ധിച്ച ഒരു പദമാണ്. 'ഇസ്‌ലാം ഭീതി' എന്നാണ് ആ പദത്തിന്റെ അർത്ഥം ഇസ്‌ലാമിനോടോ മുസ്‌ലിംകളോടോ കാണിക്കുന്ന മുൻവിധിയും വിവേചനവും സൂചിപ്പിക്കുന്ന ഒരു പുതിയ പദമാണ്. 2001 സെപ്തംബർ 11ന് ശേഷമാണ് ഈ പദം വ്യാപകമായി ഉപയോഗിക്കാൻ തുടങ്ങിയത്. ലോകവ്യാപകമായി പടർന്നു കൊണ്ടിരിക്കുന്ന ഈ പ്രതിലോമകരമായ പ്രതിഭാസത്തിനെതിരെ ഒരു ദിനം ആചരിക്കാൻ ഐക്യരാഷ്ട്രസഭ ജനറൽ അസംബ്ലി 193 അംഗരാജ്യങ്ങളുടെ സമ്മതിയോടെ ഒരു പ്രമേയം പാസ്സാക്കിയിരിക്കുകയാണ്. ശാന്തി എന്ന അർത്ഥം വരുന്ന 'ഇസ്‌ലാം' എന്ന സംജ്ഞാനാമം സ്വന്തം വിളിപ്പേരായി സ്വീകരിച്ച ഒരു മതത്തിനെതിരെ നടക്കുന്ന ദുഷ്പ്രചരണങ്ങളും അതിനുള്ള പരിഹാരവും ലോകവേദി വൈകിയെങ്കിലും തിരിച്ചറിഞ്ഞിരിക്കുന്നു.

ലോകവ്യാപകമായി മുസ്‌ലിം രാജ്യങ്ങളും മുസ്‌ലിം സമൂഹങ്ങളും മുസ്‌ലിം പള്ളികളും മുസ്‌ലിം വ്യക്തികളും മുസ്‌ലിം വേഷങ്ങളും ആക്രമിക്കപ്പെടാൻ ഇസ്‌ലാമോഫോബിയ ഒരു പ്രചോദനമായിത്തീർന്നിരിക്കുന്നു എന്ന് ഐക്യരാഷ്ട്രസഭ കണ്ടെത്തിയിരിക്കുനു. പല സ്ഥലങ്ങളിലും മുസ്‌ലിംകളുടെ തൊഴിലിനും താമസത്തിനും വിദ്യാഭ്യാസത്തിനും ഇസ്‌ലാമോഫോബിയ ഒരു തടസ്സമായി നിൽക്കുന്നു. വാർത്താ മാധ്യമങ്ങൾ പുസ്തകങ്ങൾ, സിനിമകൾ, കാർട്ടൂൺ അടക്കമുള്ള വിവിധ കലാരൂപങ്ങൾ, ഡോക്യുമെന്ററികൾ, വിദ്വേഷ പ്രസംഗങ്ങൾ പ്രകടനങ്ങളിലെ മുദ്രാവാക്യങ്ങൾ തുടങ്ങിയ വിവിധ ഉപാധികളിലൂടെ ഇല്ലാത്ത കഥകൾ ചമച്ചുണ്ടാക്കുകയും ഉള്ളവയെ തന്നെ ഭീതിദത്തമായ രീതിയിൽ പെരുപ്പിച്ചും വക്രീകരിച്ചും അവമതിപ്പുണ്ടാക്കുംവിധം അവതരിപ്പിച്ചുമാണ് ചില നിക്ഷിപ്ത താൽപര്യക്കാർ ജനങ്ങളിൽ ഈ ഫോബിയ സൃഷ്ടിക്കുന്നത്. ഭൗതിക വിഭവങ്ങൾ, ആധിപത്യം, അധികാരം എന്നിവ ആർജ്ജിക്കാനും കുത്സിത മാർഗ്ഗങ്ങളിലൂടെ സ്വമതപ്രചാരണം നടത്താനും ഇസ്‌ലാമോഫോബിയ ഉപയോഗപ്പെടുത്തുന്നുണ്ട്. യുദ്ധങ്ങൾ, അധിനിവേശങ്ങൾ, വർഗ്ഗീയ കലാപങ്ങൾ, കൂട്ടകൊലകൾ, വ്യക്തിഹത്യകൾ തുടങ്ങി പ്രത്യക്ഷമായും പരോക്ഷമായും ഇസ്‌ലാമോഫോബിയ മൂലം ലക്ഷക്കണക്കിന് മുസ്‌ലിംകളുടെ ജീവനും സ്വത്തും ഈ വിദ്വേഷാഗ്നിയിൽ നേരിട്ടും അല്ലാതെയും ലോകത്തിന്റെ പലഭാഗത്തുമായി ഹോമിക്കപെട്ടിട്ടുണ്ട്. നിഷ്ഠൂരമായ ആ കുറ്റകൃത്യങ്ങൾക്ക് വേണ്ട വിധത്തിൽ മാനുഷിക പരിഗണന പോലും ലഭിച്ചിട്ടില്ല.

ഇപ്പോൾ ഐക്യരാഷ്ട്ര സഭ 2022 മാർച്ച് 15 ന് ഇസ്‌ലാം ഭീതിക്കെതിരെയുള്ള അന്തർദേശീയ ദിനം (International Day to Combat Islamophobia) മായി ആചരിക്കാൻ പ്രമേയം പാസാക്കിയിരിക്കുന്നു. 57 അംഗരാജ്യങ്ങളുള്ള ഇസ്‌ലാമിക് ഓർഗനൈസേഷനും (OIC) ചൈനയും റഷ്യയുമടക്കം 8 രാജ്യങ്ങൾ സ്പോൺസർ ചെയ്ത പ്രമേയം പാകിസ്താനാണ് യു എൻ ജനറൽ അസംബ്ലിയിൽ അവതരിപ്പിച്ചത്. 2019 മാർച്ച് 15 ന് ന്യൂസിലാന്റിലെ രണ്ട് മുസ്‌ലിം പള്ളികളിൽ ഇസ്‌ലാമോഫോബിയ ബാധിച്ച ഒരു വെള്ള വംശീയവാദി നടത്തിയ കൂട്ടക്കൊല അരങ്ങേറിയ ദിവസമാണ് ഈ ദിനം ആചരിക്കാൻ തിരഞ്ഞെടുത്തത്.

ഇസ്‌ലാം മതത്തിന്റെ പേരിൽ കൂട്ടക്കൊലകളും ബോംബ് സ്ഫോടനങ്ങളും കലാപങ്ങളും നിരന്തരം നടന്നുവരികയും മതസ്വാതന്ത്ര്യത്തിന് വിരുദ്ധമായ പല ഭീകരനിയമങ്ങളുമുള്ള പാകിസ്താനാണ് ഈ പ്രമേയം ഐക്യരാഷ്ട്ര സഭയിൽ പരിശുദ്ധ ഇസ്‌ലാമിന്റെ പേരിൽ അവതരിപ്പിച്ചത് എന്നത് ഇക്കാര്യത്തിലുള്ള ഒരു ന്യൂനത തന്നെയാണ് എന്ന് പറയാതെ വയ്യ. മുസ്‌ലിംകൾക്കിടയിലെ തീവ്രവാദവും ഭീകരവാദവും മതരാഷ്ട്രവാദവും ഇസ്‌ലാമോഫോബിയ ലോകത്ത് സൃഷ്ടിക്കാൻ വലിയൊരു പങ്ക് വഹിച്ചിട്ടുണ്ട് എന്ന തിരിച്ചറിവും മുസ്‌ലിം സമൂഹത്തിനുണ്ടാവണം. ആത്മപരിശോധനയുടെ സന്ദർഭം കൂടിയാണിത്. മഹാകവി റൂമി പാടിയത് പോലെ 'സഹിഷ്ണുതയുടെ കാതുകൊണ്ട് കേൾക്കാനും കനിവിന്റെ കണ്ണുകൾ കൊണ്ട് കാണാനും സ്നേഹത്തിന്റെ ഭാഷകൊണ്ട് സംസാരിക്കാനും' എല്ലാ മതങ്ങളും സജ്ജരാകണം. അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു:

**'ഒരു ജനത അവരുടെ ഹൃദയത്തിലുള്ളതിന് അവർ സ്വയം മാറ്റം വരുത്തുന്നത് വരെ അവരുടെ സ്ഥിതിക്ക് അല്ലാഹു മാറ്റം വരുത്തുകയില്ല.' (അർറഅദ് 13:12)**

Published on 07.04.2022
Pages 44
Vol: 94 Issue. 04
Price Rs. 30/-
RNI No. 3332/1957, Registered KL/EKM/726/2021-23
Licence No. KL/CR/EKM/WPP-5/2021-23. Licensed to post Without Prepayment
The Sathyadoothan Monthly



# സത്യദൂതൻ

## 97 – ാം വർഷത്തിലേക്ക്

# സത്യദൂതൻ: വരിസംഖ്യ അയക്കാൻ പുതിയ സംവിധാനം

ബഹുമാന്യരെ, 1925 ൽ ആരംഭിച്ച സത്യദൂതൻ ഒരു നൂറ്റാണ്ട് പൂർത്തിയാക്കാൻ ഇനി മൂന്ന് വർഷം മാത്രമാണ് അവശേഷിക്കുന്നത്. മലയാള പൊതുസാഹിത്യ മണ്ഡലത്തിൽ തന്നെ സത്യദൂതനോളം പഴക്കമുള്ള മാസിക അപൂർവ്വമാണ്. സത്യദൂതന് മാത്രം സ്വന്തമായ ചരിത്രപൈതൃകം!! അൽഹംദുലില്ലാഹ്

സത്യദൂതന്റെ പുതുവർഷത്തേക്കുള്ള വരിസംഖ്യയും, കുടിശ്ശികയും വായനക്കാർക്ക് നേരിട്ട് നൽകാൻ ഇപ്പോൾ സാദ്ധ്യമാവും. **QR code** വഴി **G Pay, Phone Pe, Paytm** എന്നീ ആപ്പുകൾ ഉപയോഗിക്കാം. മെസ്സേജിൽ വരിക്കാരുടെ നമ്പറും (Subscription No.) ഫോൺ നമ്പറും എഴുതണം. പണം അയച്ചു കഴിഞ്ഞാൽ അതിന്റെ സ്ക്രീൻ ഷോർട്ട് താഴെ കൊടുത്ത അതേ നമ്പറിൽ തന്നെ വാട്സ് ആപ് ചെയ്യാൻ മറക്കരുത്. ലൈബ്രറികളിലേക്കും വായനാശാലകളിലേക്കും അയക്കാൻ താൽപര്യമുള്ളവർ ഒന്നോ, രണ്ടോ അതിലധികമോ കോപ്പികൾ സ്പോൺസർചെയ്യാനും അഭ്യർത്ഥിക്കുന്നു. രശീതി ഉടൻതന്നെ അയച്ചു തരുന്നതാണ്. പ്രാർത്ഥനയോടെ പൂർണ്ണ സഹകരണം പ്രതീക്ഷിക്കുന്നു.

**Phone No: 9447086862 (G. Pay)**

വാർഷിക വരിസംഖ്യ 300 രൂപ.

മാനേജർ, സത്യദൂതൻ
മസ്ജിദ് ഉമർ, സെന്റ് ബെനഡിക്ട് റോഡ്
എറണാകുളം.

ISLAM INTERNATIONAL PUBLICATIONS

Scan and pay with any BHIM UPI app

G Pay PhonePe Paytm

Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim